No. 241

AUGUST 2013

KERALA PRIVATE

# COLLEGE TEACHER

*a monthly journal of the all kerala private college teachers' association*

**women edition**



Globalization and women- contemporary challenges.
Sudha Sundararaman

**സ്ത്രീപീഡനങ്ങൾ എങ്ങനെ പ്രതിരോധിക്കാം**
കെ.കെ.ശൈലജ

**മാനികിനുകളുടെ ജീവിതം നമ്മുടെയും**
ഇ.പി.രാജഗോപാലൻ

**മുസ്ലീം പെൺകുട്ടി:കട്ട് ഓഫ്– 16**
ഷാജിദ.എസ്

AKPCTA

KERALA PRIVATE
# COLLEGE TEACHER

*a monthly journal of the all kerala private college teachers' association*

No. 241 AUGUST 2013

EDITORIAL BOARD

*Chief Editor*

**Prof. Promod Vellachal**

*Managing Editor*

**Dr. G. S. Suresh**

*Assistant Editor*

Dr. M.S.Vasanthakumar

*Members*

Dr. K. P. Sukumaran Nair

Dr.V.K.Vijayan

Dr. P.S. Geetha Kumari

Prof. R. Mohanakrishnan

Prof. A.G. Oleena

Prof. T.K.Ramakrishnan

Dr. C. Unnikrishnan

Dr. Mathew J. Muttath

Dr. K.Biju kumar

Prof. M.D. Ratheesh kumar

Prof. N. Vipin Chandran

Dr. N.Gopa kumar

Dr. Ajith. G. Krishna

Dr. S. Soju

Prof. N. Sunilkumar

AKPCTA State Committee Office
Mathrubhoomi Road, Vanchiyoor
Thiruvananthapuram-35
Phone: 0471- 2463494
Fax: 0471-2468984
Mobile:09495425219
e-mail:akpctatvm@gmail.com
www.akpcta.org



# 241

inside

**സ്ത്രീപദവിയും ഇന്ത്യൻ വിദ്യാഭ്യാസവും**
ഡോ. വി. ശിവദാസൻ

**പോരാട്ടങ്ങളിലെ നസ്ത്രീ**
പ്രൊഫ.ടി.എ.ഉഷാകുമാരി

**സ്ത്രീനീതി നടപ്പാകണമെങ്കിൽ**
ഡോ.പി.എസ്.ഗീതാകുമാരി

**സംഘബോധവും സംഘടനയിലെ സ്ത്രീ സാന്നിദ്ധ്യവും**
എ.ജി.ഒലീന

**പരസ്യത്തിലെ സ്ത്രീ**
കെ.എസ്.ലത

**മലയാള വനിതാ പ്രസിദ്ധീകരണങ്ങളിലെ സ്ത്രീ ഒരു വിമർശാത്മക സമീപനം**
ഇ. ശ്രീലത

**പെൺകുട്ടികളും കായിക വിദ്യാഭ്യാസവും**
ഡോ.എസ്.ഗീത

**മാൽകൗൻസ്: ഇരുട്ടിൽ പടർന്ന സംഗീതം**
എൻ. രേണുക

**കുഞ്ഞപ്പ പട്ടാന്നൂരിൻെറ സ്ത്രീപക്ഷ കവിതകൾ**
ഡോ.സുമിത നായർ

**കീഴാള സാമൂഹ്യ നവോത്ഥാന പ്രസ്ഥാനങ്ങൾ കേരളീയ പരിസരത്തിൽ**
ഷീജ നരോത്ത്

**ശീലവതിയുടെ സ്വത്വവിചാരങ്ങൾ**
ഡോ.ജെയിംസ് പോൾ

**ദേവദാസികൾ**
ഡോ.എം.എസ്.വസന്തകുമാർ

**മലാല: പ്രതിരോധത്തിൻെറ പെൺവഴികൾ**
ഡോ. അജിത് ജി.കൃഷ്ണ

**Language and Culture**
Vineetha Mohan

**Solar tide and Eclipse of Democracy in Kerala**
Sreekantan Nair

**Women in Entertainment Industry: Their Role as Film makers**
Dr.R.Anitha

*Views expressed by individuals in the journal are their own and need not necessarily be taken as policy of the Association.*

## Chief Editor's Desk





# അവൾക്കുമുണ്ട് ഏറെ പറയുവാൻ....

**1917** ലെ റഷ്യൻ വിപ്ലവത്തിൻെറ സ്ത്രീവിഭാഗം നേതാവായിരുന്ന ഇനേസ അർമാന്ത് (Inessa Armand) ഇങ്ങനെ പറയുകയുണ്ടായി. "If women's liberation is unthinkable without communism, then communism is unthinkable without women's libera*tion*" സോഷ്യലിസവും സ്ത്രീ വിമോചനവും തമ്മിലുള്ള പാരസ്പര്യം ഇവിടെ വളരെ വ്യക്തമാണ്. കാൾമാർക്സും ഏംഗൽസും മുതൽക്ക് ഇങ്ങോട്ടുള്ള രാഷ്ട്രീയ ദാർശനികർ എങ്ങനെയാണ് അധികാരവും ഭരണകൂട നിലപാടുകളും സ്ത്രീ സ്വാതന്ത്ര്യ വാഞ്ജകളെ അടിച്ചമർത്തി സ്ത്രീകളെ വെറും രണ്ടാംതരം പൗരകളാക്കി മാറ്റി തീർക്കുന്നതെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഫ്രഞ്ച് ഫെമിനിസ്റ്റായ സിമോൺ ദ ബെറും സ്ത്രീകൾ എങ്ങനെ ഒരു പാട്രിയാർകിയൽ സമൂഹത്തിൽ സെക്കൻററ് സെക്സ് ആക്കി മാററപ്പെടുന്നുവെന്ന് നിരീക്ഷിക്കുന്നുണ്ട്. വർഗ സമൂഹത്തിൻെറ ആവിർഭാവത്തോടുകൂടി സമൂഹത്തിലും കുടുംബത്തിലും സ്ത്രീ എങ്ങനെ ഒതുക്കപ്പെടുന്നു എന്നതിൻെറ ക്ലാസിക്കൽ വിശദീകരണമാണ് ഏംഗൽസിൻെറ The Orgin of the family, private property and state എന്ന പുസ്തകം. ബൂർഷ്വാ മുതലാളിത്ത വ്യവസ്ഥകൾ സ്ത്രീയെ ഉൽപ്പാദന ഉപകരണമായി മാത്രമാണ് കണ്ടിരുന്നത്. 1917 ലെ റഷ്യൻ വിപ്ലവത്തിൻെറ മുന്നണി പ്പോരാളികൾ കുടുംബത്തെ തന്നെയാണ് അടിച്ചമർത്തലിൻെറ ആദ്യ കേന്ദ്രമായി കണ്ടിരുന്നത്. അതുകൊണ്ടു തന്നെ കുടുംബത്തിനകത്തുള്ള ലിംഗപരമായ തുല്യത സമൂഹത്തിലെ സ്ത്രീ വിമോചന വഴികളിലെ മുന്നൊരുക്കമായി അവർ കണ്ടു. അതുകൊണ്ടാണ് 1920ൽ ട്രോട്സ്കി ഇങ്ങനെ എഴുതിയത്. Inorder to achieve the actual equality of men and women within the family is an arduous problem. All our domestic habits must be revolutionized before that can happend. And it is quite obvious that unless there is actual equality of husband and wife in the family in a normal sense as well as in the condition of life, we cannot speak seriously of their equality in social work or even in politics.

അടിച്ചമർത്തപ്പെടുന്നവരുടെ കൂട്ടം (Tribune of the opressed) സോഷ്യലിസത്തിലേയ്ക്കുള്ള ഐക്യമുന്നണിയാണ്. കാൽപ്പനികമായ സോഷ്യലിസ്ററ് സ്വപ്നങ്ങൾ (Romantic Socialist Dreams) ക്കപ്പുറത്ത് സിദ്ധാന്തവും പ്രയോഗവും സമന്വയിക്കുന്ന പ്രവർത്തന രീതിയെക്കുറിച്ച് ലെനിൻ പറയുന്നത് ഇങ്ങനെയാണ്. Working Class consciousness cannot be genuine political consciousness unless the workers are trained to respond to all cases of tyrrany, oppression , violence and abuse, no matter what class is affected unless they are trained moreover to respond from a social democractic point of view.

ഏകധ്രുവ ലോകത്തിൻെറ അധികാര മസ്തകങ്ങൾ തകർക്കപ്പെടാത്ത കാലംവരെ സോഷ്യലിസ്ററ് ബദൽ പ്രതിരോധങ്ങൾ ശക്തിപ്പെടാത്ത കാലംവരെ, വർണ്ണ വർഗ്ഗ വെറികളും ഭീകരവാദങ്ങളും പീഡനങ്ങളും പെരുകികൊണ്ടിരിക്കും. അതുകൊണ്ടുതന്നെ അക്ഷരങ്ങൾ ആയുധങ്ങളാക്കി വാക്കുകളെ ബോധശരങ്ങളാക്കി തലമുറകളുടെ ആലസ്യങ്ങളെ അഭിസംബോധന ചെയ്യുന്ന അധ്യാപകരുടേയും വിശിഷ്യ അധ്യാപികമാരുടേയും സാമൂഹിക ഉത്തരവാദിത്തങ്ങൾ ചെറുതല്ല There Is No Alternative (TINA) എന്ന് ആഗോളീകരണത്തിൻെറ അപ്പോസ്തലന്മാർ പ്രഖ്യാപിക്കുമ്പോൾ ക്ലാസ് മുറികളുടെ മാഞ്ഞുപോകുന്ന നാല് ചുമരുകൾക്കുള്ളിൽ നിന്നും എല്ലാത്തരം അടിച്ചമർത്തലുകൾക്കെതിരെയും നമ്മൾ നടത്തുന്ന പ്രവർത്തനങ്ങൾ സാമൂഹികവും സാംസ്കാരികവും രാഷ്ട്രീയവുമായ കടമകളാണെന്ന തിരിച്ചറിവാണ് ഏറെ പ്രധാനപ്പെട്ടത്. ചരി

ത്രത്തിൻെറ വീണ്ടെടുപ്പും വർത്തമാനത്തിൻെറ തിരുത്തി എഴുത്തും ഒരു രാഷ്ട്രീയപ്രവർത്തനം തന്നെയാണ്. നാളിതുവരെ ലോകത്തെമ്പാടും പ്രത്യേകിച്ച് ഇന്ത്യയിലും കേരളത്തിലും നടന്ന മർദ്ദിത ജനവിഭാഗങ്ങളുടെ ചരിത്രം അറിയുകയും അതിനെ വർത്തമാന വിമോചന ബോധവുമായി കണ്ണിചേർക്കുകയും ചെയ്യേണ്ടതുണ്ട്. രാഷ്ട്രീയമെന്ന വാക്കിൻെറ അർഥ വ്യാപ്തി അറിയാത്തവരുടെ പരിമിതികൾ തിരിച്ചറിഞ്ഞുകൊണ്ട് ക്യാമ്പസ്സുകളിൽ അറിവിൻെറയും തിരിച്ചറിവിൻെറയും രാഷ്ട്രീയവൽക്കരണം നമ്മൾതന്നെ നടത്തേണ്ടിയിരിക്കുന്നു.

താലിബാൻ തിട്ടൂരങ്ങളെ തൃണവൽഗണിച്ചുകൊണ്ട് പെൺകുട്ടികളുടെ വിദ്യാഭ്യാസത്തിനും ജാതിമത മതിലുകൾ ഇല്ലാത്ത ലോകത്തിൻെറ സ്നേഹത്തെക്കുറിച്ചും വാചാലയായ ഒരു പെൺകുട്ടിയുണ്ട്, മലാല യൂസഫ് സായി. കഴുത്തിലും തലയിലുമേററ വെടിയുണ്ടകളിൽ നിന്നും തലനാരിഴയ്ക്ക് രക്ഷപ്പെട്ട അവൾ ആ ടീനേജുകാരി പെൺകുട്ടി യു. എൻ. സഭയിൽ നടത്തിയ വികാരപരമായ പ്രസംഗം ഉജ്ജ്വലമാണ്. 1893 ൽ വിവേകാനന്ദൻ ചിക്കാഗോവിൽ നടത്തിയ പ്രസംഗത്തിനുശേഷം ലോകം ശ്രദ്ധിച്ച മററൊരു അഭിസംബോധനയായിരുന്നു മലാലയുടെ *സഹോദരി സഹോദരന്മാരെ* എന്ന വാക്കുകൾ. ഹൃദയത്തിൽ തട്ടിപ്പറയുന്ന സ്നേഹപ്പററുകൊണ്ട് വിദ്യാഭ്യാസമെന്നത് സ്നേഹിക്കാനുള്ള പരിശീലനമാണെന്ന് മലാല പറയുന്നു. ഒരു പേനയ്ക്കും പുസ്തകത്തിനും അധ്യാപിക / കനും ഈ ലോകത്തെ മാററുവാൻ കഴിയുമെന്ന ആത്മവിശ്വാസം അതെ, അതുതന്നെയാണ് നമുക്കും വേണ്ടത്. ജീവിക്കുക, പഠിക്കുക, പഠിപ്പിക്കുക, അധിനിവേശത്തെയും അടിച്ചമർത്തലിനേയും പീഡനങ്ങളെയും ചെറുത്ത് പരാജയപ്പെടുത്തുക. ലിംഗനീതിയും പരസ്പര ബഹുമാനവുമുള്ള ഒരു സോഷ്യലിസ്ററ് സാമൂഹിക വ്യവസ്ഥയ്ക്കുവേണ്ടി പൊരുതിക്കൊണ്ടെയിരിക്കുക, ഇതെല്ലാം തന്നെയാണ് നമ്മുടെ വർത്തമാനകാല നിയോഗങ്ങൾ.

വലിയൊരു ശതമാനം അധ്യാപികമാരാണ് എ.കെ.പി.സി.ടി.എയിൽ പ്രവർത്തിക്കുന്നത്. അവരുടെ സ്വത്വാവിഷ്കാരത്തിൻെറ അടയാളപ്പെടുത്തലുകളായി ഈ ലക്കം പുറത്തിറക്കുന്നതിൽ നമ്മൾക്കേവർക്കുമുള്ള ചാരിതാർത്ഥ്യം ഇവിടെ കുറിച്ചുവയ്ക്കാം. പാലസ്തീൻ പെൺ മുറിവുകളുടെ എഴുത്തുകാരി ലൈല അൽ ഉസൈക്ക് പറഞ്ഞതുപോലെ

*എൻെറ ഭാഷയെ സൂര്യഫലങ്ങളുടെ ശബ്ദത്തെ*
*ഹൃദയത്തിൽ തമ്പടിച്ച ലിപികളെ*
*തിരിച്ചറിയുന്ന നിമിഷം വരും*
*ഈ നില്പിന് അസാദ്ധ്യമെന്ന തോന്നിക്കലിന്*
*പ്രതിരോധിക്കാൻ എന്നിൽ നിന്ന് ഒരക്ഷരം പിറക്കും.*

അതെ അവനു മാത്രമല്ല അവൾക്കുമുണ്ട് ഏറെ പറയുവാൻ.

ചീഫ് എഡിറ്റർ

## ബ്രാഞ്ച് സെക്രട്ടറിമാരുടെ ശ്രദ്ധയ്ക്ക്

**ജേർണലിൽ പ്രസിദ്ധീകരിക്കാനുള്ള ലേഖനം, ചെറുകഥ, കവിത, തുടങ്ങിയ സാഹിത്യ സൃഷ്ടികൾ സർവ്വീസ് സംബന്ധമായ ചോദ്യങ്ങൾ, വിജ്ഞാനപ്രദമായ കുറിപ്പുകൾ, മററ് വാർത്തകൾ, ഫോട്ടോകൾ, പരസ്യങ്ങൾ ഇവയൊക്കെ ചീഫ് എഡിററർക്ക് അയയ്ക്കുക.**

ബ്രാഞ്ചുകൾ ജേർണലിലേയ്ക്ക് പരസ്യം ശേഖരിച്ച് അടിയന്തിരമായി എത്തിക്കുക.

പരസ്യങ്ങൾക്കുള്ള താരിഫ് കാർഡുകൾ ജില്ലാ സെക്രട്ടറിയിൽ നിന്നോ എഡിററിൽ നിന്നോ ലഭിക്കുന്നതാണ്.

*ചീഫ് എഡിററുടെ വിലാസം*
**പ്രമോദ് വെള്ളച്ചാൽ**
ചന്ദ്രാലയം, മക്രേരി പി.ഒ
മുണ്ടലൂർ വഴി, കണ്ണൂർ ജില്ല- 670 622
ഫോൺ: 04797-2826576 Mob: 9447384054
e-mail:pvellachal@gmail.com

*മാനേജിംഗ് എഡിററുടെ വിലാസം*
**ഡോ.ജി.എസ്.സുരേഷ്**
ദേവിപ്രിയ, ടി.സി.36/403(1),
പാൽക്കുളങ്ങര, തിരുവനന്തപുരം- 695 024
ഫോൺ: 0471-2452225

**AKPCTA State Committee Office**
Mathurbhoomi Road, Vanchiyoor, Thiruvananthapuram-35 Phone: 0471- 2463494, Fax: 0471-2468984,
Mobile:09495425219 e-mail:akpctatvm@gmail.com www.akpcta.org

കേരള പ്രൈവറ്റ് കോളജ് ടീച്ചർ ഇ-മെയിൽ
collegeteacheredt@gmail.com



# വനിതാപതിപ്പിൻെറ പ്രസക്തി

**ഡോ.കെ.ശ്രീവത്സൻ**

*ജനറൽ സെക്രട്ടറി*
*എ.കെ.പി.സി.ടി.എ*



**അ**ൻപത്തിയഞ്ച് വർഷങ്ങൾ പിന്നിട്ടിരിക്കുന്ന എ.കെ.പി.സി.ടി.എയുടെ ചരിത്രം കേരളത്തിലെ ഉന്നതവിദ്യാഭ്യാസ മേഖലയുടെയും, പ്രൈവറ്റ് കോളജ് അദ്ധ്യാപകരുടേയും ചരിത്രമാണ്. 1972 ന് മുമ്പുള്ള കേരളത്തിലെ പ്രൈവററ് കോളജ് അധ്യാപകൻ ഇന്നത്തെ അൺ എയിഡഡ് കോളജ് അധ്യാപകനിൽ നിന്നും ഒട്ടും വ്യത്യസ്തനായിരുന്നില്ല. എയഡഡ് കോളജ് അധ്യാപകർ ഇന്നനുഭവിക്കുന്ന എല്ലാ നേട്ടങ്ങളും സംഘടന നടത്തിയ നിരവധി ത്യാഗോജ്ജ്വലമായ പോരാട്ടങ്ങളുടെ ഫലമായി കൈവന്നതാണ്. 1972 ൽ നിലവിൽ വന്ന ഡയറക്ട് പേമെൻറ്, എയ്ഡഡ് കോളജ് അധ്യാപകചരിത്രത്തിലെ നാഴികക്കല്ലാണ്. തുടർന്ന് നിലവിൽവന്ന യൂണിവേഴ്സിററി ആക്ടും, സ്ററാററ്യൂട്ടും എയ്ഡഡ് കോളജധ്യാപകരുടെ മാഗ്നാകാർട്ടയായി നിലകൊള്ളുന്നു. എയ്ഡഡ് കോളജ് അധ്യാപകൻെറ വർത്തമാനകാല ജീവിതസാഹചര്യങ്ങൾ, നിരവധി ത്യാഗോജ്ജ്വല പോരാട്ടങ്ങളിലൂടെ സംഘടന നേടിയെടുത്തതാണ്. 1990 ൽ നിലവിൽവന്ന യു.ജി.സി ശമ്പളപരിഷ്ക്കരണം എ.കെ.പി.സി.ടി.എയും, എ.കെ.ജി.സി.ടിയും നയിച്ച നിരവധി സമരങ്ങളുടെ ഫലമായി ലഭിച്ചതാണ്.

സംഘടന ഇന്നുവരെ നടത്തിയ എല്ലാ പ്രക്ഷോഭങ്ങളിലും അധ്യാപകരോടൊത്തു, അധ്യാപികമാരും രംഗത്തുണ്ടായിരുന്നു. മുൻകാലഘട്ടങ്ങളിൽ അധ്യാപികമാരുടെ എണ്ണം അധ്യാപകന്മാരേക്കാൾ വളരെ കുറവായിരുന്നെങ്കിൽ, 1990കൾക്കുശേഷം കോളജുകളിലെ സ്ഥിതി നേരെ മറിച്ചായി. പുരുഷ അധ്യാപകരുടെ അംഗബലം കുറയുകയും വനിത അധ്യാപകർ ഈ രംഗത്തേയ്ക്ക് കൂടുതലായി കടന്നുവരുകയും ഉണ്ടായി. ഈ മാറിയ സാഹചര്യത്തിൽ സംഘടനയുടെ പ്രവർത്തനങ്ങൾ പൂർവ്വാധികം ശക്തിയോടെ നടത്തേണ്ടി വരുന്ന സാഹചര്യവും സംജാതമായിരിക്കെ, സംഘടനാപ്രവർത്തനങ്ങളിൽ വനിതാ പങ്കാളിത്തം അത്യന്തം നിർണ്ണായകവുമാകുന്നു. അതുകൊണ്ട് തന്നെ സംഘടനയുടെ ദൈനംദിന പ്രവർത്തനങ്ങളിലും സംഘടനയ്ക്ക് നേതൃത്വം നൽകുന്നതിലും വനിതകൾ കടന്നുവരേണ്ടത് ഏറെ അനിവാര്യമാണ്.

പ്രതിഭാധനരായിട്ടുള്ള ഒട്ടേറെ അധ്യാപികമാർ ഇന്ന് എയ്ഡഡ് കോളജുകളിൽ പണിയെടുക്കുന്നുണ്ട്. അവരുടെ സർഗ്ഗശേഷിയെ കണ്ടെത്താനും പ്രോത്സാഹിപ്പിക്കാനും, സംഘടനാപ്രവർത്തനങ്ങളിൽ വനിതകളെ സജീവമാക്കാനും കഴിയേണ്ടതുണ്ട്. ഈ ദിശാബോധമുള്ളതുകൊണ്ടാണ് കേരള പ്രൈവററ് കോളജ് ടീച്ചറിൻെറ ഒരു ലക്കം ഒരു വനിതാപതിപ്പായി പുറത്തിറക്കാൻ സംഘടന തീരുമാനിച്ചിരിക്കുന്നത്. പ്രൈവററ് കോളജ് ടീച്ചറിൻെറ മുൻ ലക്കങ്ങളിലൂടെ വീക്ഷണങ്ങൾ രേഖപ്പെടുത്തിയ കുറച്ച് അധ്യാപികമാർ നമുക്കിടയിലുണ്ട്. വനിതാപതിപ്പ് കൂടുതൽ അധ്യാപികമാരുടെ പങ്കാളിത്തത്തിന് പ്രചോദനമാകുമെന്ന് സംഘടന പ്രത്യാശിക്കുന്നു.



# Globalization and women- contemporary challenges.



**Sudha Sundararaman**
*(General Secretary, AIDWA)*

Sameena went to the middle east 10 years back with big dreams of working hard and saving enough to bring her family out of poverty and returning to a comfortable life in her home state of Kerala. When she realized that "domestic work" was only a camouflage for the work that she was expected to do, she resisted. But it was in vain. Her employers had her passport, the agents held her loan papers, and she could not escape. Today, with globalization having come to mean a neo liberal growth paradigm linked to markets and profits as the major indicators of development, Sameena's is not an isolated story. All over the world, the market economy has distorted growth, exacerbated inequalities, and has had a particularly adverse impact on the lives of women, both within the developed and the developing countries.

Is it not the greatest injustice perpetrated by the capitalist system that, at a time when the advances in science, technology, communication, medicine, etc. place all the resources at our command to ensure a decent standard of living, with food, clean water, sanitation, education and healthcare being universally available, capitalist development is creating an environmental and ecological crisis that threatens our very existence today? And within this paradigm, unfortunately, women

suffer the worst forms of deprivation, discrimination, and violence.

## Deteriorating condition of women workers.

While women contribute two thirds of the world's labour, the unfortunate reality is that they still earn in tenth of its wages, and own one hundredth of its property. The situation has declined further in an economic scenario where the drive for super profits by the neo liberal forces is shifting the burden of the capitalist crisis more and more onto the shoulders of the working poor. Women's exploitation in the workforce has been exacerbated not only by the cut in jobs, but also by the withdrawal of social security measures, indicating that the hard won rights of women workers are being lost. The ILO estimates reveal that more than half of all working women are in vulnerable employment, characterized by low wages and insecure tenures, with no welfare benefits, or other forms of legal protection. The shrinking job market, and lack of choices has placed women under a tremendous disadvantage. Although declining income forces an accommodation with women leaving the home for work, women end up bearing double or triple burdens, and are weighed down by the constant demands of domestic work and child care. Much greater work hours are imposed on poor women from the developing countries, which face the brunt of lopsided economic growth.

Under imperialist globalization, there has been an increase in global trafficking, with more and more women getting forced into prostitution as a result of poverty, or displacement. Thus, the interconnections between economic and sexual exploitation are getting exposed by the day. Women's organizations that are committed to gender equality assert that the struggle of women workers for their rights cannot succeed without taking up a comprehensive struggle against the whole system of neo liberal capitalism, which is breeding poverty and violence in equal measure.

## Indian situation- gender oppression still widespread.

Neo-liberal globalization has adversely impacted womens' status and livelihood in our country. While women are advancing in all fields, and displaying their ability to overcome many hardships and obstacles, the overall situation has not shifted in their favour. It is true that the market tries to present a world of glamour, with women shown as divas, and fashion goddesses. But what is the reality?

According to the Global Gender Index, which measures the gender differentials between men and women, India's ranking fell from 98 to 113 of 135 countries, during the 5 years from 2006 to 2011. And this gap continues to widen! The 2011 census brought out an alarming statistics, showing how gender discrimination is being practiced actively in our country. The child sex ratio- which is the proportion of boys to girls within the 0-6 age group- has come down to the lowest level since Independence: 914 girls to 1000 boys. There are districts where this ratio is even lower. Ironically, it is states with a high growth rate- Punjab, Haryana, Gujarat, Delhi, Maharashtra for instance, where the child sex ratio is the lowest.

## Deterioration in women's status

Many factors underlie the injustice being meted out to women in our country. The policies of the Government are accentuating the assault on women and leading to a greater degree of marginalization and oppression.

The unprecedented price rise in essential commodities over the last few has increased existing high rates of povery and malnutrition enormously: 3 out of 5 women are anaemic,

Neo-liberal globalization has adversely impacted womens' status and livelihood in our country. While women are advancing in all fields, and displaying their ability to overcome many hardships and obstacles, the overall situation has not shifted in their favour. It is true that the market tries to present a world of glamour, with women shown as divas, and fashion goddesses. But what is the reality?

every second child under 3 years old is underweight, every third child is stunted and every fifth child is wasted and the consumption of foodgrains per person has declined from 476 grams per day to 418 grams.

NSS surveys reveal the reality of the lives of the rural and urban poor. More than a lakh of farmers have committed suicide due to indebtedness in the five years; the number of landless households has increased from 22% to 32% in the last 15 years. Large scale displacement in the name of development has occurred without proper rehabilitation of affected families. The women who depended on land, forests, & common property resources, to ensure survival of their families, are now at the mercy of the market. This is why women are in the forefront of struggles for land rights, and against displacement without proper rehabilitation. It is important for the democratic movement to support this cause, and ensure that development be equitable and inclusive.

The most chilling feature of the last few decades, however, is the unprecedented and myriad forms of violence that women and young girls face today, on a day to day basis. There is no place that is secure for them – their homes, their workplaces, their institutions of education, public spaces, means of transportation are all sites of violence as far as they are concerned.

## Denial of democratic entitlements

The state's withdrawal from many areas crucial to women's lives like education, health, social sector, and the policy changes dictated by WB IMF threaten women's survival strategies further. It is estimated that 59% of households live in huts and shanties; 58% do not have access to piped drinking water, 55% to toilets and 32% to electricity. The privatization of health and education has resulted in huge increase in costs for schooling and health care. The business model in education and health is seriously affecting young girls. This would lead to a very bleak future, and for this reason, women's movements are resisting the trend, and demanding a greater accountability from the Government. Health and education must never become a privilege, it has to be part of democratic entitlements for all.

While AIDWA has been fighting for universal PDS and minimum ration for all at minimum prices, the UPA 2 has moved ahead on food security ordinance that would actually reduce women's access to food and ration. They are resorting to election politics through a cash transfer scheme, which would actually not benefit the poor but would escalate the prices of essential commodities, especially gas, kerosene, and fertilizers, by cutting the subsidy element. Women's ability to manage household budgets is going to get further threatened by this measure.

## Women and employment

Women's work is never done, they say. But on what terms are women going into paid work? The vast majority of working women have been pushed into the 'unorganised sector' - a euphemism for work as domestic help, home-based work, work in a Government-sponsored service sector of para-health workers, para-social workers, para-teachers and hard, manual labour in rural areas – all sectors in which they are denied minimum wages because they are denied the right to even be called workers. They work for a pittance ranging from 30/- to 120/- a day. According to a recent study on 2008 NSS data, only 25% of women are participating in any kind of work and, of them, only 15% earn wages of any kind. Women in the organized sector are being forced to undertake greater workloads, and their numbers are declining as more and more jobs get outsourced to the private sector.

## The spectre of violence

The most chilling feature of the last few decades, however, is the unprecedented and myriad forms of violence that women and young girls face today, on a day to day basis. There is no place that is secure for them – their homes, their workplaces, their institutions of education, public spaces, means of transportation are all sites of violence as far as they are concerned. The kinds of new stresses and strains imposed by neo-liberal policies, the

intrusion of the market and marketing strategies into every aspect of human and social relations, the shameless promotion of mindless consumerism combined with the most regressive anti-women ideologies, practices and rituals and superstitions by the corporate media have created a situation in which women, young girls and infants are subjected to the most horrific violence. Social media, mobile messaging, and other communication tools are now being used to display and market sexually violent pictures, in a situation where sexual violence is on the rise.

It is in such a context that we note that mass struggles have broken out against the ghastly incidence of violence against women. This spirit of resistance must be built upon, and the movement for a violence free life has to be taken up comprehensively, to address the multiple roots underlying it. AIDWA, along with other organizations, has fought for justice for victims of violence, and some legal reform has been achieved. But the implementation of laws leaves a lot to be desired. All organizations committed to women's equality must gear up to make sure that enforcement of law is guaranteed, as one of the steps towards providing justice for women.

## Reactionary ideology and backlash

Unfortunately, the feudal and patriarchal notions of women's subordination to man are also rampant, a fact that can be seen by the repeated sexist reactions of many religious and caste based leaders, for whom women are to be kept under control, not allowed independent roles and identities.

Womens assertion and aspiration is creating a point of conflict between progressive forces and conservatives. The casteist, communal and reactionary forces are trying to restrict and prevent changes which they see as challenging the existing patriarchal order. The horrendous case of a self choice marriage between a dalit boy and a non dalit girl in Dharmapuri recently leading to suicides by both the girl's father and the husband illustrates the grim fall out when girls and boys exert their rights. In states like Haryana, Punjab,UP, khap panchayats are resorting to killings and crimes in the name of honour. This has to be stopped, as it impinges on our constitutional rights. AIDWA has been in the forefront of the struggle for the democratic rights of young people, and it has resolved to combat the moral policing and the violence that casteist and communal forces are trying to unleash against women. We call on all progressive movements for support and assistance.

Dalit women and girls, muslim women and girls are especially vulnerable, they become the targets of violence and sexual assault, especially during incidents of caste and communal conflict.

## Golden cages & invisible strings

The process by which women get assimilated into the neo liberal globalized, consumerist culture lays bare the invisible threads of exploitation. The "modern" woman, though articulate and visible, has to play by the rules of the market. happiness is gauged by material wealth, by gold and glitter. Ironically, women are the worst victims of commodification and consumer culture. She becomes a double victim, as she falls prey to male dominant structures, and becomes a prisoner of her own choosing, thereby, she also fails to recognize the unequal growth patterns that characterize the modern market economy.

## We shall overcome

The priority for the democratic movement is to address the vicious circle of violence, gender discrimination, and exclusion, which is tearing apart the democratic polity. Women have been fighting against all attempts to push them backwards, into further penury and distress. The ongoing movement for 33% reservation in Parliament and state assemblies is but one example of how women want their voices to be heard in decision making fora. As workers, as citizens, as women, they have been raising the banner of struggle, and reasserting their right to equality and emancipation.

The rights of women cannot be separated from the rights of all working people everywhere. If women are unequal, and exploited, the whole of society suffers, and remains backward. Thus, gender equality today, must encompass the myriad issues being thrown up by a global world order, which is trying to exert control through economic, social and cultural interventions. Let us resolve to understand the complex underpinnings, and work together to create an alternative, truly democratic, gender equal society. Not only is this possible, it is necessary, for on this depends the future of humanity.



# സ്ത്രീപീഡനങ്ങൾ എങ്ങനെ പ്രതിരോധിക്കാം



**കെ.കെ.ശൈലജ**
*സെക്രട്ടറി, ജനാധിപത്യ മഹിളാ അസോസിയേഷൻ*

സമൂഹത്തെക്കുറിച്ചുള്ള ഇന്ത്യൻ ഭരണവർഗത്തിന്റെ പിൻതിരിപ്പൻ കാഴ്ചപ്പാടാണ് സ്ത്രീകൾക്കും കുട്ടികൾക്കും നേരെയുള്ള അതിക്രമങ്ങൾ പകർച്ചവ്യാധിപോലെ പടർന്നു പിടിക്കുന്നതിന് കാരണമാകുന്നത്. ഇപ്പോൾ ആർ.എസ്.എസ് മേധാവി മോഹൻ ഭഗവത്തിന്റെ അഭിപ്രായപ്രകടനമായി പുറത്തു വന്നത് ഭരണവർഗ കാഴ്ചപ്പാടാണ്. ആർ.എസ്.എസ് മേധാവി പറഞ്ഞത് വിവാഹസമയത്ത് ഉണ്ടാക്കുന്ന കരാർ അനുസരിച്ച് സ്ത്രീ വീട്ടിനകത്തുതന്നെ കഴിയണമെന്നും സദാ പുരുഷനെ തൃപ്തിപ്പെടുത്തിക്കൊണ്ടിരിക്കണമെന്നുമാണ്. ഇങ്ങനെ തൃപ്തിപ്പെടുത്താൻ കഴിയാത്ത സ്ത്രീയെ ഉപേക്ഷിക്കാനുള്ള അധികാരം പുരുഷനുണ്ട് എന്നും ഭഗവത് പറയുന്നു. സമ്പത്ത് ശേഖരിക്കാനും കൈകാര്യം ചെയ്യുവാനുമുള്ള അധികാരം പുരുഷനാണ് എന്നുകൂടി ഈ മേധാവി സൂചിപ്പിക്കുമ്പോൾ ചിത്രം പൂർത്തിയാകുന്നു. ഉപേക്ഷിക്കപ്പെട്ട സ്ത്രീ തെരുവുമൃഗങ്ങളോടൊപ്പം അലയുകയോ, ആത്മഹത്യ ചെയ്യുകയോ എന്തുവേണമെങ്കിലും ആകാം. എത്ര ജനാധിപത്യവിരുദ്ധവും സ്ത്രീവിരുദ്ധവുമാണ് ഈ ജൽപനങ്ങൾ എന്നു നോക്കൂ. ലിംഗഭേദമില്ലാത്ത സമത്വം ഭരണഘടനയിൽ വാഗ്ദാനം ചെയ്തിട്ടുള്ളതിനാൽ ഈ പ്രസ്താവന ഭരണഘടനാവിരുദ്ധമാണെന്നും പറയാം. എന്നിട്ടുപോലും സ്ത്രീവിരുദ്ധ പ്രഖ്യാപനം നടത്തിയതിന് മോഹൻ ഭഗവതിനെതിരെ നടപടി എടുക്കാതെ വ്യാഖ്യാനിച്ച് വെള്ള പൂശുന്നതിനാണ് അധികാരികൾ ശ്രമിക്കുന്നത്. ഭരണവർഗം എന്ന നിലയിൽ കോൺഗ്രസിന്റെ സമീപനവും സ്ത്രീവിരുദ്ധം തന്നെയാണ്. സ്വാതന്ത്ര്യത്തിന്റെ നീണ്ട 65 വർഷങ്ങൾക്കുശേഷവും പിൻതിരിപ്പൻ ആശയങ്ങളെ നിയമപരമായി നേരിടുന്നതിനും കീഴ്പ്പെടുത്തുന്നതിനും കോൺഗ്രസ് ഭരണാധികാരികളും ശ്രമിച്ചിട്ടില്ല. പകരം വോട്ടുബാങ്കുകൾ നഷ്ടപ്പെട്ടുപോകുമെന്ന ഭയത്താൽ അങ്ങേയറ്റം പ്രതിലോമകരമായ ആശയങ്ങളെ നിലനിർത്തുന്നതിനാണ് കോൺഗ്രസ് ഭരണകൂടം ശ്രമിച്ചത്. ഉടന്തടിച്ചാടം (സതി) പോലുള്ള ദുരാചാരങ്ങൾ നിയന്ത്രിക്കാൻ ബ്രിട്ടീഷുകാർക്ക് തോന്നിയ സാമൂഹ്യമര്യാദപോലും സ്വതന്ത്ര ഇന്ത്യയിലെ ഭരണാധികാരികൾക്ക് ഉണ്ടായില്ല എന്നതാണ് ജാതിപഞ്ചായത്തും (ഖാപ്പ്) ദുരഭിമാനഹത്യയുമെല്ലാം കൂടുതൽ ശക്തമായി നിലനിൽക്കുന്നതിനും കാരണം. ഈയിടെ ഒരു ഖാപ്പ് പഞ്ചായത്ത് തലവൻ പറഞ്ഞത് പ്രായപൂർത്തിയാകാത്ത പെൺകുട്ടികൾ ബലാൽസംഗം ചെയ്യപ്പെടാതിരിക്കാൻ ഏറ്റവും നല്ല മാർഗം അവളെ എട്ടോ ഒൻപതോ വയസിൽ കല്ല്യാണം കഴിച്ച് അയ

യ്ക്കുക എന്നാണ്. ശിശുവിവാഹനിരോധന നിയമം നിലവിലുണ്ടെന്ന് പറയുന്ന ഒരു രാജ്യത്ത് ഈ നിയമവിരുദ്ധ പ്രഖ്യാപനത്തെ ചോദ്യം ചെയ്യാൻ ഭരണാധികാരികൾ ഒരുങ്ങിയിട്ടില്ല.

ഇന്ത്യൻ ഭരണാധികാരികൾ ഒരേ സമയം മുതലാളിത്ത ഉപഭോഗ ആർത്തിയും ഫ്യൂഡൽ അനാചാരങ്ങൾക്കും കാവൽ നിൽക്കുകയാണ്. ഭരണകൂടം എത്രമാത്രം നിഷ്ക്രിയവും സ്ത്രീവിരുദ്ധവുമാണെന്ന് ഡൽഹിസംഭവം തെളിയിച്ചു. ഭീകരവാദികൾക്കും മറ്റ് അക്രമികൾക്കുമെതിരെ അതീവ ജാഗ്രത പുലർത്തേണ്ടുന്ന തലസ്ഥാനനഗരിയിലാണ് ഓടിക്കൊണ്ടിരിക്കുന്ന ഒരു ബസ്സിനകത്തുവച്ച് ഒരു മണിക്കൂറിലേറെ ഒരു പെൺകുട്ടി പൈശാചികമായി ആക്രമിക്കപ്പെട്ടത്. ഭരണവർഗ നയങ്ങളുടെ ഭാഗമായി രക്തസാക്ഷിയായി മാറേണ്ടി വന്ന പെൺകുട്ടിയുടെ മരണമൊഴിയും അവളുടെ സുഹൃത്തിന്റെ മൊഴിയും വിരൽ ചൂണ്ടുന്നത് ഭരണകൂടത്തിന്റെ അക്ഷന്തവ്യമായ കുറ്റത്തിലേക്കാണ്. പെൺകുട്ടിയെയും യുവാവിനെയും അക്രമികൾ റോഡിലേക്ക് വലിച്ചെറിഞ്ഞതിനുശേഷം രണ്ട് മണിക്കൂർ കഴിഞ്ഞാണ് പൊലീസ് എത്തിയത്. എന്നിട്ടും അരമണിക്കൂറിലേറെ അവരെ ആരാണ് ആശുപത്രിയിൽ കൊണ്ടുപോകേണ്ടതെന്ന് പൊലീസ് തർക്കിച്ചു നിന്നത്രേ. നഗ്നരായി ചോര ലിപ്പിച്ച് റോഡിൽ കിടക്കേണ്ടിവന്ന ആ ഇന്ത്യൻ പൗരന്മാരുടെ ശരീരം പൊതിയാൻ ഒരു തുണിപോലും നൽകാൻ പൊലീസ് തയ്യാറായില്ല. ഗുരുതരമായി പരിക്കേറ്റ യുവാവ് തന്നെയാണ് പെൺകുട്ടിയെ താങ്ങിയെടുത്ത് വാഹനത്തിൽ കയറ്റിയത്. ഡൽഹിപൊലീസും ഭരണാധികാരികളിൽ ചിലരും ചോദിക്കുന്നത് ഒൻപത് മണിക്ക് പെൺകുട്ടി സുഹൃത്തിനോടൊപ്പം യാത്രചെയ്യാൻ പാടുണ്ടോ എന്നാണ്. ലൈംഗികത കച്ചവടച്ചരക്കാക്കി മാറ്റുന്ന മുതലാളിത്തസമൂഹം സ്ത്രീപുരുഷ സൗഹൃദങ്ങളെ അളക്കുന്നത് ആ മാനദണ്ഡത്തിലൂടെ മാത്രമാണ്. ജ്യോതിയുടെ അച്ഛൻ പറഞ്ഞത് യുവാവ് തന്റെ മകളുടെ ഏറ്റവും വിശ്വസ്തനായ സുഹൃത്ത് തന്നെയാണെന്നും അവളെ രക്ഷിക്കാൻ ആ ചെറുപ്പക്കാരൻ ആവുന്നതും പരിശ്രമിച്ചുവെന്നുമാണ്. ഐ.ടി.മേഖലയിലും മറ്റും ജോലി ചെയ്യുന്ന യുവതീയുവാക്കൾക്ക് രാത്രി ഷിഫ്റ്റിനുശേഷം താമസസ്ഥലത്തേക്ക് പോകേണ്ടി വരിക വളരെവൈകിയാണ്. ആ സമയത്ത് പൊതുവാഹനത്തിൽ പോലും പെൺകുട്ടികൾ യാത്ര ചെയ്യാൻ പാടില്ല എന്നു പറയുന്നത് എത്രമാത്രം സ്ത്രീവിരുദ്ധമായ സമീപനമാണ്. ജ്യോതിയുടെ മരണത്തിനുശേഷം ഐടി മേഖലയിൽ ജോലി ചെയ്യുന്ന ഒരു പെൺകുട്ടി മേലാസകലം ഗുരുതരമായ പരിക്കുകളോടെ ഡൽഹിയുടെ തെരുവിൽ മരിച്ചുകിടക്കുന്ന വാർത്ത വന്നു. നയനാസാഹിനി മുതൽ സൗമ്യവിശ്വനാഥൻ വരെ അറിയപ്പെടുന്നവരും അല്ലാത്തവരുമായ നൂറുകണക്കിന് സ്ത്രീകളാണ് ഡൽഹിയിൽ പൈശാചികമായി കൊല്ലപ്പെട്ടത്.

ജ്യോതിയുടെ കൊലപാതകത്തിൽ പ്രതിഷേധിച്ച് ഡൽഹിയിൽ സ്വമേധയാ ഉയർന്നുവന്ന പ്രതിഷേധം സ്വാഗതാർഹമാണ്. ജനാധിപത്യ മഹിളാഅസോസിയേഷൻ അടക്കമുള്ള പുരോഗമന മഹിളാപ്രസ്ഥാനങ്ങൾ ഈ സംഭവത്തിൽ അതിശക്തമായ പ്രതിഷേധവുമായി രംഗത്തുണ്ടായിരുന്നു. വൻകിട മാധ്യമങ്ങൾ സ്വാഭാവികമായും വലിയ പ്രാധാന്യം കൊടുക്കുന്നതും അരാഷ്ട്രീയമായി ഉയർന്നുവരുന്ന കൂട്ടായ്മകൾക്കും പ്രതികരണങ്ങൾക്കുമാണ്. സ്ത്രീവിരുദ്ധതയ്ക്കെതിരെ ഉയർന്നുവരുന്ന ചെറിയ ചലനങ്ങൾപോലും സ്വാഗതാർഹമാണ് എന്ന് പറയുന്നതോടൊപ്പം ഒരു കാര്യം സൂചിപ്പിക്കാതെ വയ്യ. അത് സമൂഹത്തിന്റെ സ്ത്രീവിരുദ്ധ മനോഭാവത്തിന്റെ കാരണങ്ങൾ തേടി ചെല്ലുകയും ആ കാരണങ്ങൾ ഇല്ലാതാക്കുന്നതിനുള്ള ബോധപൂർവമായ ഇടപെടൽ നടത്തുകയും ചെയ്യാതെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ കഴിയില്ല എന്നതാണ്. ആഗോളവൽക്കരണ സാമ്പത്തിക സമീപനം രാജ്യത്ത് അവതരിപ്പിക്കുന്നത് ഭരണാധികാരിവർഗമാണ്. ആഗോളവൽക്കരണ കാലഘട്ടത്തിൽ സ്ത്രീപീഡനങ്ങൾ പതിന്മടങ്ങ് വർദ്ധിച്ചുവെന്നത് കണക്കുകളിൽ നിന്ന് വ്യക്തമാകുന്നു. ദേശീയ ക്രൈം റെക്കോർഡ് ബ്യൂറോയുടെ കണക്കനുസരിച്ച് 1980 മുതൽ 2011 വരെ അമ്പരപ്പിക്കുന്ന വർദ്ധനവാണ് സ്ത്രീപീഡനത്തിൽ ഉണ്ടായിരിക്കുന്നത്. 1980 ന് മുൻപ് പ്രതിവർഷം 5000-6000 കേസുകളായിരുന്നുവെങ്കിൽ 2002-2011 ലെ കണക്കനുസരിച്ച് അത് 20000 ന് അടുത്തായിരിക്കുന്നു. റിപ്പോർട്ട് ചെയ്യപ്പെടാത്ത കുറ്റകൃത്യങ്ങൾ ഇതിലൊക്കെ എത്രയോ ഇരട്ടിയാണ്. ഐക്യരാഷ്ട്ര സഭയുടെ ഒരു ഏജൻസി ഡൽഹിയിൽ നടത്തിയ സർവേയിൽ 80 ശതമാനം സ്ത്രീകളും ശാരീരികമോ മാനസികമോ ആയ ഏതെങ്കിലും ഒരു ലൈംഗികാതിക്രമത്തിന് വിധേയയായിട്ടുണ്ടെന്ന് കാണുന്നു. ആഗോളവൽക്കരണത്തിന്റെ ഭാഗമായി കൊട്ടിഘോഷിച്ച ആധുനികവൽക്കരണം വിപണിയും ലാഭവും ലക്ഷ്യം വച്ചുകൊണ്ടുള്ളതാണ്. മനുഷ്യശരീരത്തെയോ പിൻതിരിപ്പൻ ആശയങ്ങളെയോ ചായം തേച്ച് മാർക്കറ്റിലെത്തിക്കുകയും ലാഭം കൊയ്യുകയുമാണ് അതിന്റെ ലക്ഷ്യം. ഇന്ത്യൻ പെൺകുട്ടികൾ മുതലാളിത്തവിപണിയിലെ വിൽപനചരക്കുകളായി അതിവേഗം മാറിക്കൊണ്ടിരിക്കുന്നു. മനുഷ്യരുടെ അടിവസ്ത്രത്തിന്റെയോ വിസർജ്യം നിക്ഷേപിക്കാനുള്ള ടോയ്‌ലറ്റിന്റെ പോലുമോ കച്ചവടത്തിന് പെൺകുട്ടിയുടെ ശരീരം കാമോദ്ദീപകമായി പ്രചരിപ്പിക്കുന്നു. കച്ചവടക്കാരന്റെ പരസ്യസ്വാതന്ത്ര്യം എന്ന് പറഞ്ഞ് ഗവൺമെന്റ് കണ്ണടയ്ക്കുന്നു. സ്ത്രീകളിൽ ഒരു വിഭാഗത്തെ തങ്ങളുടെ ഉൽപന്നങ്ങളുടെ ഉപഭോക്താക്കളാക്കാൻ മുതലാളിത്തം ശ്രമിക്കുന്നു. അവർ വാങ്ങേണ്ടത് സൗന്ദര്യവർദ്ധ

**ഇന്ത്യൻ ഭരണാധികാരികൾ ഒരേ സമയം മുതലാളിത്ത ഉപഭോഗ ആർത്തിയും ഫ്യൂഡൽ അനാചാരങ്ങൾക്കും കാവൽ നിൽക്കുകയാണ്. ഭരണകൂടം എത്രമാത്രം നിഷ്ക്രിയവും സ്ത്രീവിരുദ്ധവുമാണെന്ന് ഡൽഹിസംഭവം തെളിയിച്ചു. ഭീകരവാദികൾക്കും മറ്റ് അക്രമികൾക്കുമെതിരെ അതീവ ജാഗ്രത പുലർത്തേണ്ടുന്ന തലസ്ഥാനനഗരിയിലാണ് ഓടിക്കൊണ്ടിരിക്കുന്ന ഒരു ബസ്സിനകത്തുവച്ച് ഒരു മണിക്കൂറിലേറെ ഒരു പെൺകുട്ടി പൈശാചികമായി ആക്രമിക്കപ്പെട്ടത്. ഭരണവർഗ നയങ്ങളുടെ ഭാഗമായി രക്തസാക്ഷിയായി മാറേണ്ടി വന്ന പെൺകുട്ടിയുടെ മരണമൊഴിയും അവളുടെ സുഹൃത്തിന്റെ മൊഴിയും വിരൽ ചൂണ്ടുന്നത് ഭരണകൂടത്തിന്റെ അക്ഷന്തവ്യമായ കുറ്റത്തിലേക്കാണ്.**

കവസ്തുക്കളും ആഭരണങ്ങളും അടുക്കള ഉപകരണങ്ങളുമാണെന്ന് അവർ വീണ്ടും വീണ്ടും ബോധ്യപ്പെടുത്തുന്നു. സ്ത്രീധന നിരോധനം നിലവിലുള്ള രാജ്യത്ത് വിവാഹധൂർത്ത് പ്രതിഫലിപ്പിക്കുന്ന പരസ്യങ്ങൾക്ക് ഒരു നിയന്ത്രണവുമില്ല. സ്ത്രീസുരക്ഷാനിയമങ്ങൾ എത്രയെങ്കിലുമുള്ള ഒരു രാജ്യത്ത് ഇന്റർനെറ്റിലും മൊബൈൽ ഫോണിലും സിനിമകളിലും ലൈംഗികഭ്രാന്തുകളും മദ്യപാനാസക്തിയും പ്രചരിപ്പിക്കുന്നതിന് ഒരു തടസ്സവുമില്ല. പണത്തിനും സുഖഭോഗങ്ങൾക്കുമുള്ള അത്യാർത്തിയിൽ മത്ത് പിടിച്ച സമൂഹമായി ഇന്ത്യൻ സമൂഹം അതിവേഗം മാറിക്കൊണ്ടിരിക്കുന്നു. ഇതോടൊപ്പം ജാതിമതവർഗീയ ഭ്രാന്തുകളും

ങ്ങൾ തുടർച്ചയായി പലയിടത്തു നിന്നും റിപ്പോർട്ട് ചെയ്യപ്പെട്ടു. ഗാർഹികപീഢനനിരോധന നിയമമുണ്ടായിട്ടും ഒരു ഫലവും ഉണ്ടായില്ല. ഗാർഹികപീഢനനിരോധനനിയമം ഈ രാജ്യത്ത് നടപ്പിലാക്കാൻ ഇന്ത്യാ ഗവൺമെന്റ് നീക്കിവെച്ചത് ഒരു കോടിരൂപ മാത്രമാണ്. അതിക്രമത്തിന് വിധേയരാവുന്ന സ്ത്രീകളെയും പെൺകുട്ടികളെയും പുനരധിവസിപ്പിക്കുന്നതിന് യാതൊരു പദ്ധതിയും ഉണ്ടാക്കാൻ കഴിയുന്നില്ല. മുൻകാലത്ത് പുനരധിവാസത്തിന് 140 കോടിയിലേറെ നീക്കിവച്ചിരിക്കുന്ന രാജ്യത്ത് ഇപ്പോൾ എല്ലാവകുപ്പിനും കൂടി 20 കോടിരൂപ മാത്രമാണുള്ളത്.

**സ്ത്രീസമൂഹത്തോടുള്ള ആദരവ് പ്രകടമാകുംവിധം വിദ്യാഭ്യാസമേഖലയിലടക്കം മാറ്റം വരുത്തണം. എത്ര ഉന്നതരായാലും സ്ത്രീവിരുദ്ധ പരാമർശം നടത്തുന്നവർക്കെതിരെ നടപടി സ്വീകരിക്കണം. കുറ്റകൃത്യങ്ങൾ എത്രയും വേഗം അന്വേഷിക്കാൻ കൂടുതൽ പുരുഷ വനിതാപൊലീസുകാരെ നിശ്ചയിച്ച് അന്വേഷണം ഫലപ്രദമാക്കണം പൊതുഇടങ്ങളിൽ ലൈംഗിക അരാജകവാദികളെയും മദ്യപാനികളെയും നിയന്ത്രിക്കാൻ കർശന നടപടി സ്വീകരിക്കണം. ഇന്റർനെറ്റ് വഴിയും മറ്റ് മാധ്യമങ്ങൾ വഴിയും പ്രചരിക്കുന്ന ലൈംഗിക വൈകൃതങ്ങൾക്കെതിരെ സൈബർനിയമങ്ങൾ ശക്തമാക്കണം. ലൈംഗിക കുറ്റവാളികൾക്ക് ജാമ്യം കിട്ടാത്തവിധം നിയമങ്ങൾ ശക്തമാക്കണം.**

സ്ത്രീസമൂഹത്തെ ചക്രപ്പൂട്ടിന് കെട്ടിയിടുന്നു.

വിദ്യാസമ്പന്നമെന്ന് നാം അഭിമാനിച്ച കേരളത്തിലും ഉപഭോഗ-ഫ്യൂഡൽ മനോഭാവം വൻതോതിൽ വളർന്നു വരുന്നു എന്നതാണ് നാം കാണുന്നത്. കാൾമാർക്സ് ചൂണ്ടിക്കാണിച്ചതുപോലെ പണാധിപത്യ വ്യവസ്ഥയിലെ കുടുംബത്തകർച്ച കേരളത്തിൽ ഭയാനകമായി വർദ്ധിച്ചു വരുന്നു. കണ്ണൂർ ജില്ലയിൽ ഒരു വിദ്യാർത്ഥിനി വീട്ടിനകത്തുവച്ച് സ്വന്തം അച്ഛനും സഹോദരനും നടത്തുന്ന പീഢനങ്ങൾ ഭയന്ന് സ്കൂൾ വിട്ട് വീട്ടിലേക്ക് പോകാൻ മടിച്ചു. 15 വയസ്സുള്ള സഹോദരൻ മൊബൈൽ ഫോണിലൂടെ അശ്ലീലചിത്രങ്ങൾ കണ്ടും കഞ്ചാവ് നുണഞ്ഞ് ലഹരി പിടിച്ചും വീട്ടിലെത്തുമ്പോൾ പിശാച്ബാധയേറ്റവനെപ്പോലെ അവളെ ആക്രമിക്കുന്നു. അവളുടെ ജ്യേഷ്ഠത്തി അച്ഛന്റെയും സഹോദരന്റെയും അക്രമണങ്ങൾ ഭയന്ന് തീകൊളുത്തി ആത്മഹത്യ ചെയ്യുകയാണ് ഉണ്ടായത്. ഇത്തരം സംഭവ

ഇതിനെല്ലാം പുറമെ കടുത്ത ജാതിമതവർഗീയ ഭ്രാന്തും കേരളീയ സമൂഹത്തെ ആവേശിക്കുന്നു. ഭർത്താവ് ഉപേക്ഷിച്ചു പോയ ഒരു സ്ത്രീ ഒരു യുവാവിനെ പ്രേമിച്ച് വിവാഹം ചെയ്യാൻ ആഗ്രഹിച്ചതിന് മതതീവ്രവാദികളായ സഹോദരന്മാർ സദാചാരസംരക്ഷണത്തിന്റെ പേരിൽ അവളെ വെട്ടിക്കൊന്ന അനുഭവവും കേരളത്തിൽ ഉണ്ടായി. ഹിന്ദുമുസ്ലീം തീവ്രവാദികൾ നടത്തുന്ന സാംസ്കാരിക പൊലീസിങ്ങ് എന്ന പേരിലുള്ള ഗുണ്ടാവിളയാട്ടവും കേരളത്തിൽ ഉണ്ടാവുന്നു. സമൂഹത്തിന്റെ മനോഭാവത്തിന് ഗുണപരമായ മാറ്റം വരാതെ പീഢനങ്ങൾക്ക് അറുതി വരുത്താൻ കഴിയില്ല. നിഷ്പക്ഷമായ നിയമങ്ങൾ നടപ്പിലാക്കുന്നതിലൂടെ ഈ മനോഭാവത്തിൽ മാറ്റം വരുത്താൻ ഗവൺമെന്റിന് കഴിയണം. കഴിഞ്ഞ രണ്ടുവർഷക്കാലം യു.ഡി.എഫ് ഗവൺമെന്റിന്റെ സമീപനംമൂലം പൊലീസും നീതിനിർവഹണ വിഭാഗവും കുത്തഴിഞ്ഞപ്പോൾ കേരളത്തിൽ സ്ത്രീപീഢനങ്ങൾ പതിന്മടങ്ങ്

പെരുകിയത് നാം കണ്ടു. പൊലീസ്സ്റ്റേഷനകത്ത് പുരുഷപൊലീസ് കുറ്റമാരോപിക്കപ്പെട്ട ഒരു സ്ത്രീയെ ഭീകരമായി മർദിക്കുകയും വായിൽ മൂത്രമൊഴിച്ച് കൊടുത്ത് കുടിക്കാൻ നിർബന്ധിച്ച അനുഭവം വരെയുണ്ടായി. വനിതാകമ്മീഷൻ മുൻപാകെ പരാതി പറയാൻചെന്ന സ്ത്രീയെ എസ്.ഐ തന്നെ ദ്രോഹിച്ചു. ഇതൊക്കെ കാണിക്കുന്നത് സ്ത്രീകൾക്കു നേരെയുള്ള അതിക്രമങ്ങൾ വർദ്ധിച്ചുവരുന്നതിന്റെ മുഖ്യ ഉത്തരവാദിത്തം ഭരണവർഗം ഏറ്റെടുക്കണമെന്ന് തന്നെയാണ്.

സ്ത്രീസമൂഹത്തോടുള്ള ആദരവ് പ്രകടമാകുംവിധം വിദ്യാഭ്യാസമേഖലയിലടക്കം മാറ്റം വരുത്തണം. എത്ര ഉന്നതരായാലും സ്ത്രീവിരുദ്ധ പരാമർശം നടത്തുന്നവർക്കെതിരെ നടപടി സ്വീകരിക്കണം. കുറ്റകൃത്യങ്ങൾ എത്രയും വേഗം അന്വേഷിക്കാൻ കൂടുതൽ പുരുഷ വനിതാപൊലീസുകാരെ നിശ്ചയിച്ച് അന്വേഷണം ഫലപ്രദമാക്കണം പൊതുഇടങ്ങളിൽ ലൈംഗിക അരാജകവാദികളെയും മദ്യപാനികളെയും നിയന്ത്രിക്കാൻ കർശന നടപടി സ്വീകരിക്കണം. ഇന്റർനെറ്റ് വഴിയും മറ്റ് മാധ്യമങ്ങൾ വഴിയും പ്രചരിക്കുന്ന ലൈംഗിക വൈകൃതങ്ങൾക്കെതിരെ സൈബർനിയമങ്ങൾ ശക്തമാക്കണം. ലൈംഗിക കുറ്റവാളികൾക്ക് ജാമ്യം കിട്ടാത്തവിധം നിയമങ്ങൾ ശക്തമാക്കണം. അഗതി മന്ദിരങ്ങൾ, മദ്രസകൾ, ശിശുമന്ദിരങ്ങൾ തുടങ്ങിയ കേന്ദ്രങ്ങളിൽ സ്ഥിരം കൗൺസിലിംഗ് കേന്ദ്രങ്ങളും സാമൂഹ്യ ഇടപെടലിനുള്ള കമ്മിറ്റികളും ഉണ്ടാകണം. അതിവേഗ കോടതികൾ സ്ഥാപിച്ച് കുറ്റവാളികൾക്ക് ശിക്ഷ ഉറപ്പാക്കണം.

ചുരുക്കത്തിൽ പൊതുസമൂഹത്തിൽ ജീവിക്കുന്നതിനും വിദ്യ അഭ്യസിക്കുന്നതിനും ജോലി ചെയ്യുന്നതിനും യാത്ര ചെയ്യുന്നതിനും പുരുഷനോടൊപ്പം തന്നെ അവകാശവും അധികാരവുമുള്ളവരാണ് സ്ത്രീസമൂഹം എന്ന മനോഭാവം വളർത്തിയെടുക്കാൻ സമൂഹത്തിന് കഴിയണം. കച്ചവടതാൽപ്പര്യങ്ങൾക്ക് കീഴ്പ്പെടാതെ അന്തസ്സോടെ ജീവിക്കുന്നതിനും അവകാശങ്ങൾക്കുവേണ്ടി പൊരുതുന്നതിനും സ്ത്രീസമൂഹം തയ്യാറാകണം. ജനാധിപത്യവിശ്വാസികളായ സ്ത്രീപുരുഷന്മാരുടെ കൂട്ടായ ഇടപെടലുകളിലൂടെ മാത്രമേ സമൂഹത്തെ ബാധിച്ചിരിക്കുന്ന ഏറ്റവും ഗുരുതരമായ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ കഴിയുകയുള്ളൂ.



# മാനികിനുകളുടെ ജീവിതം നമ്മുടെയും



ഇ.പി.രാജഗോപാലൻ

തുണിക്കടയിൽ ഉടുപ്പിടീച്ച് നിർത്തിയിരിക്കുന്ന ബൊമ്മകളെക്കുറിച്ചാണ് ഈ കുറിപ്പ്. മാനികിൻ എന്ന വാക്ക് കേരളത്തിൽ അത്ര സാധാരണമായിട്ടില്ല. ഉടലും തലമൊക്കെയുള്ള ഈ മനുഷ്യരൂപങ്ങളെ കടകളിൽ മുൻപേ കാണാമായിരുന്നു. ഇപ്പോഴും അത്തരം ആൺമാനിക്കിനുകളും പെൺമാനികിനുകളും ഉണ്ട്. ഇവ പൊതുവെ ആകർഷകങ്ങളാണ്. യൗവ്വനത്തെയാണ് മാനികിൻ പ്രതിനിധാനം ചെയ്യുക. ഉറച്ച ശരീരത്തിന് ഏതു വസ്ത്രവും നന്നായിച്ചേരും. മാനികിനിനെ ഉടുപ്പിടീക്കുന്ന തുണിക്കടത്തൊഴിലാളികളുടെ കാര്യം അധികമൊന്നും ആഖ്യാനം ചെയ്യപ്പെട്ടിട്ടില്ല. ജീവനില്ലാത്ത ഒരു ഉടലിനെ സശ്രദ്ധം ഉടുപ്പീടിക്കുന്നത് ജീവനുള്ള ഒരു ജോലിക്കാരൻ അല്ലെങ്കിൽ ജോലിക്കാരി. ആൺ മാനിക്കിനിനെ ഒരുക്കുന്നത് ആണായിരിക്കുമോ പെണ്ണായിരിക്കുമോ ഇത് യാന്ത്രികമായൊരു പണിയായിട്ടാവുമോ തൊഴിലാളികൾ കണക്കാക്കുന്നുണ്ടാവുക? എന്തായാലും ഉടലാണ് വിഷയം. ഒരു പാരസ്പര്യം സ്വാഭാവികമായും ഉണ്ടാവും. ഇത് ഒരു രചനാവിഷയമാകാവുന്നതാണ്. രാത്രിയിൽ കടയടച്ച ശേഷം മാനികിനുകളുടെ നില എന്താണ്? ചിലവ ഉടുപ്പിട്ട് തന്നെ തുടരുന്നുണ്ട്, ചിലവ പുതിയ ഉടുപ്പിനായി നഗ്നം; മററു ചിലവ പുതുതായി ഉടുപ്പിട്ട് രാത്രിയിലെ ഇരുട്ടിൽ റെഡിയായി നിൽക്കുന്നു. ജീവൻ

**വിപണിയെ വിമർശിക്കരുത് എന്നത് കേരളത്തിൽ പതുക്കെ എല്ലാതലങ്ങളിലും സ്വാംശീകൃതമായിക്കൊണ്ടിരിക്കുന്ന തത്ത്വമാണ്. ആരെയും ഭയപ്പെട്ടിട്ടൊന്നുമല്ല. വിപണിയെ വിമർശിച്ചിട്ടൊന്നും കാര്യമില്ല. അത് അത്തരമൊരു അധികാരശക്തിയാണ്. എന്ന തോന്നൽ കൊണ്ടാണ്.**

വെക്കുന്ന മാനികിനുകളെക്കുറിച്ച് ഒരു കവിത എവിടെയോ വായിച്ചിട്ടുണ്ട്. ഉടുപ്പും ഉടലും എന്ന സാംസ്കാരിക വിഷവുമായി ബന്ധിപ്പിച്ച് മാനികിനുകളെപ്പററി പല ഭാഷകളിലും കവിതകളും കഥകളും വന്നിട്ടുണ്ടാവാം. സുഗതകുമാരിയുടെ കവിതകളുടെ ഒരു സമാഹാരത്തിന് മാനികിൻ നിരയാണ് മുഖചിത്രമായിട്ടുള്ളത്. പെൺമാനികിനുകളുടെ നിര സുഗതകുമാരിക്കവിതയിലേക്കുള്ള ഒരു പുതിയ പ്രവേശകമായിത്തീർന്നിരിക്കുന്നു. ഈകവി സ്ത്രീജീവിതത്തിൻെറ പലപല സംഘർഷങ്ങളെയും സങ്കടങ്ങളെയും വൈകാരിക മർദ്ദത്തോടെ, രചനാസന്ദർഭങ്ങളാക്കിയിട്ടുണ്ട്. സ്ത്രീജീവിതമെന്നാൽ പെൺമാനികിനുകളുടെ ജീവിതം കൂടിയാണ് എന്ന് ആലോചിക്കാൻ കവർച്ചിത്രം പ്രേരണയാകുന്നു.

കുറച്ചു മുൻപു വരെ മാനികിനുകളെ വലിയ കടകളിലെ കാണാറുണ്ടായിരുന്നുള്ളൂ. രണ്ടു മൂന്നു കൊല്ലമായി ചെറിയതരം കടകളിലേക്കും മാനികിനുകൾ വന്നുചേർന്നു. അധികവും ചുരിദാർ ഇട്ടവ. മാനികിനുകളെ മുമ്പ് മററു മനുഷ്യരെപ്പോലെ നിലത്ത് നിൽക്കുന്നതായേ കാണാറുള്ളൂ. ഇപ്പോഴും അതു തുടരുന്നു. പക്ഷേ മറെറാരുതരം കൂടി ഉണ്ടായിരിക്കുന്നു. തൂങ്ങിനില്ക്കുന്ന മാനികിനുകൾ. ചുരിദാറിട്ടവ. ശരീരത്തിൻെറ മുൻഭാഗമേ അവയ്ക്കുള്ളൂ . തലയില്ല. തലയ്ക്കു പകരം ലോഹം കൊണ്ടുള്ള ഒരു കൊളുത്ത്. ചോദ്യചിഹ്നം കണക്കെയുള്ളത്. ഇതുപയോഗിച്ചുകൊണ്ടാണ് തൂക്കിയിടുന്നത്. തലയില്ലാത്ത ഈ സ്ത്രീരൂപങ്ങൾ കടകളുടെ മുൻനിരയിൽ ഒന്നിച്ചിങ്ങനെ തൂങ്ങിനില്ക്കുന്നു. ബിഭത്സമായ കാഴ്ച.

സ്ത്രീ തലവേണ്ടാത്ത ഉടലാണ് എന്ന ആൺകാഴ്ചപ്പാടിൻെറ എന്തെങ്കിലും അളവിലുള്ള പ്രതിനിധാനം ഈ രൂപങ്ങളിലുണ്ട്. കബന്ധം ശുഭകരമായ കാഴ്ചയുമല്ല. പക്ഷേ കടകളിലെ torso കാഴ്ച (torso: a state of a human consisting of the trunk alone, without head or limbs) ഒരു വിമർശനത്തിനും (പരാമർശത്തിനു പോലും) വിഷയമാകാതെ തുടരുകയാണ് സ്ത്രീവാദികൾ സൈദ്ധാന്തികരംഗത്തും പ്രയോഗരംഗത്തും രചനാ രംഗത്തുമൊക്കെയുണ്ട്. സ്ത്രീ സംഘടനകൾ രാഷ്ട്രീയ കക്ഷികളുടെയും യൂണിയനുകളുടെയും ഭാഗമായും അല്ലാതെയും പ്രവർത്തിക്കുന്നു. സ്ത്രീകളായ ശില്പികളും ചിത്രമെഴുത്തുകാരും അനിമേറേറഴ്സും ഉണ്ട്. ഇതൊക്കെ ശ്രദ്ധിക്കുന്ന പുരുഷന്മാരും നിരവധി. ജാഗ്രതയുള്ള ഈ കൂട്ടങ്ങൾക്കൊന്നും തലയില്ലാത്ത പെണ്ണുടലിൻെറ ഈ നഗരപ്രദർശനം അശ്ലീലമായി തോന്നിയതായി ഒരു തെളിവുമില്ല.



വിപണിയെ വിമർശിക്കരുത് എന്നത് കേരളത്തിൽ പതുക്കെ എല്ലാ തലങ്ങളിലും സ്വാംശീകൃതമായിക്കൊണ്ടിരിക്കുന്ന തത്ത്വമാണ്. ആരെയും ഭയപ്പെട്ടിട്ടൊന്നുമല്ല. വിപണിയെ വിമർശിച്ചിട്ടൊന്നും കാര്യമില്ല. അത് അത്തരമൊരു അധികാര ശക്തിയാണ്, എന്ന തോന്നൽ കൊണ്ടാണ്. കേരളത്തിലെ സ്ത്രീകൾ പടിപടിയായി നേടിയെടുത്ത സ്വാതന്ത്ര്യത്തിൻെറ കഥ ഓർക്കാം. കൂടുതൽ സ്ത്രീകൾ ഇന്ന് സ്വന്തമായി വരുമാനം ഉള്ളവരാണ്. വീട്ടമ്മയുടെ സമ്പദ്പദവി ചർച്ചക്ക് വന്നിട്ടുണ്ട്. അധ്യാപന രംഗത്ത് ആണുങ്ങളെക്കാൾ സ്ത്രീകളാണ് എന്നു കേൾക്കുന്നു. സ്ത്രീ വിദ്യാഭ്യാസം വളരെ വിപുലമാണ്. ഇതൊക്കെ പക്ഷേ, പൊതു സമൂഹത്തിൽ സംവാദത്തിൻെറയും ജനാധിപത്യത്തിൻെറയും അവകാശബോധത്തിൻെറയും സർഗ്ഗാത്മതയുടെയും സമരോത്സുകതയുടേയും ആവിഷ്കാരമായിത്തീർന്ന്, പ്രസന്നവും ഊർജ്ജദായകവുമായ സാന്നിധ്യമായി മാറുന്നുണ്ടോ? സ്ത്രീ സ്വാതന്ത്ര്യത്തെ വിപണി തട്ടിയെടുക്കുകയാണോ? കടകളിൽ യഥേഷ്ടം പോയി സാധനങ്ങൾ വാങ്ങാനുള്ള സൗകര്യമായി സ്ത്രീമോചനം പുനർനിർവ്വചിക്കപ്പെടുകയാണോ? സാറാ ജോസഫിനു തുറന്നുപറയേണ്ടി വന്നു. കേരളത്തിൽ ജാതിയ്ക്കും ജാതകത്തിനും ജ്വല്ലറിയ്ക്കും വേണ്ടി ശക്തമായി നിലകൊള്ളുന്നത് സ്ത്രീകളാണ് എന്ന്. തലയില്ലാത്ത മാനികിനുകളെക്കുറിച്ച് പ്രതിഷേധമുയരാത്തത്, സ്ത്രീസ്വത്വബോധം ക്രമാനുഗതമായി വളരാത്തതുകൊണ്ടുതന്നെ. ഇത് ഇവിടത്തെ പെണ്ണുങ്ങൾക്ക് (ആണുങ്ങൾക്ക്) യഥാർത്ഥമായ സ്വാതന്ത്ര്യാനുഭവം വേണ്ട കൺസ്യൂമിസ്റ്റ് ആനന്ദം മാത്രമേ വേണ്ടൂ, എന്നതിൻെറ കൂടി തെളിവാണ്. സ്ത്രീശക്തിയെ വഴിതെററിച്ച് സ്വയം ശക്തിപ്പെടുന്ന വിപണി മുതലാളിത്തത്തെ കുറിച്ചുള്ള ചർച്ചയുടെ ഉദ്ഘാടനം തലയില്ലാത്ത മാനികിനുകളെ കണക്കിലെടുത്തുകൊണ്ട് നടത്താവുന്നതാണ്.

**സ്ത്രീശക്തിയെ വഴിതെററിച്ച് സ്വയം ശക്തിപ്പെടുന്ന വിപണി മുതലാളിത്തത്തെ കുറിച്ചുള്ള ചർച്ചയുടെ ഉദ്ഘാടനം തലയില്ലാത്ത മാനികിനുകളെ കണക്കിലെടുത്തുകൊണ്ട് നടത്താവുന്നതാണ്**



# സ്ത്രീപദവിയും ഇന്ത്യൻ വിദ്യാഭ്യാസവും



**ഡോ. വി. ശിവദാസൻ**
*അഖിലേന്ത്യ പ്രസിഡൻറ്*
*എസ്.എഫ്.ഐ*

വിദ്യാഭ്യാസം തേടി കുട്ടികൾക്ക് കടന്നുവരാൻ കഴിയാത്തതിന്റെ ഏറ്റവും പ്രധാനകാരണം ദാരിദ്ര്യം തന്നെയാണ്. രക്ഷിതാക്കളുടെ സാമ്പത്തിക ശേഷിയില്ലായ്മ, പ്രാഥമികം മുതൽ ഉന്നതവിദ്യാഭ്യാസം വരെയുള്ള പഠനങ്ങൾക്കെല്ലാം തടസമായി നിൽക്കുന്നു. തലചായ്ക്കാൻ ഇടമില്ലാത്ത, ഭക്ഷണത്തിന് ഗതിയില്ലാത്ത ജനത എങ്ങനെ വിദ്യാഭ്യാസം സ്വപ്നം കാണും? വയറ്നിറച്ച് ഭക്ഷണം കഴിക്കുന്ന ദിനരാത്രങ്ങൾ തന്നെയായിരിക്കും അവരുടെ ആദ്യ സ്വപ്നം. പ്രസവിച്ച് പാലൂട്ടിയ മകൻ/മകൾ വിശന്നു കരയുന്നത് ഏതൊരമ്മക്കാണ് സഹിക്കാനാവുക? മുലപ്പാലിനൊപ്പം തീരുന്നതാണ് ഭൂരിപക്ഷം അമ്മമാരുടെയും കുട്ടികളുടെ വിശപ്പ് മാറ്റാനുള്ള ശേഷി. അതുകൊണ്ട് തന്നെ വിദ്യാഭ്യാസ സൗകര്യം ഒരുക്കുന്നതിനേക്കാളും രക്ഷിതാക്കൾ ഉത്കണ്ഠപ്പെടുക അവർക്ക് ഭക്ഷണം ഒരുക്കുന്നതിനായിരിക്കും. ബഹുഭൂരിപക്ഷം കുട്ടികളും സ്കൂളിലേക്ക് പോവുന്നത് തന്നെ ഉച്ചക്കഞ്ഞി എന്ന അവരുടെ സ്വപ്നം സ്കൂൾ വരാന്തയിലാണ് യാഥാർഥ്യമാവുക എന്നതിനാലാണ്. ഉരിയരികഞ്ഞിക്കായി തൂക്കുപാത്രങ്ങളുമായി ക്യൂനിൽക്കുന്ന അമ്മമാരുടെ വലിയ നിര ജാർഖണ്ഡിലെ ചരുട്ടു പഞ്ചായത്തിൽ കാണാൻ കഴിയുകയുണ്ടായി. അവിടത്തെ 90 ശതമാനം വരുന്നവരും ആദിവാസിവിഭാഗത്തിൽ പെട്ടവരാണ്.

ഭൂമിയിൽ വീടില്ലാത്തവർ, വീട് കെട്ടാൻ ഭൂമിയില്ലാത്തവർ.. ഇങ്ങനെ ദാരിദ്ര്യത്തിന്റെ പല മുഖങ്ങൾ നിത്യജീവിതത്തിൽ നമ്മൾ കാണുന്നു. സാമ്പത്തിക വളർച്ചയുടെ അളവ്കോലുകൾ മേലേക്ക് കയറിപ്പോവുന്നുണ്ടാവാം. പക്ഷേ അളവുകോലുകൾ ഒരിക്കലും വീട് കെട്ടാൻ ഉപയുക്തമാവില്ല. വിശക്കുന്നവന് ഭക്ഷണമെന്നത്പോലെ കേറികിടക്കാൻ കൂരയില്ലാത്തവന് അവൻെറ സ്വാതന്ത്ര്യവും സ്വപ്നവും കേറികിടക്കാനുള്ള കൂര തന്നെയായിരിക്കും. അപ്പോൾ മനുഷ്യന്റെ അടിസ്ഥാന ആവശ്യങ്ങളുടെ ലഭ്യത ഉറപ്പു വരുത്തുകയെന്നത് ഏറെ പ്രധാനമാണ്. ഇത് നിർവ്വഹിക്കാനുള്ള സാഹചര്യത്തിൻെറ അഭാവമാണ് കുട്ടികളെ ബാലവേലയിലേക്കും മററും നയിക്കുന്നത്. പാഠശാലയിലേക്ക് പോകാതെ പണിശാലയിലേക്കു പോകുന്ന ലക്ഷക്കണക്കായകുട്ടികളാണ് ഇന്ത്യയിലുള്ളത്. കുട്ടികൾ തൊഴിലെടുത്ത് കിട്ടുന്ന വരുമാനം കുടുംബത്തിന് സഹായമാകുമെന്ന് ദരിദ്രരായ രക്ഷിതാക്കൾ കരുതുന്നു. കാർഷീക പ്രധാനമായ വീടുകളിൽ തൊഴിലെടുക്കാൻ കൂടുതലാളുകൾ വേണ്ടിവ

രും. അങ്ങനെയുള്ള അവസരങ്ങളിൽ കുട്ടികളെ സ്കൂളിലയക്കുന്നതിന് രക്ഷിതാക്കൾ മടിക്കുന്നു. സാമ്പത്തികമായി പിന്നണിയിൽ കിടക്കുന്നവർ പെൺമക്കളുടേതിനേക്കാൾ ആൺകുട്ടികളുടെ വിദ്യാഭ്യാസത്തിനാണ് കൂടുതൽ പ്രധാന്യം നൽകുന്നതെന്നാണ് പഠനങ്ങൾ വ്യക്തമാക്കുന്നത്. ആൺകുട്ടികളെ പഠിപ്പിക്കുന്നത് ഒരു നിക്ഷേപമായി അവർ കണ്ടേക്കാം. എന്നാൽ പെൺകുട്ടികളെ പഠിപ്പിക്കുന്നതിനെ പലപ്പോഴും ദുർവ്യയമായാണ് കാണക്കാക്കുന്നത്. സ്കൂളിലെ പഠനത്തേക്കാൾ അവർ പഠിക്കേണ്ടത് വീട്ടുജോലികളാണെന്ന ധാരണ ഏറെശക്തവുമാണ്.

ഇന്ത്യയിലെ പ്രധാനരാഷ്ട്രീയ പാർടികളിൽ പലതും ദാരിദ്ര്യ നിർമാർജനത്തോട് സ്വീകരിക്കുന്ന സമീപനം വളരെ വികലമായതാണ്. ദരിദ്രർക്ക് ആശ്വാസത്തിനുള്ള പദ്ധതിയല്ല, ദാരിദ്ര്യത്തിന്റെ അവസാനത്തിനുള്ള പദ്ധതിയാണ് ജനങ്ങൾക്ക് വേണ്ടത്. എന്നാൽ അനുഭവങ്ങളങ്ങനെയല്ല. ഇത്തരക്കാരുടെ വീക്ഷണത്തിൻെറ വികൃതമുഖമാണ് 2004ൽ ലഖ്നൗവിൽ കണ്ടത്. ആവർഷം ബിജെപിയുടെ നേതൃത്വത്തിൽ ലഖ്നൗവിൽ ഒരു സൗജന്യ സാരി വിതരണം സംഘടിപ്പിച്ചിരുന്നു. ലാൽജി ഠണ്ഡന്റെ പിറന്നാളിനോട് അനുബന്ധിച്ചന്ന പേരിലാണ് പരിപാടി ഒരുക്കിയത്. യഥാർഥത്തിലത് ബിജെപിയുടെ തെരഞ്ഞെടുപ്പ് പ്രചരണ പരിപാടിയായിരുന്നു. അവിടെ 20,000ലേറെ ആളുകളാണ് സൗജന്യമായി കിട്ടുന്ന സാരി വാങ്ങാൻ എത്തിയത്. അന്ന് അവിടെയുണ്ടായ തിക്കിലും തിരക്കിലും പെട്ട് 22 സ്ത്രീകളാണ് മരണപ്പെട്ടത്. അവർ ജീവിക്കാൻ ഒരു തുണ്ടു ഭൂമിപോലും ഇല്ലാത്ത പാവങ്ങളായിരുന്നു. അവർക്ക് ഭൂമി കൊടുക്കാനുള്ള മനസ് ബി.ജെ.പി ക്കും കോൺഗ്രസിനും ഉണ്ടായിട്ടില്ല. പകരം അവർ സാരിയാണ് കൊടുത്തത്. ദാരിദ്ര്യം മാറ്റാൻ സാരിയല്ല, ഭൂമിയാണ് ആദ്യം കൊടുക്കേണ്ടത്. അതിന് മനസില്ലാത്ത ഭരണാധികാരികൾ, അവരുടെ നയങ്ങൾ തിരുത്തിക്കാൻ ശേഷിയില്ലാത്ത ജനങ്ങൾ- ഇതിന് രണ്ടിനും മാറ്റം വരണം.

ജനിച്ചാലല്ലേ സ്കൂളിൽ പോക്ക് എന്നത് സ്ത്രീകളുടെ വിദ്യാഭ്യാസത്തെ കുറിച്ച് ചർച്ച ചെയ്യുമ്പോൾ ഉയരുന്ന ചോദ്യമാണ്. 2011ലെ ദേശീയ സർവേ പ്രകാരം ഇന്ത്യയിൽ സ്ത്രീപുരുഷ അനുപാതം 940 ആണ്. കേന്ദ്രഭരണ പ്രദേശമായ ഡാമൻ ആന്റ് ഡ്യുവിലേതാകട്ടെ 1000 പുരുഷൻമാർക്ക് 618 സത്രീകൾ എന്നതാണ്. ആറ് വയസുവരെയുള്ള കുട്ടികൾക്കിടയിൽ അനുപാതം 1000/914 എന്നനിലയിലാണ് ദേശീയ ശരാശരി. പെൺകുട്ടികളുടെ എണ്ണത്തിൽ കുറവ് വരാൻ വ്യത്യസ്ത കാരണങ്ങളുണ്ട്. പെൺഭ്രൂണഹത്യ അതിൽ പ്രധാനമാണ്. കുടുംബത്തിലെ ആദ്യപ്രസവത്തിൽ പെൺകുട്ടിയാണെങ്കിൽ അത് മോശം ലക്ഷണമാണെന്ന് വിശ്വസിക്കുന്നവരുണ്ട്. ആൺകുട്ടിയുടെ ജനനമാകട്ടെ ഭാഗ്യമായി കണക്കാക്കുകയും ചെയ്യുന്നു. ഇത്തരം അന്ധവിശ്വാസത്തിന്റെ സൂക്ഷിപ്പുകാർ ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യയിലൂടെ ജനിക്കാനിരിക്കുന്ന കുഞ്ഞിന്റെ ലിംഗമേതെന്ന് തിരിച്ചറിയിന്നു. പെൺകുഞ്ഞാണെങ്കിൽ ഭ്രൂണത്തെ നശിപ്പിക്കുകയും ചെയ്യുന്നു. നിയമപരമായി നിരോധിക്കപ്പെട്ടതാണെങ്കിലും രാജ്യത്തെ വിവിധ ഭാഗങ്ങളിൽ ഇത് നിർബാധം തുടരുന്നുണ്ട്. ഇതിനായി സ്പെഷ്യലൈസ്ഡ് ആശുപത്രികളും ഡോക്ടർമാരും തന്നെയുണ്ട്. അവർക്ക് ഇതൊരു നല്ല വരുമാന മാർഗവുമാണ്. തമിഴ്നാട്ടിലെ ഉസിലാംപെട്ടി താലൂക്കിൽ പെൺകുട്ടികൾ മരിച്ചുകൊണ്ടാണ് ജനിക്കാറെന്ന് ആശാകൃഷ്ണകുമാർ തന്റെ ലേഖനത്തിൽ എഴുതുകയുണ്ടായി. ഒന്നരപതിറ്റാണ്ട് മുമ്പാണിതെഴുതിയതെങ്കിലും തമിഴ്നാട്ടിലെ പലയിടത്തും അതിപ്പോഴും ഒരു യാഥാർത്ഥ്യമായി തുടരുകയാണ്. ഹരിയാനയിലും രാജസ്ഥാനിലുമൊക്കെ പെൺഭ്രൂണഹത്യക്കായി സഞ്ചരിക്കുന്ന ക്ലിനിക്കുകൾ തന്നെ പ്രവർത്തിക്കുന്നുണ്ട്.

വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ആവശ്യമായ അടിസ്ഥാന സൗകര്യങ്ങളുടെ നില ഇന്നേറെ പരിതാപകരമാണ്. ഇതിലേറെ പ്രധാനമാണ് സൗകര്യപ്രദവും മെച്ചപെട്ടതുമായ ടോയ്ലറ്റ് സൗകര്യങ്ങൾ. ആൺകുട്ടികളേക്കാളേറെ ഇതും പെൺകുട്ടികളെതന്നെയാണ് ബാധിക്കുക. രാവിലെ സ്കൂളിൽ എത്തുന്നത് മുതൽ വൈകുന്നേരം ക്ലാസ് കഴിയുന്നതുവരെ ഒരു തുളളിവെള്ളം പോലും കുടിക്കാത്തവരുണ്ട്. അവരുടെ ഉത്തരം വളരെ ലളിതമാണ്. അത് മൂത്രമൊഴിക്കാനിടമില്ലെന്നതാണ്. ഇത് ഏറെ ആരോഗ്യപ്രശ്നങ്ങൾക്ക് കാരണമാകും. ആരോഗ്യ മേഖലയിൽ പ്രവർത്തിക്കുന്നവർ ഇതൊരു ഗൗരവപ്പെട്ട വിഷയമാണെന്ന് കൂടെകൂടെ ഓർമ്മപ്പെടുത്തികൊണ്ടിരിക്കുന്നു. രാജ്യത്തെ എഴുപത് ശതമാനത്തിലധികം സ്കൂളുകൾ പ്രവർത്തിക്കുന്നത് ഉപയോഗപ്രദമായ ടോയ്ലറ്റ് സൗകര്യങ്ങളില്ലാതെയാണ്. ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിലും ഈ നിലകാണാൻ കഴിയും. മഴയത്തും വെയിലത്തും ഓലമറയുടെ സംരക്ഷണം പോലുമില്ലാതെ പ്രവർത്തിക്കുന്ന പതിനായിരകണക്കിന് വിദ്യാഭ്യാസസ്ഥാപനങ്ങളുള്ള രാജ്യമാണ് ഇന്ത്യ. അങ്ങനെയുള്ള രാജ്യത്ത് അടിസ്ഥാന സൗകര്യങ്ങളുടെ മെച്ചപ്പെടുത്തലിന്റെ പ്രധാന്യം വളരെ വലുതാണ്. എന്നാലതുൾക്കൊള്ളാൻ ഗവൺമെന്റുകൾ തയ്യാറാകുന്നില്ലെന്നത് നമ്മുടെ മുന്നിലൊരു യാതാർത്ഥ്യമായി നിൽക്കുന്നു. രാജ്യത്തെ സാധാരണക്കാരനെ അവരെത്രമാത്രം അവജ്ഞയോടെയാണ് നോക്കികാണുന്നതെന്നതിന്റ തെളിവാണത്.

വിദ്യഭ്യാസ സ്ഥാപനത്തിലേക്ക് പ്രവേശനം നേടുന്നവരുടെ എണ്ണത്തിൽ പെൺകുട്ടികൾ പിറകിലാണ്. ജനന നിരക്കിലെ അനുപാതത്തിൽ സ്ത്രികളിടെ എണ്ണം പിറകിലാണെന്നത് മാത്രമായി ഇതിൻെറ കാരണത്തെ ചുരുക്കികണ്ടുകൂട. വിദ്യഭ്യാസ സ്ഥാപനത്തിൽ നിന്നുളള കൊഴിഞ്ഞുപോക്കിൻെറ നിരക്കിലും പെൺകുട്ടികളുടെ എണ്ണം ആൺകുട്ടികളെ അപേക്ഷിച്ച് വളരെ കൂടുതലാണ്. പ്രൈമറി തലം മുതൽ ഉന്നതവിദ്യഭ്യാസം വരെ ഇതുകാണാനാകും. അതോടൊപ്പം ക്ലാസ് മുറികളിലെ ഹാജർ നിലയിലും പെൺകുട്ടികൾ പിറകിലാണ്. ഇതിനൊക്കെ വിത്യസ്തങ്ങളായ കാരണങ്ങളുണ്ട്. മുൻപ് പരാമർശിച്ചതിനുപുറമെ പെൺകുട്ടികളുടെ ജൈവസവിശേഷതകളും ഇതിലൊന്നാണ്. മനുഷ്യശരീര ഘടനയെകുറിച്ചും, ശരീരവളർച്ചയുടെ വ്യത്യസ്തഘട്ടത്തെകുറിച്ചും ശരിയായവിധത്തിലുളള പഠനം സ്കൂൾ തലത്തിൽ തന്നെ ആവശ്യമാണ്. എന്നാൽ ഇന്ന് ഇതിൻെറ അഭാവം നിലനിൽക്കുന്നുണ്ട്. സർവ്വകലാശാല പഠനം പൂർത്തീകരിച്ച ഒരു സ്ത്രി അവരുടെ സ്കൂൾ ജീവിതത്തിലെ ഒരനുഭവം പറയുകയുണ്ടായി. അതിങ്ങനെയാണ്. പത്താം ക്ലാസ് പരീക്ഷയെഴുതാൻ പോകുന്ന വേളയിലാണത്രെ അവർക്ക് ആർത്തവം ഉണ്ടായത്. ഇതെന്തെന്നറിയാതെ

ഭയന്ന് പരീക്ഷയെഴുതാതെ അവർ വീട്ടിലേക്കു പോയി. അങ്ങനെ പത്താം ക്ലാസ് പരീക്ഷയിൽ അത്തവണ പരാജയപ്പെട്ടു. ഇതിനെ കേവലമായി ഒരു കുട്ടിയുടെ ഒററപ്പെട്ട അനുഭവമായി ചുരുക്കികാണരുത്. വിദ്യാഭ്യാസ സമ്പ്രദായത്തിലെ സമഗ്രതയുടെ അഭാവത്തിലേക്കാണിത് വിരൽ ചൂണ്ടുന്നത്. സ്കൂൾ ക്ലാസ്മുറിയിൽ പരാഗരേണുക്കളുടെ സവിശേഷതയെകുറിച്ചുളള പാഠാഗമെത്തുമ്പോൾ അത് നിങ്ങൾ വീട്ടിൽപോയി വായിച്ചാൽ മതിയെന്ന് പറയുന്ന അധ്യാപകർ ഒരു പൊതുചിത്രമാണെന്നത് ഇതിനോട് ചേർത്ത്വായിക്കുക.

സമഗ്രമായ വിദ്യാഭ്യാസത്തിന്റെ അഭാവം ആരോഗ്യപരിചരണ സംവിധാനത്തെകുറിച്ചുളള അറിവ് അവർക്ക് ഇല്ലാതാക്കുന്നു. അങ്ങനെയാകുമ്പോൾ ശുചിത്വമുളള പരിസരവും ജീവിതക്രമവും അവർക്ക് അന്യമാകും. ദാരിദ്ര്യം നേരിടുന്ന വീടുകളിൽ രക്ഷിതാക്കൾ വിദ്യാഭ്യാസകാര്യത്തിലെന്നതുപോലെ ആൺകുട്ടികളുടെ ആരോഗ്യത്തെയാണ് കൂടുതൽ ശ്രദ്ധിക്കുന്നത്. ഭാവിയിൽ ആൺമക്കളാണ് തൊഴിലെടുത്ത് അച്ഛനമ്മമാരെ സംരക്ഷിക്കേണ്ടതെന്ന് അവർ കരുതുന്നു. ആൺകുട്ടികൾക്ക് ഭക്ഷണ പരിചരണ കാര്യങ്ങളിലെല്ലാം ഒരു മുൻഗണന ഇന്നത്തെ സമൂഹത്തിൽ കാണാൻ കഴിയുന്നുണ്ട്. സ്ത്രീകളും പെൺകുട്ടികളും അഭിമുഖീകരിക്കേണ്ടിവരുന്ന പോഷകാഹാരകുറവിനെ ഇത് കൂടുതൽ ഭീകരമാക്കുന്നു. തൊണ്ണൂറ്റി രണ്ട് ശതമാനം അമ്മമാരും പോഷകാഹാരമെന്ന പദം തന്നെ കേൾക്കാത്തവരാണ്. സർവ്വേകൾ വെളിപ്പെടുത്തുന്നത് അമ്മമാരുടെ വിദ്യാഭ്യാസ നിലവാരം കുട്ടികളുടെ ആഹാര ക്രമം നിർണയിക്കുന്നതിലൊരു പ്രധാന ഘടകമാണെന്നാണ്. പുതിയ സർവ്വേകൾ പ്രകാരം ഇന്ത്യയിലെ പകുതിയിലധികം കുട്ടികളും പോഷകാഹാരക്കുറവ് അനുഭവിക്കുന്നവരാണ്. 2011 ലെ നന്ദി ഫൗണ്ടേഷന്റെയും മററുംചില സർവ്വേകൾ പ്രകാരം നാൽപത്തഞ്ച് ശതമാനത്തോളം കുട്ടികൾ ഭാരകുറവുളളവരാണ്.

സ്കൂൾ രജിസററിലുൾപ്പെടെ ആൺ കുട്ടികൾക്ക് മുൻഗണന നൽകുന്ന ഒരു രീതിയായിരുന്നു നേരത്തെയുണ്ടായിരുന്നത്. പേർവിളിക്കുന്നിടത്തുവരെ പെൺകുട്ടികളിൽ തങ്ങൾ രണ്ടാം കിടക്കാരെന്ന ഒരു ബോധരൂപീകരണത്തിന് ഇതു കാരണമാകുമായിരുന്നു. കേരളത്തിൽ ഏറെയൊന്നും വർഷം മുമ്പല്ലാതെയാണ് ഈ രീതിക്ക് മാറ്റം വന്നത്. ടെക്സ്റ്റ് ബുക്കുകളിലും പാഠഭാഗങ്ങളിലും സ്ത്രീകളെ ഇകഴ്ത്തികാണിക്കുന്ന പ്രവണത മറ്റൊരു വിഷയമാണ്. രാവിലെ അമ്മ കുളിപ്പിക്കും പുത്തനുടുപ്പുകളിടുവിക്കും ഇത് പുസ്തകത്തിലെ വരികളാണ്. ഇവിടെ അമ്മകുളിപ്പിക്കുന്നതിലല്ല, ആവർത്തനങ്ങളിലൂടെ ഉളളടക്കം നൽകുന്ന ആശയമാണ് പ്രശ്നം. പാഠഭാഗത്തൊരിക്കലും ഇതിനൊരു മാററം കാണാറില്ല. ജോലിക്കുപോകുന്ന അച്ഛനും ഭക്ഷണം പാകം ചെയ്യുന്ന അമ്മയുമായിരിക്കും ഇനി മററൊരുഭാഗത്ത്. പരമ്പരാഗത സങ്കൽപ്പങ്ങൾക്കിടയിലൂടെ രൂപപെട്ട പാഠഭാഗങ്ങളാണിവയെല്ലാം. ഒരിക്കൽ പോലും ഇത്തരം ഭാഗങ്ങളിൽ അച്ഛൻമാരെ കാണാറില്ല. സ്ത്രിലിംഗപദങ്ങൾക്ക് പകരംവെക്കാനില്ലാത്ത ഭാഷയിലെ നിരവധി പദങ്ങൾ മറ്റൊരുവിഷയമായി നിൽക്കുന്നു.

ബ്രിട്ടീഷ് കോളനി ഭരണകാലത്ത് കരിക്കുലമെന്നത് ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും വ്യത്യസ്തമായിട്ടായിരുന്നു. 1882ലെ വിദ്യാഭ്യാസകമ്മീഷന്റെ നിർദേശങ്ങളിൽ കൃത്യമായും ഇത്കാണാനാകും. വ്യത്യസ്തകരിക്കുലമെന്ന കാഴ്ച്ചപാട് വലിയനിലയില്ലൊന്നും ചോദ്യം ചെയ്യപ്പെട്ടിരുന്നില്ല. 1960കളിൽ ഇത് സമ്പന്ധിച്ച് നടന്ന ചർച്ചകൾ ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും വിത്യസ്ത കരിക്കുലമെന്നതിന് മാറ്റമുണ്ടാക്കാൻ സഹായകമായി. 1964ലെ കരിക്കുലത്തിന്റെ വ്യത്യാസത്തെ കുറിച്ച് പഠിക്കാൻ ചുമതലപ്പെട്ട കമ്മിറ്റിയുടേയും 1974ലെ സ്ത്രീ പദവിയെകുറിച്ച് പഠിക്കാൻ നിശ്ചയിക്കപ്പെട്ട കമ്മിറ്റിയുടേയും റിപ്പോർട്ടുകൾ പൊതുകരിക്കുലമെന്നതിനെ സ്വീകാര്യമാക്കിമാറ്റി. സ്ത്രീകളുടെ വിദ്യാഭ്യാസ പുരോഗതി ലക്ഷ്യമാക്കിയാണ് ഇന്ത്യയിൽ വനിതാകോളേജുകൾ സ്ഥാപിക്കപ്പെട്ടത്. ഗുണപരമായ മാറ്റം അതുണ്ടാക്കിയിട്ടുമുണ്ട്. എന്നാൽ കേരളം പോലുളള സംസ്ഥാനങ്ങളിൽ നിലവിൽ പ്രവർത്തിക്കുന്ന ഇത്തരം കോളേജുകളുടെ സാംഗത്യംചർച്ചചെയ്യപ്പെടേണ്ടതാണ്. പൊതുസമൂഹത്തിന്റെ പരിഛേദമാണല്ലോ കാമ്പസുകൾ. ആ അർത്ഥത്തിൽ പെൺകുട്ടികൾ മാത്രമുളള കോളേജുകൾ ഈയൊരു കർത്തവ്യനിർഹണത്തിന് എത്രമാത്രം പര്യാപ്തമാകുമെന്നത് ഗൗരവമുളള ചോദ്യം തന്നെയാണ്.

സ്വകാര്യ സ്വാശ്രയ കോളേജുകൾ അവിടത്തെ വിദ്യാർത്ഥികളെ വാർത്തെടുക്കാൻ നോക്കുന്നത് ജനങ്ങളുമായി ബന്ധമില്ലാത്തവരായാണ്. യാഥാർത്ഥ്യബോധമുളളവർക്ക് ഇത്തരം കോളേജുകളിലെ പഠനം ഒരുതടവറ ജീവിതമായിരിക്കും. ഇവിടങ്ങളിൽ വിദ്യാർത്ഥിനികൾക്കുമേൽ പ്രത്യേകമായി പലവിധനിയമങ്ങൾ അടിച്ചേൽപ്പിക്കുന്നുണ്ട്. അതുകൊണ്ടാണ് സ്വാശ്രയകോളേജിലെ എൻജിനീയറിങ് പഠനകാലത്തെ ഓർമ്മിച്ചുകൊണ്ട് ഇപ്പോൾ ഇന്ത്യയിലെ ഒരു പ്രശസ്തമായ ഇൻസററിറ്റ്യൂട്ടിലെ വിദ്യാർത്ഥിനി എനിക്കിവിടെയാണ് സ്വതന്ത്ര വായു കിട്ടിയതെന്ന് പറയുകയുണ്ടായത്. ഇന്നത്തെ സമൂഹ്യയാദാർത്ഥ്യങ്ങളെ മനസിലാക്കാൻ കഴിയാത്തവരാക്കി വിദ്യാർത്ഥികളെ മാറ്റുന്നതിന്റെ ഫലം എത്രമാത്രം മോശമായിരിക്കുമെന്നത് സമൂഹം അനുഭവിക്കേണ്ടിവരും.

സർവ്വകലാശാലകളിലുൾപ്പെടെ സ്ത്രീപഠനം ഇന്നൊരു പ്രത്യേക പഠനവിഭാഗമായിമാറികഴിഞ്ഞു. സ്ത്രീ വിമോചനമെന്നത് ചൂഷിത ജനതുടെ മോചനത്തിലൂടെ മാത്രം സാധ്യമാകുന്നതാണ്. സിലബസും പാഠ്യക്രമവും രൂപപ്പെടുത്തേണ്ടത് അതിനനുസരിച്ച് തന്നെയായിരിക്കണം. എന്നാലത് പലപ്പോഴും ആ നിലയിലേക്ക് ഉയരുന്നില്ലെന്നത് ഒരുയാഥാർത്ഥ്യമാണ്. ചിലയിടത്തെങ്കിലും ഇത്തരം വകുപ്പുകളിൽ ഉപരിപ്ലവ ഫെമിനിസ്റ്റുമനസുകൾക്ക് ഏറെ സ്വാധീന്യവുമുണ്ട്. ഇവരിൽ ചിലർ കരുതിയിരിക്കുന്നത് സിഗററ്റ് ആഞ്ഞുവലിക്കുമ്പോൾ അകത്തേക്കു പോകുന്ന നിക്കോട്ടിനിലൂടെയാണ് സ്ത്രീവിമോചനം വരികയെന്നാണ്. ആൾക്കഹോളകത്തു ചെന്നില്ലെങ്കിൽ പിന്നെങ്ങനെ ജൈവബുദ്ധിജീവിയാകുമെന്ന് സംശയിക്കുന്നവരേയും ഇക്കൂട്ടത്തിൽ കാണാം.

ഇത് അരാജകത്വം സൃഷ്ടിക്കുന്ന അരാഷ്ട്രീയതയുടെ വൈകൃതങ്ങളാണ് നമുക്ക് കാട്ടിതരുന്നത്. ഇത്തരം പഠനവിഭാഗങ്ങളെ മാനവീകതയുടേയും സമ ാവനയുടേയും രാഷ്ട്രീയത്തിന്റെ പഠനത്തിനും പ്രയോഗത്തിനുമുളള കേന്ദ്രമാക്കി മാറ്റിതീർക്കണം



# പോരാട്ടങ്ങളിലെ സ്ത്രീ



പ്രൊഫ.ടി.എ.ഉഷാകുമാരി
*എ.കെ.പി.സി.ടി.എ മുൻ സംസ്ഥാന വൈസ് പ്രസിഡന്റ്*

*"We realize the importance of light when we see darkness. We realize the importance of our voice when we are silenced"*

2013 ജൂലായ് 12 ന് ഐക്യരാഷ്ട്ര സഭയുടെ യൂത്ത് അസംബ്ലിയിൽ മലാല യൂസഫ് സായ് എന്ന 16 വയസ്സുകാരി നിലയ്ക്കാത്ത കരഘോഷങ്ങൾക്കിടയിൽ നടത്തിയ പ്രസംഗത്തിന്റെ പ്രസക്തഭാഗമാണിത്.

ഐക്യരാഷ്ട്രസഭ നിരവധി പ്രസംഗങ്ങൾക്ക് സാക്ഷ്യം വഹിച്ചിട്ടുണ്ട്. സാമ്രാജ്യത്വത്തെയും നവകോളനീകരണ ശ്രമങ്ങളെയും തുറന്നുകാട്ടിയ ലാറ്റിനമേരിക്കൻ വിമോചനപോരാട്ടത്തിന്റെ പ്രതീകങ്ങളായ ഏണസ്റ്റോ ചെ ഗുവേര, ഫിദൽ കാസ്ട്രോ, ഹ്യൂഗോ ഷാവേസ്, ജൂത തീവ്രവാദ (Zionism)ത്തിനെതിരെയും പലസ്തീൻ ജനതയുടെ സ്വയം നിർണയാവകാശത്തിനുവേണ്ടിയും പോരാടിയ യാസ്സർ അറഫാത്ത്, ഭൂമിയുടെ പച്ചപ്പിനെക്കുറിച്ചും (Green Belt) സ്ത്രീകളുടെ അവകാശങ്ങളെക്കുറിച്ചും ഉദ്ഘോഷിച്ച വാംഗാരി മാതായ് , ആഫ്രിക്കൻ ദേശീയതയുടെയും വർണ്ണ വിവേചന (Apartheid )ത്തിനെതിരായ പോരാട്ടത്തിന്റെയും പ്രതീകങ്ങളായി മാറിയ പാട്രീസ് ലുമുംബ, നെൽസൺ മണ്ടേല .. നിലപാടുകൾ നിർഭയമായി പ്രഖ്യാപക്കാനുള്ള വേദിയാക്കി ഐക്യരാഷ്ട്രസഭയെ മാറ്റിയ നേതാക്കളുടെ പ്രസംഗങ്ങൾ ലോകജനതയേയും ആവേശം കൊള്ളിച്ചിട്ടുണ്ട്

ഐക്യരാഷ്ട്രസഭയെയും ലോകജനതയെയും ചിന്തിക്കാൻ പ്രേരിപ്പിക്കുന്ന നിശ്ചയദാർഢ്യത്തിന്റെയും നിർഭയത്വത്തിന്റെയും പോരാട്ടസന്നദ്ധതയുടെയും വാക്കുകളാണ് മലാലയുടെ പ്രസംഗത്തെ ശ്രദ്ധേയമാക്കുന്നത്. പാക്കിസ്താനിലെ സ്വിറ്റ്സർലാന്റ് എന്ന് വിശേഷിപ്പിക്കപ്പെടുന്ന ഉത്തരവസീറിസ്ഥാനിലെ സ്വാത് താഴ്‌വര നാടോടി സംസ്കൃതിയുടെയും സൂഫി ദർശനങ്ങളുടെയും ഈറ്റില്ലമായിരുന്നു. സംഗീതത്തിന്റെയും നൃത്തത്തിന്റെയും ചിത്രകലയുടെയും കേദാരമായ സ്വാത് താഴ്‌വര ഇന്ന് മതമൗലികസംഘടനയായ താലിബാന്റെ പിടിയിലാണ്. തന്റെ 11 ാം വയസ്സിൽ ബി.ബി.

സി യിൽ ഗുൽമക്കായ് (ധാന്യക്കതിർ) എന്ന പേരിൽ ബ്ലോഗെഴുത്ത് തുടങ്ങിയതും സ്ത്രീകൾക്ക് വിദ്യാഭ്യാസം നിഷേധിച്ച് അടുക്കളയിൽ തളച്ചിടാൻ ശ്രമിക്കുന്ന താലിബാനിസത്തെ തുറന്നു കാട്ടുന്ന ഡയറിക്കുറിപ്പുകൾ സോഷ്യൽ മീഡിയയിൽ പ്രസിദ്ധീകരിച്ചതുമാണ് താലിബാനെ പ്രകോപിപ്പിച്ചത്

താലിബാൻ എന്ന വാക്കിന്റെ അർത്ഥം വിദ്യാർത്ഥി എന്നാണ്. പക്ഷെ താലിബാൻ എന്ന ഭീകരപ്രസ്ഥാനം പ്രധാനമായും സ്ത്രീ വിദ്യാഭ്യാസത്തിനെതിരാണ്. പെൺകുട്ടികളുടെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ അടപ്പിച്ച താലിബാൻ നടപടിയിൽ സഹപാഠികളെ സംഘടിപ്പിച്ച് പ്രതിഷേധിച്ചു എന്നതാണ് 2012 ഒക്ടോബർ 9 ന് മലാലയ്ക്ക് നേരെ നിറയൊഴിക്കാനും കൂട്ടുകാരികളെ മാരകമായി പരിക്കേൽപ്പിക്കാനും താലിബാനെ പ്രേരിപ്പിച്ചത്. നെറ്റിയുടെ ഇടതുഭാഗത്ത് തുളച്ചുകയറിയ വെടിയുണ്ടയ്ക്ക് പക്ഷെ മലാലയുടെ ജീവൻ അപഹരിക്കാൻ കഴിഞ്ഞില്ല. ജീവിതത്തിലേക്ക് തിരികെ വന്ന മലാലയുടെ വാക്കുകൾ തന്നെ ശ്രദ്ധിക്കുക

" The terrorists thought they would change my aims and stop my ambitions. But nothing changed in my life except this: weakness, fear and hopelessness died. Strength, power and courage were born......

Today I am focusing on women's rights and girls' education because they are suffering the most. There was a time when women activists asked men to stand up for their rights. But this time we will do it by ourselves. I am not telling men to step away from speaking for women's rights, but I am focusing on women to be independent and fight for themselves.

So let us wage, so let us wage a glorious struggle against illiteracy, poverty and terrorism, let us pick up our books and our pens, they are the most powerful weapons. One child, one teacher, one book and one pen can change the world. Education is the only solution. Education first".

ചരിത്രപരമയി നിശ്ശബ്ദരാക്കപ്പെട്ട സ്ത്രീകൾ ലോകവ്യാപകമായി ഉണർന്നെഴുന്നേൽക്കുന്നതിന്റെ കാഴ്ചകളാണ് പുതിയ കാലത്തിന്റെ സവിശേഷത. അടുക്കളയിൽനിന്ന് അരങ്ങത്തെത്താനും പൊതുഇടങ്ങളിൽ സമത്വഭാവനയോടെ ഇടപഴകാനും ആഗോളവൽക്കരണകാലത്തെ അധ്വാനചൂഷണത്തെ ചെറുക്കാനും മതമൗലികതയും കമ്പോളശക്തികളും ചേർന്ന് സ്ത്രീയെ വിൽപനചരക്കും ഗാർഹികഅടിമയും ആക്കുന്നതിനുമെതിരെ നടക്കുന്ന എല്ലാ പോരാട്ടങ്ങളിലും പെണ്ണുണർവ്വിന്റെ ദൃശ്യങ്ങളാണിന്ന് കാണാൻ കഴിയുക.

ഇസ്ലാമിക രാജ്യങ്ങളിൽ പർദ്ദയ്ക്കുള്ളിലെ പടയിരമ്പം ശക്തമാണ്. ഇതിന്റെ ഏറ്റവും നല്ല ഉദാഹരണമാണ് സാമ്രാജ്യത്വവിരുദ്ധപോരാട്ടത്തിന്റെ പാരമ്പര്യമുള്ള അഫ്ഘാനിസ്താൻ. 1880 ലെ രണ്ടാം ആംഗ്ലോ-അഫ്ഘാനിസ്ഥാൻ യുദ്ധത്തിൽ ബ്രിട്ടീഷുകാർക്കെതിരായി അടരാടിയ രക്തസാക്ഷിയാണ് കാണ്ഡഹാർ പ്രവിശ്യയിലെ മേവന്തിലെ മലാലയ് എന്ന ധീരവനിത. സാമ്രാജ്യത്വ അധിനിവേശത്തിനും മതമൗലികവാദ ത്തിനുമെതിരെയുള്ള ഇപ്പോഴത്തെ പോരാട്ടത്തിൽ പരാമർശിക്കപ്പെടേണ്ട പേരാണ് മേവന്തിലെ മലാലയുടെ പിൻമുറക്കാരിയായ മലാലായ് ജോയയുടേത്. ഞാൻ ശബ്ദമുയർത്തുമ്പോൾ എന്ന തന്റെ ഓർമ്മക്കുറിപ്പുകളിൽ യുദ്ധവും മതമൗലികതയും അടിച്ചേൽപ്പിച്ച ആഘാതങ്ങളെയും ഭരണകൂടത്തിന്റെ സ്ത്രീവിരുദ്ധ സമീപനങ്ങളേയും വരച്ചുകാട്ടുന്നുണ്ട്. 27-ാം വയസ്സിൽ പാർലമെന്റംഗമായി തിരഞ്ഞെടുക്കപ്പെട്ടെങ്കിലും സ്ത്രീ പ്രശ്നങ്ങൾ നിരന്തരമായി ഉന്നയിച്ചതിന്റെ പേരിൽ പുറത്താക്കപ്പെടുകയാണുണ്ടായത്. വിവാഹിതയെങ്കിലും സുരക്ഷാകാരണങ്ങളാൽ ഒളിവ് ജീവിതം നയിക്കാൻ നിർബ്ബന്ധിതയായ മലാലായ് ജോയയ്ക്ക് കുടുംബജീവിതവും സാമൂഹ്യപ്രവർത്തനവും ഇന്ന് അസാദ്ധ്യമായിരിക്കയാണ്..

ടുണീഷ്യയിൽ തുടക്കം കുറിച്ച് ഉത്തരാഫ്രിക്കയിലെയും പശ്ചിമേഷ്യയിലെയും 22 രാജ്യങ്ങളിലേക്ക് കാട്ടുതീ പോലെ പടർന്നുകയറിയ അറബ് വസന്തത്തിലെ സ്ത്രീ മുന്നേറ്റം ലോകത്താകമാനമുള്ള പുരോഗമനശക്തികൾക്ക് ആവേശം പകരുന്നുണ്ട്. ടുണീഷ്യ, ഈജിപ്ത്, അൾജീരിയ, ലിബിയ, യമൻ, ജോർദ്ദാൻ, സിറിയ, മൗറിട്ടാനിയ, സുഡാൻ, മൊറോക്കോ, സൗദിഅറേബ്യ, ഒമാൻ, ബഹറൈൻ തുടങ്ങിയ രാജ്യങ്ങളിലെ 35 കോടിയോളം ജനതയുടെ അസംതൃപ്തിയുടെ തീനാളങ്ങളാണ് ആളിപ്പടർന്നത്. സൗദി അറേബ്യൻ സ്ത്രീകളുടെ അവകാശ സംരക്ഷണത്തിനും പ്രതിരോധത്തിനുമുള്ള അസ്സോസിയേഷൻ(Association for the Protection and Defense of Women's Rights in Saudi Arabia). അസ്സോസിയേഷന്റെ നേതൃത്വത്തിൽ സ്ത്രീകൾക്ക് കാറോടിക്കാനുള്ള സ്വാതന്ത്ര്യത്തിനു വേണ്ടി രണ്ട് പതിറ്റാണ്ടായി സമരം തുടരുന്നു എന്നതും ശ്രദ്ധേയമാണ്. കാലഹരണപ്പെട്ട രാജാധിപത്യത്തിനും സാമ്രാജ്യത്വ-മത മൗലികശക്തികൾക്കുമെതിരായ പ്രതിരോധനിര തീർക്കുന്നതിൽ മുൻപന്തിയിലാണ് അറബ് പെൺപോരാളികൾ പെൺഭ്രൂണഹത്യ ലോകത്താകമാനം പെൺകമ്മി(Female deficit) സൃഷ്ടിക്കുന്നു. കാലഹരണപ്പെട്ട അന്ധവിശ്വാസങ്ങളും അനാചാരങ്ങളും സമൂഹത്തിൽ തിരിച്ചുവരുന്നു. ആഗോളമൂലധനം ലോകരാജ്യങ്ങളുടെ മണ്ണും പ്രകൃതി വിഭവങ്ങളുമുൾപ്പെടെ കൊള്ളയടിക്കുന്നു. ഫാക്ടറികൾ വിയർപ്പുശാലകളാക്കി മാറ്റുകയും കടുത്ത അധ്വാനചൂഷണം നടത്തുകയും ചെയ്യുന്നു . മുതലാളിത്തവും മതമൗലികതയും സ്ത്രീയെ ഒരു ഉപഭോഗവസ്തുവാക്കുന്നു. സ്ത്രീശരീരത്തെ പരസ്യപ്പലകകളായി മാറ്റുന്നു. അടുക്കളയിൽനിന്ന് പോരാട്ടങ്ങളിലൂടെ അരങ്ങത്തെത്തിയ സ്ത്രീയെ സമൂഹത്തിന്റെ മുഖ്യധാരയിൽനിന്നകറ്റാനും നിശ്ശബ്ദയാക്കാനുമുള്ള ശ്രമങ്ങൾ വർദ്ധിച്ചുവരുന്നു.

സാക്ഷരകേരളത്തിൽ 16 വയസ്സിന് മുൻപ് നടത്തിയ നിയമവിരുദ്ധമായ ബാല്യകാലവിവാഹത്തിന് മുൻകാലപ്രാബല്യം നൽകാനുള്ള തീരുമാനത്തിന്റെ മറവിൽ കേരളസർക്കാർ പുറത്തിറക്കിയ രണ്ട് സർക്കുലറുകൾ എത്രത്തോളം സ്ത്രീവിരുദ്ധമാണ് എന്ന് പറയേണ്ടതില്ലല്ലൊ. പെൺകുട്ടികളുടെ ആരോഗ്യം, മാനസികാവസ്ഥ, വിദ്യാഭ്യാസം, സാമൂഹ്യപദവി എന്നിവയെയെല്ലാം പ്രതികൂലമായി ബാധിക്കുന്ന ഇത്തരം നടപടികളും സ്ത്രീകളെ അടുക്കളയിൽ മാത്രം തളച്ചിടാനുള്ള ഭരണകൂടത്തിന്റെയും മതമൗലികവാദത്തിന്റെയും ഗൂഢാലോചന തന്നെയാണ്. ഭരണകൂടഭീകരതയ്ക്കും മതമൗലിയ്ക്കും ആഗോളവൽക്കരണനയങ്ങൾക്കുമെതിരായി ലോകവ്യാപകമായി വളർന്നുവരുന്ന പോരാട്ടങ്ങളിൽ നമ്മളും കണ്ണികളാകു.



# സ്ത്രീനീതി നടപ്പാകണമെങ്കിൽ



ഡോ.പി.എസ്.ഗീതാകുമാരി
*എസ്.വി.ആർ.എൻ.എസ്.എസ് കോളേജ്, വാഴൂർ*

മാനവസംസ്കാരവും മാനവപുരോഗതിയും സ്ത്രീകേന്ദ്രിതമായാണ് പൊതുവേ വിലയിരുത്തപ്പെടുന്നത്. എന്നിട്ടും സ്ത്രീസമൂഹം രാഷ്ട്രീയ സാമ്പത്തിക സാമൂഹ്യ കാര്യങ്ങളിൽ പിന്നോക്കം പോകുന്നതെന്തുകൊണ്ടാണ്? പുരാതനഭാരതത്തിൽ സ്ത്രീകൾക്ക് മാന്യമായ സ്ഥാനവും ആദരവും കിട്ടിയിരുന്നുവെന്ന് വൈദിക സാഹിത്യത്തിലെ അനശ്വര ജ്യോതിസ്സുകളായ ഗാർഗ്ഗി, മൈത്രേയി, കാത്യായനി തുടങ്ങിയ വിദുഷികളുടെ പരാമർശം സൂചിപ്പിക്കുന്നു. (ബൃഹദാരണ്യകോപനിഷത്ത്, 2.4 ബ്രാഹ്മണം) പ്രാന്തവൽക്കരിക്കപ്പെട്ട സ്ത്രീചരിത്രത്തിന്റെ നാൾവഴികൾ സവർണ്ണമേധാവിത്വത്തിന്റെയും പുരുഷമേധാവിത്വത്തിന്റെയും ഫലമായുണ്ടായ അവഗണനയുടെ ബോധമാണ് നമ്മിലുണ്ടാകുന്നത്.

എല്ലാ മനുഷ്യരും സ്വതന്ത്രരായി ജനിക്കുന്നു എങ്കിലും നൂറ്റാണ്ടുകളായി ചൂഷണത്തിനും അടിച്ചമർത്തലിനും വിധേയരായവർ നിരന്തരമായുയർത്തിയ പ്രക്ഷോഭങ്ങളുടെ ഫലമായാണ് പദവിയിലും അവകാശത്തിലും സ്ത്രീയ്ക്ക് തുല്യത എന്ന വിശാലമായ കാഴ്ചപ്പാടുണ്ടായത്. ആ കാഴ്ചപ്പാട് പ്രാവർത്തികമാക്കാൻ മനോഭാവത്തിൽ ക്രിയാത്മകമായ മാറ്റം ഉണ്ടാകണം. ഈ മാറ്റം ലക്ഷ്യമാക്കിയാണ് ഐക്യരാഷ്ട്ര സംഘടന എല്ലാ വർഷവും ഡിസംബർ 10 അന്താരാഷ്ട്രമനുഷ്യാവകാശദിനമായും മാർച്ച് 8 അന്താരാഷ്ട്ര വനിതാദിനമായും ആചരിക്കാൻ ആഹ്വാനം ചെയ്തത്.

ഇന്ത്യൻ ഭരണഘടനയിൽ (III 1235) 15-ാം വകുപ്പിൽ മൗലികാവകാശങ്ങളെക്കുറിച്ച് രേഖപ്പെടുത്തിയിരിക്കുന്നു. മതത്തി

ന്റേയോ ജാതിയുടേയോ ലിംഗത്തിന്റേയോ ജന്മസ്ഥലത്തിന്റേയോ അല്ലെങ്കിൽ ഇവയിൽ ഏതെങ്കിലും ഒന്നിന്റേയോ അടിസ്ഥാനത്തിൽ ഭരണകൂടം പൗരന്മാരോട് വിവേചനം കാണിക്കുവാൻ പാടില്ല. എന്നാൽ അടിസ്ഥാനപരമായി സാമൂഹികമായും വിദ്യാഭ്യാസപരമായും മാത്രമല്ല, സ്ത്രീകൾക്ക് സ്വന്തം ശരീരത്തിന്മേലും വിശ്വാസങ്ങളിലും മൂല്യങ്ങളിലും ഉള്ള അവകാശങ്ങൾ പോലും നിഷേധിച്ചു കൊണ്ടിരിക്കുകയാണ്. എല്ലാതലത്തിലും വിട്ടുവീഴ്ചാമനോഭാവമില്ലാതെ നീതിന്യായവ്യവസ്ഥ നടപ്പാക്കാനുള്ള ഇച്ഛാശക്തി ഭരണവർഗ്ഗത്തിനുണ്ടാണം. സ്വന്തം നിലനിൽപ്പിനുവേണ്ടി ഇവ വ്യാഖ്യാനിക്കുന്നത് നീതീകരിക്കാനാവില്ല.

പണാധിപത്യവും മതാധിപത്യവും മദ്യാധിപത്യവും സമൂഹത്തിൽ പ്രാമാണ്യം നേടുകയാണ്. തകർന്ന കുടുംബബന്ധങ്ങളും സ്വാർത്ഥതയിലധിഷ്ഠിതമായ സാമൂഹ്യവ്യവസ്ഥയുമാണ് എല്ലാ അതിക്രമങ്ങൾക്കും കാരണമാകുന്നത്. മുനഷ്യാവകാശ ധ്വംസനങ്ങൾ സ്ത്രീകൾക്കും കുട്ടികൾക്കും നേരെ ദേശകാലഭേദമില്ലാതെ തുടരുകയാണ്. കാൽനൂറ്റാണ്ടിനു മുമ്പ് തുടങ്ങിവച്ച നവലിബറൽ നയങ്ങൾ എല്ലാ രംഗങ്ങളിലും സങ്കീർണ്ണവും വൈവിധ്യപൂർണ്ണവുമായ നിരവധി വെല്ലുവിളികൾക്കു കാരണമായി. സ്ത്രീസമൂഹമാണ് ഇതിന്റെ മുഖ്യ ഇരകളായി മാറുന്നത്. ഡിജിറ്റൽ യുഗത്തിൽ ഗുണപരമായ മുന്നേറ്റങ്ങൾ അനുനിമിഷം ഉണ്ടായിക്കൊണ്ടിരിക്കുന്നുണ്ട്. എന്നാൽ ഇതോടൊപ്പം വളർന്നുവരുന്ന ഉപഭോഗസംസ്കാരത്തിന്റെ മാസ്മരിക വലയത്തിൽ വലിയൊരുവിഭാഗം സ്ത്രീകൾ അകപ്പെടുന്നുണ്ട്. മൂലധന ലോബികളുടെ സമ്മർദ്ദതന്ത്രം വിലക്കയറ്റത്തിനും അഴിമിതക്കും കാരണമാകുമ്പോൾ ദരിദ്രരായ സ്ത്രീജനങ്ങൾ ആത്മഹത്യ സ്വപ്നം കാണുന്നു.

അഫ്ഗാനിസ്ഥാൻ, കൊറിയ, പാക്കിസ്ഥാൻ, ഇന്ത്യ, സൊമാലിയ എന്നീ രാജ്യങ്ങൾ പൊതുവേ സ്ത്രീവിരുദ്ധനിലപാടുകളാണ് കൈക്കൊള്ളുന്നത്.

വകഞ്ഞു മാറ്റപ്പെടുകയും അടിച്ചമർത്തപ്പെടുകയും ചെയ്യുന്നവരുടെ മോചനത്തിനായി നിലകൊള്ളുന്ന സ്ത്രീവാദം കമ്മ്യൂണിസത്തിന്റെ അനിവാര്യമായ അനുബന്ധവും വികാസവുമാണ്. ഫ്യൂഡൽ വ്യവസ്ഥയിലെ കൂട്ടുകുടുംബങ്ങളിലെന്നപോലെ മുതലാളിത്ത വ്യവസ്ഥയിലെ അണുകുടുംബങ്ങളിലും മാറിയ രൂപത്തിൽ സ്ത്രീ പീഡനം തുടരുന്നു.
*(ഗീത, സ്ത്രീ വിമോചനമെന്നാൽ മുനഷ്യവിമോചനം, ചിന്ത പബ്ലിഷേഴ്സ്, തിരുവനന്തപുരം).*

സ്ത്രീകളിൽ ദുരിതം അനുഭവിക്കുന്നവർ പ്രതിരോധിക്കാൻ തയ്യാറാകണമെങ്കിൽ അവർക്ക് സമൂഹത്തിൽ നിന്നു പിന്തുണ ലഭിച്ചേമതിയാകൂ. അരക്ഷിതമാകുന്ന ഇന്ത്യൻ സ്ത്രീത്വം എവിടെയും ചൂഷിതവർഗ്ഗമായി മാറുന്നു. സാമൂഹിക പരിഷ്കാരങ്ങൾ സ്ത്രീക്കനുകൂലമായ നിലപാടുകളുമായി, സ്ത്രീകേന്ദ്രീകൃതമായ നീതിബോധത്തിലധിഷ്ഠിതമാകുമ്പോൾ മാത്രമേ രാഷ്ട്രീയ സാമൂഹ്യ മുന്നേറ്റം സാധ്യമാകൂ.





# സംഘബോധവും സംഘടനയിലെ സ്ത്രീ സാന്നിദ്ധ്യവും




**എ.ജി.ഒലീന**

*കൺവീനർ, വനിതാകമ്മിററി*


ആരോഗ്യം, വിദ്യാഭ്യാസം, കുടുംബത്തിലെ പദവി എന്നിവയിൽ സ്ത്രീകൾ പുരുഷന്മാരേക്കാൾ പിന്നിലായി തുടരുന്ന ഒരു രാജ്യത്ത് സ്ത്രീകളുടെ നിലയിൽ ഗുണപരമായ മാററം വരുത്തുന്നതിലൂടെ എങ്ങനെ ദൂരവ്യാപകമായ ഫലങ്ങൾ ഉണ്ടാക്കാം എന്നതിന് തെളിവാണ് കേരളം.

*ന്യൂയോർക്ക് ടൈംസ് 1988 ജനുവരി 21*

## ആമുഖം

പെണ്ണിന് പഠിപ്പ് എന്തിന് ? അവൾ പഠിക്കേണ്ടതില്ല. പെണ്ണ് എന്തിന് പഠിക്കണം? വീടുഭരിക്കാൻ പഠിപ്പ് വേണ്ടല്ലോ? എന്ന മട്ടിലെ നിഗമനങ്ങളിലായിരുന്നു നമ്മുടെ കൂട്ടുകുടുംബ വ്യവസ്ഥയിലെ സ്ത്രീ അവസ്ഥ പരിപാലിക്കപ്പെട്ടു പോന്നിരുന്നത്. കൂട്ടുകുടുംബങ്ങളിലെ അധികാര വ്യവസ്ഥയ്ക്കുള്ളിൽ പഠിക്കുക, വിജ്ഞാനമാർജ്ജിക്കുക, തൊഴിലെടുക്കുക തുടങ്ങിയ സങ്കല്പങ്ങൾ സ്ത്രീക്ക് അന്യമായത് സ്വാഭാവികം മാത്രം. അതുകൊണ്ടുതന്നെ അപൂർവ്വം രാജകുടുംബാംഗങ്ങൾക്കോ സമ്പന്ന പ്രഭുകുമാരികൾക്കോ ഒഴികെ മററുള്ളവർക്ക് ജീവസന്ധാരണത്തിന് ആവശ്യമായ സാമാന്യമായ അറിവുകൾക്കപ്പുറമൊരു അറിവിൻെറ ലോകം അന്യമാവുകയും ചെയ്തു. കേരളത്തിലെ ആദ്യകാലത്തെ ബിരുദധാരിണികളും ലിഖിത ചരിത്രത്തിനുള്ളിൽ ഇടം തേടിയിട്ടുള്ള എഴുത്തുകാരികളുമെല്ലാം രാജകുടുംബങ്ങളുടെയും കുബേരഭവനങ്ങളുടെയും അകത്തളങ്ങളിൽ നിന്നായിരുന്നു എന്നത് ചരിത്രപാഠങ്ങളിലെ അപൂർവ്വതയല്ല. സമൂഹത്തിലെ ഉയർന്ന ശ്രേണിയുടെ പ്രതിനിധികളായ സ്ത്രീകൾക്ക് മാത്രമായിരുന്നു വിദ്യാഭ്യാസ പ്രക്രിയയിൽ ഒരു കാലത്ത് പ്രവേശിക്കാൻ കഴിഞ്ഞിരുന്നത്.

പെൺകുട്ടിക്ക് വിദ്യാഭ്യാസം നൽകേണ്ടുന്നതിൻെറ ആവശ്യകത ലോകമെമ്പാടും തിരിച്ചറിയപ്പെടുന്നത്, നവോത്ഥാന പ്രസ്ഥാനങ്ങളുടേയും പുരോഗമന- സ്വാതന്ത്ര്യ മുന്നേററങ്ങളുടെയും ഭാഗമായിട്ടാണ്. കേരളത്തിൽ ആ പ്രക്രിയയ്ക്ക് ആക്കംകൂട്ടിയ മറെറാരു പ്രധാന ഘടകം ഭൂപരിഷ്കരണ നിയമം കൂടിയാണ്. ഭൂപരിഷ്ക്കരണം ജന്മിത്വത്തിൻെറ നട്ടെല്ലൊടിച്ചതിനൊപ്പം സാക്ഷരതയിലേ

യ്ക്കും സ്ത്രീ വിദ്യാഭ്യാസത്തിലേക്കും പ്രവേശിക്കുവാൻ കേരളത്തെ സജ്ജമാക്കുകയും ചെയ്തു. അതോടെ ജാതിമത ഭേദമന്യെ സ്ത്രീകൾ വിദ്യാലയങ്ങളിലേക്ക് എത്തിച്ചേരുകയായിരുന്നു. കൂട്ടുകുടുംബങ്ങളിൽ നിന്നും അണുകുടും ബങ്ങളിലേക്കുള്ള പരിവർത്തനം വിദ്യാഭ്യാസത്തിൻെറയും തൊഴിലിൻെറയും രംഗങ്ങളിൽ സ്ത്രീയുടെ സാന്നിദ്ധ്യം അനിവാര്യമാക്കുകയും ചെയ്തു. ഒപ്പം ആൺകുട്ടി, പെൺകുട്ടി എന്ന ഭേദമില്ലാതെതന്നെ പൊതുവിദ്യാഭ്യാസം സാർവ്വത്രികമായി നടപ്പിലാക്കിയതിൻെറ ആനുകൂല്യവും കേരള സ്ത്രീക്ക് ലഭിച്ച മററൊരു വിദ്യാഭ്യാസ ബോണസ്സായിരുന്നു. ഒരു സമൂഹത്തിൻെറ വളർച്ചയ്ക്കു വേണ്ടിയുള്ള വിദ്യാഭ്യാസം സ്ത്രീ-പുരുഷന്മാർക്ക് നൽകുന്നതിൽ വ്യക്തമായ വിവേചനം ഇന്ത്യയിലെ ഭൂരിഭാഗം പ്രദേശങ്ങളിലും ഇന്നും നിലനിൽക്കുന്നുണ്ടെന്നുള്ള യാഥാർത്ഥ്യവും ഇതോടൊപ്പം ചേർത്ത് കാണേണ്ടതാണ്. സ്ത്രീ വിദ്യാഭ്യാസത്തിൽ ഇന്നും കേരളം ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളെ നയിക്കുന്നത് മേൽപ്പറഞ്ഞ ചരിത്രപരമായ ഇടപെടലുകൾ കൊണ്ടുതന്നെയാണ്. അതിൻെറ തുടർച്ചയിലാണ് അധ്യാപിക എന്ന സാമൂഹ്യ യാഥാർത്ഥ്യവും സഫലമാകുന്നത്.

## 1. സംഘടനയും സ്ത്രീയും

പൊതു സംഘടിത പ്രസ്ഥാനങ്ങൾ മുന്നോട്ടുവയ്ക്കുന്ന സമര പ്രക്രിയകളുടെ ഭാഗമായിട്ടു തന്നെയാണ് സ്ത്രീകളുടെ പങ്കാളിത്തവും വിലയിരുത്തപ്പെടേണ്ടത്. സംഘടന അംഗത്വം കൊണ്ടും പ്രവർത്തനംകൊണ്ടും സംഘടിത ശക്തിയുടെ ഭാഗമായ സ്ത്രീ തീർച്ചയായും രാഷ്ട്രീയ ദിശാബോധം നേടിയെടുക്കുന്നുണ്ട്. മിക്കപ്പോഴും സ്ത്രീക്ക് ഈ സംഘബോധം ഒരു സുരക്ഷാകവചംപോലും ആയിത്തീരാറുണ്ട്. അതുകൊണ്ടുതന്നെ സ്ത്രീകൾ സ്വമേധയാ സംഘപ്രവർത്തനങ്ങളുടെ ഭാഗമായി മാറാറുണ്ടെന്നുള്ളതും ശ്രദ്ധേയമാണ്. ഈ രാഷ്ട്രീയബോധവും സംസ്കാരവും കേരളത്തെ മുന്നോട്ടു നയിച്ച എല്ലാ സംഘടിത പ്രവർത്തനങ്ങളുടേയും തുടക്കത്തിൽ ഉണ്ടായിരുന്നു താനും. ആ രീതിയിൽ ഇതര സംഘടനകളിലെ പോലെ എ. കെ. പി.സി.ടി.എയുടെ പ്രവർത്തന ങ്ങളിലും അദ്ധ്യാപികമാർ അവരുടെ പങ്കാളിത്തം എക്കാലവും ഉറപ്പുവരുത്തിയിട്ടുണ്ട്.

## 2. എ.കെ.പി.സി.ടി.എയിലെ സ്ത്രീ.

എ.കെ.പി.സി.ടി.എ എന്ന സമര സംഘടനയിലെ സ്ത്രീ അവളുടെ സാന്നിദ്ധ്യവും നിലനില്പ്പും എന്നും രേഖപ്പെടുത്തിയിട്ടുണ്ട്; അതിപ്പോഴും തുടരുകയും ചെയ്യുന്നു. എന്നാൽ സംഘടനാപ്രവർത്തക എന്ന നിലയിലുള്ള അവരുടെ ദൃശ്യത കാലാകാലങ്ങളിൽ ഏററക്കുറച്ചിലുകളോടുകൂടി മാത്രമേ ഉണ്ടായിട്ടുള്ളൂ. അതിനു പിന്നിലെ കാരണങ്ങൾ ചരിത്രപരവും സാംസ്കാരികവുമൊക്കെയാണല്ലോ? സേവന വേതന വ്യവസ്ഥകൾക്കു വേണ്ടിയും അധ്യാപകർ എന്ന നിലയിലുള്ള ആനുകൂല്യങ്ങൾക്കുവേണ്ടിയും നടത്തിയിട്ടുള്ള ആദ്യകാല സമരങ്ങളിൽ അദ്ധ്യാപകനൊപ്പം തോളോടു തോൾ ചേർന്ന് നിന്നുകൊണ്ടാണ് (എണ്ണം കൊണ്ട് പരിമിതമെങ്കിലും) അധ്യാപിക അവളുടെ സാന്നിദ്ധ്യം സംഘടനാ ചരിത്രത്തിൽ അടയാളപ്പെടുത്തിയിട്ടുള്ളത്. ആർ. ആർ. സിയെ പ്പോലുള്ള നമ്മുടെ മുൻകാല നേതാക്കൾ അധ്യാപികമാരുടെ സമര സാന്നിദ്ധ്യത്തെ സംഘടനാചരിത്രത്തിൻെറ ഭാഗമായി തിരിച്ചറിയുന്നുമുണ്ട്. തുടർന്ന് സേവന ഭദ്രതയ്ക്കുവേണ്ടി നടത്തിയ സമരങ്ങളിലും തുല്യ പങ്കാളിത്തം ഉള്ളപ്പോഴും സർവ്വകലാശാല സമിതികളിൽ ഉൾപ്പെടെ അധ്യാപികമാരുടെ പ്രാതിനിധ്യം പരിമിതമായിരുന്നു. സമരപങ്കാളിത്തത്തിൽ തുല്യ അളവ് പ്രാധാന്യം ഉള്ളപ്പോഴും അംഗീകാരങ്ങളുടെ രംഗങ്ങളിൽ അത്ര തന്നെ പ്രാതിനിധ്യം ലഭിക്കുന്നതായി കാണുന്നില്ല.

ആദ്യകാലത്തുതന്നെ അധ്യാപികമാർക്ക് സ്ത്രീ എന്ന ലിംഗവർഗ്ഗ ഗണമായതിൻെറ പേരിലുള്ള വിവേചനം അനുഭവിക്കേണ്ടിവന്നിരുന്നു എന്നത് കേരള ചരിത്രത്തിലെ തന്നെ ഒരു നാണക്കേടിൻെറ അധ്യായം കൂടിയാണ്. മിഷണിമാർ നടത്തുന്ന പല കോളജുകളിലേയും അധ്യാപികമാരുടെ അവസ്ഥ പരമദയനീയമായിരുന്നു. അവർ വിവാഹിതരായാൽ ജോലി നഷ്ടപ്പെടുമെന്ന ഒരു സ്ഥിതിവിശേഷം തന്നെ ഇവിടെ നിലവിലുണ്ടായിരുന്നു. ഗർഭവതികളായാൽ അവർക്ക് പ്രസവാവധി നൽകേണ്ടിവരുമെന്ന ആശങ്കയാൽ അവരെ നിഷ്കരുണം പിരിച്ചുവിട്ട മാനേജ്മെൻറുകളും ഇവിടെ ഉണ്ടായിരുന്നു. മാതൃത്വത്തെ മാനിക്കുവാൻ അവർ തയ്യാറായിരുന്നില്ല. ചെങ്ങന്നൂർ ക്രിസ്ത്യൻ കോളജിലെ സൂസൻ കോശി ഈ ക്രൂരതയ്ക്ക് വിധേയയായ അധ്യാപികയാണ്. കേരളത്തിലെ പ്രശസ്തമായ പല വനിതാകോളജുകളുടേയും സെൻറ് തോമസ്, സെൻറ് മേരീസ് തുടങ്ങിയ കോളജുകളുടേയും സ്ഥിതി ഇതിൽ നിന്നും ഭിന്നമായിരുന്നില്ല. 20-ാം നൂററാണ്ടിലെ ഒരു പരിഷ്കൃത സമൂഹത്തിൽ ഉന്നതവിദ്യാഭ്യാസരംഗത്തെ, ഉന്നതവിദ്യാ ബിരുദധാരികളായ നമ്മുടെ അദ്ധ്യാപക സഹോദരിമാർ ഇത്തരം കാട്ടുനീതിയുടെ ഇരകളായി തീർന്നു വെന്നത് സംസ്കൃത ചിത്തരെ ലജ്ജിപ്പിക്കുന്ന ഒന്നാണ്. (കരട് രേഖ 2012) ഈ അവസ്ഥയിൽ നിന്നും മെച്ചപ്പെട്ട പ്രസവാനുകുല്യങ്ങൾ ഇ



തരവിഭാഗങ്ങൾക്കൊപ്പം അനുഭവിക്കുന്നവരായി അധ്യാപികമാർ മാറി എന്നിടത്താണ് സംഘടിത ശക്തിയുടെ കരുത്ത് നമ്മൾ തിരിച്ചറിയുന്നത്.

എന്നാൽ കാലാകാലങ്ങളിൽ ഉന്നത വിദ്യാഭ്യാസരംഗത്തെ ഗുണപരമായി പരിവർത്തിപ്പിക്കാനായി നടപ്പിലാക്കിയിട്ടുള്ള വിദ്യാഭ്യാസ കമ്മീഷനുകൾപോലും ഈ സ്ത്രീ സാന്നിദ്ധ്യത്തെ വേണ്ടവിധത്തിൽ തിരിച്ചറിയുകയോ പരിഗണിക്കുകയോ ചെയ്തിട്ടുണ്ടോ എന്നത് വിശദമായി ചർച്ച ചെയ്യേണ്ടതുണ്ട്. ഏറെ പ്രകീർത്തിപ്പിക്കപ്പെടുന്ന കോത്താരി കമ്മീഷന്റെ ചുവട് പിടിച്ച് രൂപപ്പെടുത്തിയ 1969 ലെ കേരള സർവ്വകലാശാല ആക്ട് മാതൃകാപരമെങ്കിലും അവിടെയും സ്ത്രീയെ ഉന്നതവിദ്യാഭ്യാസ മണ്ഡലത്തിൽ ഉൾച്ചേർക്കുന്ന കാര്യത്തിൽ പിറകിൽ തന്നെയാണ്. ഇന്ത്യയിലെ ഏറ്റവും മെച്ചപ്പെട്ട വിദ്യാഭ്യാസ പരിഷ്കാര മാതൃകപോലും പുരുഷകേന്ദ്രിതം തന്നെയായിരുന്നു എന്ന് കാണേണ്ടതുണ്ട്.

70 തുകളിൽ നമ്മുടെ ക്യാമ്പസ്സുകളിലും വിദ്യാഭ്യാസരംഗത്ത് ഒട്ടാകെയും ഉണ്ടാകുന്ന മാറ്റങ്ങൾ വിദ്യാഭ്യാസരംഗത്തെ സ്ത്രീയുടെ സാന്നിദ്ധ്യത്തെ കുറേക്കൂടി മെച്ചപ്പെട്ടതരത്തിൽ നിർവ്വചിക്കുന്നുണ്ട്; ഇതര കീഴാള വിഭാഗങ്ങൾക്കൊപ്പംതന്നെ. അതോടൊപ്പം നമ്മുടെ ക്യാമ്പസ്സുകൾ സമരോത്സുകമായ സഞ്ചാരപാതയിൽ മുന്നോട്ടു പോവുകയും ചെയ്യുന്നു. ഫീസ് വർദ്ധന, ബസ് ചാർജ് വർദ്ധന തുടങ്ങിയവയ്ക്കെതിരെ നടത്തിയ സമരങ്ങൾ ഓർക്കേണ്ടതുണ്ട്. 80 കളോടെ നമ്മുടെ വിദ്യാഭാസരംഗം നവ സാങ്കേതിക വിദ്യാകേന്ദ്രിതമായി പുനർനിർവ്വചിക്കപ്പെടുമ്പോൾ ആൺകുട്ടികളും പെൺകുട്ടികളും തെരഞ്ഞെടുക്കുന്ന പാഠ്യസമ്പ്രദായത്തിൽ തന്നെ ചില വേർതിരിവുകൾ ഉണ്ടാകുന്നു. സാങ്കേതികവിദ്യാഭ്യാസത്തിന്റെ ആനുകൂല്യങ്ങളുടെ രംഗത്തേയ്ക്ക് ആൺകുട്ടികളും പരമ്പരാഗത വിദ്യാഭ്യാസ പദ്ധതികളിലേക്ക് പെൺകുട്ടികളും നയിക്കപ്പെടുന്നു. അതിന്റെ ഫലങ്ങൾ 90 കളിലെ അധ്യാപന രംഗത്തുപോലും അനുഭവപ്പെടുന്നു. സാഹിത്യ -സാമൂഹ്യാദി വിഷയങ്ങളിലെ അധ്യാപികമാരുടെ എണ്ണം നമ്മുടെ എയ്ഡഡ് കോളജുകളിലെ വർത്തമാന യാഥാർത്ഥ്യമാണ്. അതാകട്ടെ നമ്മുടെ സംഘടനയിലെ പ്രധാനവിഭാഗമായ അധ്യാപികമാരുടെ എണ്ണത്തിലും



കാണാനുണ്ട്. തൊണ്ണൂറുകളിൽ ആഗോള സാഹചര്യത്തിൽ രൂപപ്പെട്ട മാറ്റങ്ങൾ ഇന്ത്യൻ വിദ്യാഭ്യാസത്തെ സമൂലമായി മാറ്റിമറിച്ചിട്ടുണ്ട്. അതിന്റെ അലയൊലികൾ കേരള വിദ്യാഭ്യാസരംഗത്തെ ഒട്ടാകെയും നമ്മുടെ ക്യാമ്പസ്സുകളെ സവിശേഷമായും സ്വാധീനിച്ചിട്ടുണ്ട്. തൊണ്ണൂറുകളിലെ വാണിജ്യവിദ്യാകേന്ദ്രങ്ങളിൽ രൂപപ്പെട്ട അരാഷ്ട്രീയ വ്യക്തിത്വങ്ങളാണ് ഇന്ന് കേരളത്തിലെ കോളജുകളിൽ അരാഷ്ട്രീയതയുടെ കാഹളം മുഴക്കുന്നത്. ക്യാമ്പസ്സിന്റെ അരാഷ്ട്രീയ വൽക്കരണവും സ്ത്രീകളുടെ പ്രാതിനിധ്യവും ചേർത്തു വായിക്കുകയും പ്രശ്നവൽക്കരിക്കുകയും ചെയ്യേണ്ടതുണ്ട്. ഈ അർത്ഥത്തിൽ നമ്മുടെ സംഘടനയുടെ പ്രത്യേക ശ്രദ്ധ പതിയേണ്ടുന്ന ഒരു മേഖല വനിതാ കോളജുകളാണ്.

## 3. വർത്തമാന യാഥാർത്ഥ്യവും വെല്ലുവിളികളും

സംഘടനയിലെ സ്ത്രീക്ക് അവളുടേതായൊരു സമര ചരിത്രമുണ്ട്. **സംഘടനപ്രവർത്തക** എന്ന നിലയിൽ പൊതുസമരസന്ദേശം ഏറ്റെടുക്കുമ്പോൾ തന്നെ, സമാന്തരമായി സ്ത്രീ എന്ന നിലയിൽ പൊതുസമൂഹം ഏറ്റെടുക്കുന്ന, ലിംഗവിവേചനത്തിന് എതിരെയുള്ള സമരങ്ങളിൽ അണിചേരേണ്ടതുമുണ്ട്. അതിനായി വർത്തമാനകാലം ആഘോഷത്തോടെ മുന്നോട്ടുവയ്ക്കുന്ന സുരക്ഷിതമായ അരാഷ്ട്രീയ ഇടങ്ങളെ ഉപേക്ഷിച്ചുകൊണ്ട് പുറത്തേക്ക് വരിക എന്നത് സംഘടനാംഗമായ അധ്യാപികയുടെ ചരിത്രപരമായ ദൗത്യമാണ്. അംഗത്വംകൊണ്ട് പകുതിയിൽ അധികം വരുന്ന അധ്യാപികമാർ സംഘടനയുടെ മുഖ്യധാരാ പ്രവർത്തനരംഗത്തോ നേതൃനിരയിലോ വളരെ കുറവാണെന്ന യാഥാർത്ഥ്യം നിലനില്ക്കുന്നിടത്തോളം **സംവരണം** എന്ന പൊതു സ്വീകാര്യമായ തത്ത്വം നമുക്കും അനിവാര്യമാണ്. അത് വിവേചനങ്ങളിൽ നിന്നുള്ള രക്ഷാകവചം കൂടിയാണല്ലോ? എന്തുകൊണ്ട് വനിതാ കമ്മിറ്റി എന്നും എന്തുകൊണ്ട് വനിതാപതിപ്പെന്നും ചിലരെങ്കിലും ചോദിക്കുവാൻ തയ്യാറാകുന്ന ഒരു സാഹചര്യം, ഏറ്റവും പുരോഗമന സ്വഭാവം പ്രകടിപ്പിക്കുന്ന നമ്മുടെ സംഘടനയിൽ ഇപ്പോൾ പോലും നിലനിൽക്കുന്നു എന്നത് മേൽ നിലപാടിനെ സാധൂകരിക്കുന്നു. സ്ത്രീ എന്ന നിലയിലുള്ള ലിംഗവിവേചനത്തിനെതിരെ ലോകമെമ്പാടും നടക്കുന്ന പോരാട്ട സമരങ്ങളിൽ അണിചേരുകയും കേരള സ്ത്രീയുടെ സമരപോരാട്ടങ്ങൾക്ക് നേതൃത്വം നൽകുകയും ചെയ്യാനുള്ള ചരിത്രപരമായ ഉത്തരവാദിത്തമാണ് അധ്യാപികമാരെന്ന നിലയിൽ നമ്മളിൽ നിക്ഷിപ്തമായിട്ടുള്ളത്. അത്തരം ശ്രമങ്ങളാണ് സംസ്ഥാന വനിതാ കമ്മിറ്റി ഏറ്റെടുത്തിട്ടുള്ളതും തുടരുന്നതും. അതുകൊണ്ടുതന്നെ വനിതാകമ്മിറ്റിയുടെ പ്രവർത്തനങ്ങൾ ഊർജ്ജം പകരുക എന്നത് സംഘടനാ പ്രവർത്തകരായ, ഉത്തരവാദിത്തമുള്ള അധ്യാപകന്റെയും അധ്യാപികയുടെയും ചുമതലകൂടിയാണെന്ന് അടിവരയിട്ട് പറയട്ടെ.

# സംസ്ഥാന വനിതാ കമ്മിറ്റി



**ഡോ. പി. എസ്. ഗീതാകുമാരി**
സംസ്ഥാന വൈസ് പ്രസിഡൻറ്



**എ. ജി. ലെീന**
സംസ്ഥാന കൺവീനർ

## മേഖലാ കൺവീനർമാർ



**ഡോ. വിജയകുമാരി**
എസ്.എൻ.കോളജ്, കൊല്ലം



**ഡോ. എസ്. കുശലകുമാരി**
എസ്.എൻ.കോളജ്, നാട്ടിക



**ഡോ. ബീന**
ഡി.ബി.കോളജ്, തലയോലപ്പറമ്പ്



**ഷീലാ ജോസഫ്**
എസ്.ഇ.എസ് കോളജ്,
ശ്രീകണ്ഠാപുരം

## ജില്ലാ കൺവീനർമാർ



**ടി. പി. നഫീസാ ബേബി**
സർ സെയ്യദ് കോളജ്, തളിപ്പറമ്പ്,
കണ്ണൂർ



**ഡോ. എ. ആർ. സുധാദേവി**
മേരിമാതാകോളജ്,മാനന്തവാടി
വയനാട്



**ഡോ. മീരാദേവി**
യൂണിറ്റി കോളജ്,
മഞ്ചേരി, മലപ്പുറം



**രമണി വാര്യർ**
പ്രൊവിഡൻസ് കോളജ്,
കോഴിക്കോട്



**കുമാരി സുജ വി. ആർ**
എൻ.എസ്.എസ്.കോളജ്
വാഴൂർ, കോട്ടയം



**പി. ജ്യോതി**
എൻ.എസ്.എസ്.കോളജ്
നെൻമാറ, പാലക്കാട്



**ഡോ. എസ്. അജിത**
എസ്.എൻ കോളജ് നാട്ടിക,
തൃശ്ശൂർ



**കെ. എസ്. സജി**
ബി.പി.സി.കോളജ്,പിറവം
എറണാകുളം



**ഡോ. ഷീനാ ഈപ്പൻ**
സെന്റ്തോമസ് കോളജ്,
കോഴഞ്ചേരി, പത്തനംതിട്ട



**ഡോ. എസ്. ആമിന**
എം.എസ്. എം കോളജ്,
കായംകുളം, ആലപ്പുഴ



**ഷാജിദ. എസ്**
ടി.കെ.എം.ആർട്സ് &സയൻസ്
കോളജ്, കൊല്ലം



**ഡോ. ആശ എസ്. നായർ**
എൻ.എസ്.എസ്.കോളജ്,
കരമന, തിരുവനന്തപുരം

# എ.കെ.പി.സി.ടി.എ
## പ്രവർത്തകസമിതിയംഗങ്ങൾ 2013-14


ഡോ. കെ. പി. സുകുമാരൻനായർ
പ്രസിഡൻറ്


ഡോ. കെ. ശ്രീവത്സൻ
ജനറൽ സെക്രട്ടറി


ഡോ. വി. കെ. വിജയൻ
വൈ. പ്രസിഡൻറ്


ഡോ. പി. എസ്. ഗീതാകുമാരി
വൈ. പ്രസിഡൻറ്


പ്രൊഫ. ആർ. മോഹനകൃഷ്ണൻ
ട്രഷറർ


പ്രൊഫ. കൃഷ്ണൻ വണ്ണാരത്ത്
സെക്രട്ടറി,
കണ്ണൂർ സർവ്വകലാശാല


ഡോ. ഡി. കെ. ബാബു
സെക്രട്ടറി,
കാലിക്കട്ട് സർവ്വകലാശാല


പ്രൊഫ. ടോമിച്ചൻ ജോസഫ്
സെക്രട്ടറി,
എം. ജി. സർവ്വകലാശാല


ഡോ. കെ. എൽ. വിവേകാനന്ദൻ
സെക്രട്ടറി,
കേരള സർവ്വകലാശാല


ഡോ. പി. തോമസ് മാത്യു
യു. സി കോളജ്,
ആലുവ


പ്രൊഫ. പി. രഘുനാഥ്
എം. എസ്. എം കോളജ്,
കായംകുളം


ഡോ. ടി. കെ. ശ്രീധരൻ
എം. ഇ. എസ് കോളജ്
മമ്പാട്


പ്രൊഫ. സി. പത്മനാഭൻ
കൺവീനർ
അക്കാദമിക് കമ്മിററി


പ്രൊഫ. പ്രമോദ് വെള്ളച്ചാൽ
ചീഫ് എഡിററർ
കേരള പ്രൈവററ് കോളജ് ടീച്ചർ


പ്രൊഫ. എ. ജി. ഒലീന
കൺവീനർ
വനിതാകമ്മിററി


ഡോ. പി. എസ്. ഫിറോസ്
കൺവീനർ
സർവ്വീസ് സെൽ



പ്രൊഫ. എ. നിഷാന്ത്
ജില്ലാ സെക്രട്ടറി,
കണ്ണൂർ



ഡോ. എൻ.എം. സണ്ണി
ജില്ലാ സെക്രട്ടറി,
കോഴിക്കോട്



പ്രൊഫ. ജെയിംസ് മാത്യു
ജില്ലാ സെക്രട്ടറി,
വയനാട്



ഡോ. സി. അബ്ദുൽ മജീദ്
ജില്ലാ സെക്രട്ടറി,
മലപ്പുറം



ഡോ. വി.കെ. സുധാകരൻ
ജില്ലാ സെക്രട്ടറി,
പാലക്കാട്



ഡോ. ബാബു ജോസഫ്
ജില്ലാ സെക്രട്ടറി,
തൃശ്ശൂർ



ഡോ. കെ. കൃഷ്ണദാസ്
ജില്ലാ സെക്രട്ടറി,
എറണാകുളം



ഡോ. പി.കെ. പത്മകുമാർ
ജില്ലാ സെക്രട്ടറി,
കോട്ടയം- ഇടുക്കി



പ്രൊഫ. ആർ. ഇന്ദുലാൽ
ജില്ലാ സെക്രട്ടറി,
ആലപ്പുഴ



ഡോ. ഹരികുമാർ
ജില്ലാ സെക്രട്ടറി,
പത്തനംതിട്ട



പ്രൊഫ. കെ. സന്തോഷ്
ജില്ലാ സെക്രട്ടറി,
കൊല്ലം



ഡോ. കെ.സി. അജിത് പ്രസാദ്
ജില്ലാ സെക്രട്ടറി,
തിരുവനന്തപുരം



# മുസ്ലീം പെൺകുട്ടി: കട്ട് ഓഫ്– 16



**ഷാജിദ.എസ്**
*ടി.കെ.എം ആർട്സ് & സയൻസ് കോളജ്, കൊല്ലം*

സ്ത്രീ- എന്നും ഒരു അത്ഭുത വസ്തു തന്നെയാണ്. തെരുവുകളിൽ പോലും വലിച്ചിട്ട് ചർച്ച ചെയ്ത് വിരൂപമാക്കപ്പെട്ട അത്ഭുത വസ്തു. പഴയ കാലത്ത് പതിത്വം കല്പിച്ച് പോന്ന അഭിശപ്ത വിഭാഗമായിരുന്നു സ്ത്രീകൾ. അവരെ അധമയും അധ:കൃതയുമായി കണക്കാക്കിയിരുന്നു. വിശ്വസംസ്കാരത്തിന്റെ പിള്ളത്തൊട്ടിൽ എന്നറിയപ്പെടുന്ന ഗ്രീസിൽ അവളെ അഴുക്കു മാലിന്യവും നാശത്തിന്റെ ദേവതകളുമായിട്ടായിരുന്നു കണ്ടിരുന്നത്. കോളറ, മരണം, നരകം, വിഷം, സർപ്പം, അഗ്നി ഇവയെല്ലാം എത്രയോ മടങ്ങ് ഉത്തമമാണെന്ന് അവർ വാദിച്ചു. മ്ലേച്ഛജീവിയായ അവൾ മാംസം ഭക്ഷിക്കാനൊ ഭാഷ സംസാരിക്കാനോ ചിരിക്കാനോ പാടില്ല. അത്ഭുതം അല്ലെ.

അത്ഭുതപ്പെടാൻ വരട്ടെ. സംസ്കാരങ്ങളുടെ ഈററില്ലമായ നമ്മുടെ പ്രാചീന ഭാരതത്തിലെ സ്ത്രീയുടെ അവസ്ഥയും ഒട്ടും ഭിന്നമായിരുന്നില്ല എന്നതോർക്കുക. സതി- ഭർത്താവിന്റെ ചിതയിൽ ചാടി ജീവൻ ഹോമിക്കേണ്ടി വരിക, ഇത് 17-ാം നൂററാണ്ട് വരെ നിലനിന്നു എന്ന് മനസ്സിലാക്കുമ്പോൾ ഭീകരതയുടെ ആക്കം കൂടുന്നു. ശൈശവ വിവാഹം വളരെ ആഡംബരത്തോടെയും ആർഭാടത്തോടെയും ആഘോഷിച്ചിരുന്നു. ദേവദാസി സമ്പ്രദായവും അന്നത്തെ സമൂഹത്തിൽ നിലനിന്നിരുന്നു.

അറബ് നാടുകളിലെ സ്ത്രീകളുടെ അവസ്ഥയും ഒട്ടും ഭിന്നമായിരുന്നില്ല. ജനിച്ച് വീഴുന്നത് പെൺകുട്ടിയാണെന്നതിനാൽ അതിനെ ജീവനോടെ കുഴിച്ച് മൂടുകയൊ അതുമല്ലെങ്കിൽ ദഹിപ്പിക്കുകയോ അല്ലെങ്കിൽ കുന്നിൻമുകളിൽ നിന്നും താഴേക്ക് വലിച്ചെറിയുകയോ ചെയ്തിരുന്നു. ലോകത്ത് മിക്കവാറും ഇടങ്ങളിൽ സ്ത്രീയെ അധമയായി കണക്കാക്കിയിരുന്നുവെങ്കിലും അറബു നാടുകളിലെ പോലെ ക്രൂരവും ഹീനവും നിർലജ്ജവുമായ ആചാരങ്ങൾ മറെറവിടെയും കാണാൻ കഴിയുമായിരുന്നില്ല. കച്ചവട ഭോഗവസ്തു, അടിമ എന്നീ നിലകളിലല്ലാതെ പഴയകാലം സ്ത്രീകളെ മനുഷ്യ സൃ

**സ്ത്രീയുടെ അനുവാദമില്ലാതെ അവളെ ആർക്കും വിവാഹം ചെയ്ത് കൊടുക്കരുത്. വിലകൊടുത്തു വാങ്ങേണ്ട വിശിഷ്ട വസ്തു എന്ന നിലയിൽ മഹർ നല്കി അവളെ സ്വന്തമാക്കാൻ ഇസ്ലാം നിർദ്ദേശിയ്ക്കുന്നു. ഇവയൊക്കെ പാലിക്കപ്പെടുന്നുണ്ടോ?**

ഷ്ടിയായി പോലും കണ്ടിരുന്നില്ല.

സ്ത്രീവിമോചനത്തിൻെറ പാത ഇസ്ലാമാണ് സുവ്യക്തമായ രീതിയിൽ പ്രതിപാദിച്ചിട്ടുള്ളത്. 6-ാം നൂററാണ്ടിൽ ഖുറാൻ ഉദ്ഘോഷിച്ച വാക്കുകൾ ഇ പ്രകാരമായിരുന്നു.

സ്വർഗ്ഗം നിങ്ങളുടെ മാതാവിൻെറ കാല്ക്കീഴിലാണ്.

പുരുഷനും സ്ത്രീയും തുല്യരാണെന്നും ഈ വാക്കുകൾ നമ്മെ ഓർമ്മിപ്പിക്കുന്നു.

പുരുഷനെയും സ്ത്രീയെയും നാം ഒരേ ആത്മാവിൽ നിന്നും സൃഷ്ടിച്ചു. ഈ തുല്യത വെളിവാക്കാൻ ഒരു ഉദാഹരണം കൂടിയാകാം. ആദമിനെ വിലക്കപ്പെട്ട കനിഭക്ഷിക്കാൻ പ്രേരിപ്പിച്ചത് ഹവ്വയാണെന്ന് പറയപ്പെടുന്നു പക്ഷെ ശിക്ഷിക്കപ്പെട്ടത് രണ്ടാളുമാണല്ലൊ. ഖുർആൻ അസന്നിഗ്ദ്ധമായി പ്രഖ്യാപിച്ചു സ്ത്രീക്ക് ആത്മാവ് ഉണ്ട്. സ്ത്രീ അഭിശപ്തയല്ല, വിദ്യാഭ്യാസത്തിന് അംഗീകാരവും, ഭാര്യ, മാതാവ്, പുത്രി എന്നീ നിലകളിൽ അവൾ ബഹുമാനിക്കപ്പെടുകയും വേണം. അവൾക്ക് അനന്തരാവകാശം നൽകണം. സ്വന്തം അഭിപ്രായം പറയാം. ക്രയവിക്രയങ്ങൾക്ക് സാധുത. വിവാഹത്തിൽ അവളുടെ അഭിപ്രായ നിർണ്ണയം ഇതൊക്കെ ഉട്ടോപ്യൻ ആശയങ്ങളാണ് എന്നുതോന്നാം. ഇത് വെറും ആശയങ്ങളല്ല. തത്വങ്ങളാണ് ഇസ്ലാമിലെ സ്ത്രീകൾക്ക് അനുവദനീയമായ കാര്യങ്ങൾ പക്ഷെ എല്ലാ കാലങ്ങളിലും ഇത് വെറും ഏട്ടിലെ പശുമാത്രമായി മാറി.

ഇനി വിവാഹം എന്ന കടമ്പയിലേക്ക് വരാം

സ്ത്രീയുടെ അനുവാദമില്ലാതെ അവളെ ആർക്കും വിവാഹം ചെയ്ത് കൊടുക്കരുത്. വിലകൊടുത്തു വാങ്ങേണ്ട വിശിഷ്ട വസ്തു എന്ന നിലയിൽ മഹർ നല്കി അവളെ സ്വന്തമാക്കാൻ ഇസ്ലാം നിർദ്ദേശിയ്ക്കുന്നു. ഇവയൊക്കെ പാലിക്കപ്പെടുന്നുണ്ടോ

മുസ്ലീം പെൺകുട്ടികളുടെ വിവാഹപ്രായമാണ് ഇപ്പോൾ കേരളം ചർച്ച ചെയ്യുന്ന സ്ത്രീ വിഷയം.16 ആയി താഴ്ത്തി നിർണ്ണയിച്ച് മുസ്ലീം പെൺകുട്ടികളെ ഭർത്തൃമതികളാക്കാൻ ആർക്കാണ് നിർബന്ധം എന്ന് പരിശോധിച്ചാൽ ഒരു കാര്യം വ്യക്തം. ഇത് തികച്ചും ഗൂഢോദ്ദേശ്യത്തോടു കൂടി തന്നെയുള്ള സമീപനമാണ്. കാലാകാലങ്ങളായുള്ള മർദ്ദിത വർഗ്ഗത്തോട് കാട്ടുന്ന *സഹാനുഭൂതി* സമൂഹത്തിലെ അടിത്തട്ട്കാരന് രക്ഷപ്പെടാൻ ഒരേ ഒരു വഴി വിദ്യാഭ്യാസമാണെന്നിരിക്കെ അത് അവർക്ക് അപ്രാപ്യമാക്കുക എന്നതാണ് ഇതിൻെറ അടിസ്ഥാന ലക്ഷ്യം. ഇതോടൊപ്പം കുറെയധികം ബോണസ്സ് കൂടി ഈ വർഗ്ഗത്തിന് ലഭിയ്ക്കുന്നു.

* മൈസൂർ കല്യാണം പോലെയുള്ള മുസ്ലിങ്ങളുടെ ഇടയിൽ മാത്രം നിലനിൽക്കുന്ന കുറച്ച് വിവാഹങ്ങൾക്ക് നിയമസാധുത. അടുത്താലറിയാം ഇത് വിവാഹമാണെന്നാ പീഡനമാണൊ എന്ന്. ഈ വിവാഹവും പെൺകൊടികളെ രക്ഷപ്പെടുത്താനത്രെ.

* അടിസ്ഥാന വിഭാഗത്തിലെ ജനങ്ങൾക്ക് ഓർഡിനൻസും നിയമവും തമ്മിലുള്ള വ്യത്യാസം അറിയില്ലെന്നിരിക്കെ കുറെ ആളുകൾക്ക് അഴിഞ്ഞാടാനുള്ള അവസരം നേടാം.

ഫലത്തിൽ ഇത് ബഹുഭാര്യാത്വത്തെ പ്രോത്സാഹിപ്പിക്കുകയും വരുമാനമില്ലാത്ത വിവാഹബന്ധം വേർപെടുത്തിയ സ്ത്രീകളാൽ നിറയുന്ന ഒരു ജനവിഭാഗമായി ഈ സ്ത്രീ ജനങ്ങൾ മാറും. അത് ഗവൺമെൻറുകൾക്ക് പോലും ഒരു തലവേദനയായി തീരും എന്നതിൽ രണ്ടഭിപ്രായമില്ല.

* കൃത്യമായ നിയമം നിലവിലിരിക്കെ തന്നെ 12 ലും 13 ലും വിവാഹം ചെയ്ത പെൺകുട്ടികളുടെ വിവാഹം നിയമസാധുത ഉള്ളതാക്കാനണത്രെ ഈ ഓർഡിനൻസ്.

കൃത്യവിലോപവും നിയമനിഷേധവും നടത്തിയവർക്കെതിരെ യാതൊരു നടപടികളും ഇല്ലാതെ അത് ശരിവയ്ക്കുക എന്നത്, സ്ത്രീധന നിരോധന നിയമം നിലനിൽക്കെ തന്നെ ആർക്കും പരാതിയില്ലാത്ത വിധം സ്ത്രീധനം നൽകി വിവാഹം നടത്തുന്നപോലെയാകും.

* സമ്പന്നവർഗ്ഗത്തിനും, വിദ്യാഭ്യാസം നേടിയ ഇടത്തരക്കാരിലും ഈ 16- പ്രായോഗികമല്ല. അത് ഫത്വ ആണെങ്കിൽക്കൂടി അവർ അനുസരിക്കുകയുമില്ല. പിന്നെ ഇത് ആർക്ക് വേണ്ടി? കുറച്ച് പിഞ്ചുകുഞ്ഞുങ്ങളെ കടൽ കടത്തുവാനുള്ള പാസ്പോർട്ടായി ഉപയോഗിക്കാനാവും എന്നു വേണം അനുമാനിക്കാൻ.

* ഇസ്ലാമിൽ ഏററവും പാപകരമായ വിവാഹമോചനം ഒരിരുപ്പിൽ (മൂന്ന് ഘട്ടങ്ങളിലായി മാത്രം നടത്തേണ്ടത്) സാധ്യമാക്കുന്ന വരന്മാർ ധാരാളമായുള്ള ഈ വിഭാഗത്തിൽ 16-വയസ്സുകാരിക്ക് എന്ത് സുരക്ഷിതത്വമാണ് നല്കിയിട്ടുള്ളത് എന്നും ചിന്തിക്കേണ്ടതുണ്ട്.

മുസ്ലിം വിവാഹത്തിലെ അനിസ്ലാമികമായ ധൂർത്തും ആഡംബരവും അതിലേറെയായി പള്ളികമ്മിററി പോലും ഓഹരി പററുന്ന സ്ത്രീധനവും അധികമായിരിക്കെ അതിലൊന്നും ശ്രദ്ധചെലുത്താതെ 16 വയസ്സ് കഴിഞ്ഞാൽ പെൺകുട്ടി ചീത്തയായി പോകും അതിനാൽ അവരെ ഉടനെ തന്നെ വിവാഹം ചെയ്യിച്ച് രക്ഷപ്പെടുത്തണം എന്നുള്ള ചിന്ത തന്നെ പിന്നോക്കം നിൽക്കുന്ന ഈ വിഭാഗത്തെ (സ്ത്രീവർഗ്ഗത്തെ) രക്ഷിക്കാനൊ ശിക്ഷിക്കാനോ? മുസ്ലിം പെൺകുട്ടികളുടെ വിദ്യാഭ്യാസ വിഷയത്തിൽ ഏററവും പിന്നോക്കം നിൽക്കുന്ന മലപ്പുറം പോലെയുള്ള ജില്ലകളിലെ ഈ കട്ട് ഓഫ്- 16 വീണ്ടും അവരെ തമോഗർത്തങ്ങളിലേക്ക് ആഴ്ത്തപ്പെടുമെന്ന് പറയാതെ വയ്യ. നവോത്ഥാന നായകന്മാരുടെ ശ്രമഫലമായി വിരളമെങ്കിലും വിരലെണ്ണത്തിലെങ്കിലും ശ്രദ്ധേയമായ മുസ്ലീം പെൺസാന്നിദ്ധ്യം കേരള രാഷ്ട്രീയത്തിലും ഔദ്യോഗിക രംഗത്തും ഉണ്ടായത് അവരുടെ കൂടി ധിഷണാശക്തിയുടെയും വിദ്യാഭ്യാസ പുരോഗതിയുടെയും ഫലമായിട്ടാണ്. ഇന്ത്യയുടെ ആദ്യത്തെ സുപ്രീംകോടതി വനിതാ ജഡ്ജിയായി അവരോധിക്കപ്പെട്ട ജസ്റ്റിസ് ഫാത്തിമാബീവി, കേരളത്തിലെ ആദ്യവനിതാ ഡെപ്യൂട്ടി സ്പീക്കർ എ. ഒ ഐഷാബായ് ഈ നിരകൾ ഇനിയും നീളും എന്ന ചിന്തയുടെ വിപരീതാനുപാതമായി കാണാവുന്ന ഒന്നാണ്. വിദ്യാഭ്യാസമേഖലയിൽ പുരോഗതി ഉണ്ടായിട്ടും പൊതുരംഗങ്ങളിലെ സ്ത്രീ സാന്നിദ്ധ്യം കുറയുന്നത് ഇവയൊക്കെ ചേർത്തു വായിച്ചാൽ ഒരു കാര്യം വ്യക്തം. സ്ത്രീയുടെ വിദ്യാഭ്യാസ സ്വാതന്ത്ര്യത്തിനു മേലുള്ള ഒരു കടന്നുകയററം തന്നെയാണ് കട്ട് ഓഫ്- 16. ഇതിനെ സ്ത്രീ സമൂഹം ഒററക്കെട്ടായി ചെറുത്തു തോൽപ്പിക്കുക തന്നെ വേണം.



# പരസ്യത്തിലെ സ്ത്രീ



**കെ.എസ്.ലത**
*എസ്.എൻ. കോളേജ്, നാട്ടിക*

**ലോ**കത്തിനെ സ്ത്രീ എങ്ങനെ നോക്കിക്കാണുന്നു? പെണ്ണിടങ്ങളും ഇടപെടലുകളും എങ്ങനെ വിശകലനം ചെയ്യപ്പെടുന്നു എന്നിങ്ങനെയുള്ള ചർച്ചകൾ പുരോഗമിക്കുന്ന ഈ കാലഘട്ടത്തിൽ മൂന്നാംലോക സ്ത്രീ കമ്പോളവൽക്കരണത്തിൽപ്പെട്ട് എങ്ങനെ ഒരു ബിംബമാകുന്നു? സ്ത്രീക്ക് കിട്ടിയ സ്വാതന്ത്ര്യങ്ങൾ സമൂഹത്തിൻെറ ഉണർവിനു പകരം വിപണിയുടെ സ്വാതന്ത്ര്യം മാത്രമായി മാറുന്നുണ്ടോ? എന്നീ ചിന്തകൾ പ്രസക്തമാണ്.

എല്ലായിടങ്ങളിലും ആധുനികതയുടെ ഫലമായ മാററങ്ങൾ ഉണ്ടാകുമ്പോൾ പരസ്യങ്ങളിലെ സ്ത്രീ ലോകത്ത് പാരമ്പര്യ വാർപ്പുകൾ തന്നെ പ്രത്യക്ഷപ്പെടുന്നു. ഉദാഹരണമായി ഗൃഹോപകരണങ്ങളുടെ പരസ്യത്തിൽ ഗാർഹിക ജീവിതത്തിൻെറ അദ്ധ്വാനങ്ങളിൽ നിന്ന് സ്വതന്ത്രയാകാത്ത സ്ത്രീയുടെ സാമൂഹികാവസ്ഥയുടെ പ്രതിഫലനങ്ങൾ തന്നെയാണ് ഇന്നും കാണുന്നത്. പ്രീതിമിക്സിയുടെ പരസ്യത്തിലെ മീര വാസുദേവിനേയും, വേൾപൂളിൻെറ പരസ്യത്തിലെ ജൂഹിചൗളയേയും ശ്രദ്ധിക്കണം മറെറാരു മിക്സിയുടെ പരസ്യത്തിൽ മിക്സിയുടെ സാങ്കേതികത വലുതായപ്പോൾ പരസ്യത്തിലുള്ള പെൺകുട്ടിയുടെ വസ്ത്രം ചെറുതായിപ്പോയി എന്നൊരു വ്യത്യാസം മാത്രം. മൂവ് ക്രീമിൻെറ പരസ്യത്തിൽ അദ്ധ്വാനത്തിൽ നടുവേദന വന്ന സ്ത്രീയെ ക്രീം പുരട്ടി വീണ്ടും അദ്ധ്വാനിക്കാൻ വിടുന്ന അവസ്ഥ കാണാം. രണ്ടായിരത്തി പതിനൊന്ന് മാർച്ച് മാസം ഇരുപത്തി മൂന്നാം തിയതിയിലെ മലയാള മനോരമ ദിനപ്പത്രത്തിൽ മുൻപേജിൽ തന്നെ കൊടുത്തിരിക്കുന്ന കിറെക്സ് അടിവസ്ത്രത്തിൻെറ പരസ്യത്തിൽ ഒരു സ്ത്രീയും പുരുഷനും ഒരുമിച്ചു നിൽക്കുന്ന പടത്തിൽ, പുരുഷനെ ബനിയനിട്ട് ശരീരം മറച്ചവനായും, സ്ത്രീയെ അവളുടെ വസ്ത്രം തുറന്ന് അടിവസ്ത്രം കാട്ടുന്നവളായും പരസ്യപ്പെടുത്തിയിരിക്കുന്നു. എക്സ് സ്പ്രേയുടെ പരസ്യം, പുരുഷനോടടുത്തിടപഴകുന്നതും, പരിഷ്കാര വസ്ത്രധാരണമായി അല്പമാത്ര വസ്ത്രം

ധരിക്കുന്നതും ആധുനികതയാണെന്ന് ആലോചിക്കുന്ന സ്ത്രീകളെയാണ് വെളിപ്പെടുത്തുന്നത്.

പുരുഷൻെറ അടിവസ്ത്രത്തിൻെറ പരസ്യം (വനേസ) ൽ പുരുഷൻെറ അർദ്ധ നഗ്നത ആസ്വദിക്കുന്ന സ്ത്രീയെ ചിത്രീകരിച്ചിരിക്കുന്നു. അവിടെ സ്ത്രീയുടെ നോട്ടമാണ് പുരുഷൻെറ ആത്മസംതൃപ്തി എന്ന് വരുത്തുന്നു. അതിനു പകരം ആ അടിവസ്ത്രം ധരിച്ച് പുരുഷന് അത് നൽകുന്ന സംതൃപ്തിയാണ് ഉദ്ദേശിച്ചതെങ്കിൽ എത്ര നന്നായിരുന്നു. മഹീന്ദ്ര (ടൂവീലർ)യുടെ പരസ്യത്തിൽ പുരുഷൻെറ പിന്നിലിരിക്കുന്ന സ്ത്രീയുടെ അംഗചലനങ്ങൾ, മററൊരു ബൈക്കിൻെറ പിന്നിലിരിക്കുന്ന സ്ത്രീയെ കാണിക്കാൻ വിഷയമാക്കിയത് അനൗചിത്യമാണ്. ഓട്ടോ എക്സിബിഷനിൽ പുതിയ വാഹനം വിപണിയിലിറക്കുമ്പോൾ അതിനരികിലായി സുന്ദരിയായ സ്ത്രീകളെ പരസ്യത്തിനായി നിർത്തുന്നു.



പരസ്യങ്ങൾ ആരോഗ്യവ്യവസായത്തേയും സൗന്ദര്യവ്യവസായത്തേയും ജനപ്രിയസംസ്കാരത്തിൻെറ ഭാഗമാക്കുന്നതിൽ വിജയിച്ചിട്ടുണ്ട്. പ്രമേഹ രോഗങ്ങൾക്കുള്ള ഔഷധങ്ങൾ, ഉളുക്ക്, കഴപ്പ് എന്നിവക്കുള്ള വേദന സംഹാരികൾ, ച്യവനപ്രാശം, കോംപ്ലാൻ, ഹോർലിക്സ്, ബൂസ്ററ് തുടങ്ങിയവ ആരോഗ്യത്തെ അലങ്കരിക്കുമ്പോൾ ഫെയർ ആൻഡ് ലൗലി, വിവൽ, ഇന്ദുലേഖ, വീക്കോ എന്നിവ സൗന്ദര്യത്തെ അലങ്കരിക്കുന്നു. ആരോഗ്യ-സൗന്ദര്യ പരസ്യങ്ങളിൽ സ്ത്രീകളെത്തന്നെയാണ് ഏറെക്കുറും അടയാളപ്പെടുത്തുന്നത്. എല്ലാവരേയും വെളുത്തവരാക്കുക, എല്ലാവരേയും മെലിഞ്ഞവരാക്കുക (ധാത്രിസ്ലിം, ലവണതൈലം) പ്രത്യേകിച്ച് സ്ത്രീകളെ എന്ന കർമ്മം ഏറെറടുത്തിരിക്കുകയാണ് വിപണികൾ. ജൈവ സവിശേഷതയാണ് നിറമെന്നും ശരീരപ്രകൃതിയെന്നും തിരിച്ചറിയാത്തവർ പരസ്യങ്ങൾക്ക് പിന്നാലെ പോയി വിപണിയെ കൊഴുപ്പിക്കുന്നു.

സമൂഹത്തിൽ സ്ത്രീയുടെ റോൾ എന്താവണം എന്നു പരമ്പരാഗത ധാരണകളും സ്വന്തം ജീവിതം നിർണ്ണയിക്കാനുള്ള സ്ത്രീയുടെ അഭിലാഷങ്ങളും തമ്മിലുള്ള വൈരുദ്ധ്യത്തിലൂടെ ആധുനിക സ്ത്രീ കടന്നു പോകുന്നു. പ്രസ്തുത സാഹചര്യത്തിൽ പരസ്യത്തിലെ സ്ത്രീയുടെ റോൾ ചർച്ചക്ക് വിഷയമാക്കുമ്പോൾ കേന്ദ്രബിന്ദുവാകുന്നത് സമൂഹം പൊതുബോധമായി അംഗീകരിച്ച യാഥാസ്ഥിതിക മൂല്യബോധവും സ്ത്രീയുടെ യഥാർത്ഥ സ്വത്വവും തമ്മിലുള്ള ഏററുമുട്ടലാണ്. പരസ്യങ്ങൾ പരിശോധിക്കുമ്പോൾ സ്ത്രീയുടെ ആധുനികതയും പാരമ്പര്യവും തമ്മിലുള്ള ഏററുമുട്ടൽ സാധ്യതയെത്തന്നെ ഇല്ലാതാക്കി ഒരുതരം ഒത്തുതീർപ്പിൽ എത്തിക്കുന്നതായി കാണാം. ഇത് പുരുഷമേധാവിത്വബോധത്തെ പൊതുബോധമായി കണക്കാക്കുന്നു. പരമ്പരാഗത സാമൂഹികത തന്നെയാണ് ലോകത്തെ പുരുഷക്കാഴ്ചകളിലൂടെ വ്യഖ്യാനിക്കുന്ന പരസ്യങ്ങൾ. ഇത് പരമ്പരാഗത സ്ത്രീ പുരുഷ റോളുകൾ തന്നെ തുടരുവാൻ സമൂഹത്തിനു പ്രേരണയാകുന്നു. സ്ത്രീയുടെ പഴയസമൂഹ്യാവസ്ഥയെ വ്യവസ്ഥയാക്കി ആധുനികകാലത്തും പ്രതിഷ്ഠിക്കുന്നു. ആധുനികതയുടെ സന്താനമായ പുതിയ ഉല്പന്നങ്ങൾ പോലും വിററഴിക്കണമെങ്കിൽ പരസ്യത്തിലെ സ്ത്രീയെ പരമ്പരാഗത മൂല്യബോധത്തിനകത്താക്കണമെന്നും, ആഗോളവൽക്കരണത്തിലെ പോപ്പുലർ കൾച്ചറിലെ സ്വാതന്ത്ര്യയാക്കിയ സ്ത്രീയുടെ പൊലിമ അവളിലുണ്ടെന്ന് വരുത്തുവാൻ ഫാഷൻ അല്ല വസ്ത്രങ്ങൾ ധരിപ്പിക്കുകയും ചെയ്താൽ കാണികൾ സ്വീകരിച്ചുകൊള്ളും എന്നതാണ് പരസ്യക്കാരുടെ തന്ത്രം. പരസ്യങ്ങൾ ഒരു കപട ആധുനികതയെയാണ് നമുക്കു നൽകുന്നത്. വേഷ, ഭാഷ, ശരീരഭാഷ, ഭാവം, അഭിരുചികൾ എന്നിവയിലൂടെ ഈ കപട ആധുനികതയെ നമ്മളിലേക്ക് പകർത്താൻ പരസ്യങ്ങൾക്കു കഴിയുന്നു. ആധുനികതയിലെ ഈ കാപട്യം മുതിർന്നവർക്കു തിരിച്ചറിയുമെങ്കിലും കുട്ടികൾ ഇതാണ് തങ്ങളുടെ ലോകം എന്ന് തെററിദ്ധരിക്കുന്നു. അപകടകരമായ ഈ അവസ്ഥയെ അഭിസംബോധന ചെയ്യാനും പുതിയ തലമുറയിൽ ബോധോദയത്തിൻെറ വിത്തുകൾ പാവാനും അദ്ധ്യാപികമാർക്ക് പ്രത്യേകിച്ചും ചരിത്രപരമായ കടമകൾ നിർവ്വഹിക്കാനുണ്ട്

# അധ്യാപനം, സംഘടന, എഴുത്ത്: ഇഴചേർക്കലിന്റെ സൗന്ദര്യഭാഷ്യം

അധ്യാപിക സംഘടന പ്രവർത്തക എഴുത്തുകാരി എന്നീ നിലകളിൽ ഒരാൾക്ക് ജീവിതത്തെ രാഷ്ട്രീയമായി എങ്ങനെ അടയാളപ്പെടുത്താം എന്ന ചോദ്യം ഈ വനിത പതിപ്പ് മുന്നോട്ടുവയ്ക്കുകയാണ്. കേരളത്തിന്റെ സാംസ്കാരിക ജീവിതത്തിൽ നിരന്തര സാന്നിധ്യമായ ഒട്ടേറെ എ. കെ. പി.സി.ടി.എ അധ്യാപികമാരുണ്ട്. എഴുത്ത് എന്ന രാഷ്ട്രീയ പ്രക്രിയയിൽ ഇടപെട്ടുകൊണ്ടിരിക്കുന്ന ഇവരിൽ പ്രമുഖർ നമ്മോട് സംവദിക്കുന്നു.

## എം.ഡി. രാധിക

ഇംഗ്ലീഷ് വിഭാഗം മേധാവി, (മാർച്ചിൽ വിരമിച്ചു) പ്രൊവിഡൻസ് കോളജ്, കോഴിക്കോട്



തൊഴിൽ സുരക്ഷിതമാക്കുന്നതിൽ സംഘടനയ്ക്കുള്ള ശക്തി പ്രീ-ഡിഗ്രി വേർപെടുത്തൽ സമരകാലത്ത് വ്യക്തിപരമായി തിരിച്ചറിഞ്ഞു. കോളജ് അധ്യാപനം സ്വപ്നംകണ്ടുവന്ന ഞങ്ങളിൽ ചിലർ സ്കൂളിലേക്ക് അയക്കപ്പെടുമോ എന്ന ആശങ്ക വേട്ടയാടിയിരുന്ന നാളുകളാണവ. പൊതുവേ സംഘബോധം അധികമൊന്നുമില്ലാത്ത ഒരു Individualist ആണ് ഞാൻ. എഴുത്തുകാരി എന്ന നിലയിൽ വ്യക്തിസത്തയിൽ ഊന്നുന്ന ഒരു പ്രകൃതമാണ് എന്റേത്. എന്നാൽ ആ സ്വഭാവത്തിന് പരിക്കുകളൊന്നും ഏല്ക്കാതെ എ.കെ.പി.സി.ടി.എയിൽ ഇത്രയും കാലം നിൽക്കാൻ പററിയത് സംഘടനയുടെ ഗുണംകൊണ്ടാണ്. അത് എനിക്കു തന്ന സ്വാതന്ത്ര്യം, സ്നേഹം, ബഹുമാനം എന്നിവകൊണ്ടാണ്. എന്റെ സംശയങ്ങളും വിമർശനങ്ങളും ഞാൻ എന്നും തുറന്നു പറഞ്ഞിട്ടുണ്ട്. അതിന്റെ പേരിൽ ഒററപ്പെടുത്തലുകൾ ഉണ്ടായിട്ടില്ല.

## എസ്. ശാരദക്കുട്ടി

മലയാളവിഭാഗം, പരുമല ദേവസ്വംബോർഡ് കോളജ്



അധ്യാപനത്തോളം സ്വാതന്ത്ര്യവും ആത്മസംപ്തൃതിയും നൽകുന്ന യാതൊരു ജോലിയും എനിക്ക് അറിയില്ല. ആകാശത്തിനു കീഴിലുള്ള യാതൊരു വിഷയത്തെക്കുറിച്ചും നിർഭയമായും തുറന്നമനസ്സോടെയും ചർച്ചചെയ്യാനും പുതിയ കാലത്തിന്റെ ഉൾത്തുടിപ്പുകൾ തൊട്ടറിയാൻ കഴിയുന്നു എന്നതാണ് ഒരു സാഹിത്യ അധ്യാപിക എന്ന നിലയിൽ എന്റെ ഭാഗ്യം. തുറന്ന ക്ലാസ്സ് മുറികൾ പോലെ സംവാദ സാധ്യതകൾ ഉള്ള മറെറാരിടവും ഭൂമിയിൽ ഇല്ല എന്ന് വിശ്വസിക്കുന്ന അധ്യാപികയാണ് ഞാൻ. എഴുത്തും അധ്യാപനവും ഒരു പോലെ പൊതുപ്രവർത്തനമാണെന്ന് ഞാൻ വിശ്വസിക്കുന്നു. വിട്ടുവീഴ്ചകൾപാടില്ലാത്ത, ഉറച്ച, സത്യസന്ധമായ, വിദൂരഫലങ്ങൾ ഉളവാക്കുന്ന സർഗ്ഗാത്മക പ്രവർത്തനമാണ് ഇത് രണ്ടും. അധ്യാപികയ്ക്ക് പക്ഷമുണ്ടായിരിക്കണമെന്നും അത് ഒത്തുതീർപ്പുകളില്ലാത്ത സമരത്തിന്റെ പക്ഷമായിരിക്കണം എന്നും വിശ്വസിക്കുന്നതുകൊണ്ടാണ് ഞാൻ ഇടതുപക്ഷ അധ്യാപകസംഘടനയായ എ.കെ.പി.സി.ടി.എയിൽ അംഗമായത്.

## എസ്.ഗിരിജാകുമാരി

അസോ. പ്രൊഫസ്സർ, ജന്തുശാസ്ത്രവിഭാഗം, ഡി.ബി.കോളജ് ശാസ്താംകോട്ട

ശാസ്ത്രപഠനം പുരോഗനാത്മകമായ സാമൂഹ്യവീക്ഷണം വിദ്യാർത്ഥികളിൽ രൂപപ്പെടുത്തി എടുക്കുന്നതിന് അനിവാര്യമാണ്. ജന്തുശാസ്ത്രങ്ങളും അനുബന്ധ വിഷയങ്ങളും പാരിസ്ഥിതികമായി സത്യസന്ധതയോടുകൂടി പഠിപ്പിക്കുമ്പോൾ ഉന്നതമായ ഒരു സാമൂഹിക ഉത്തരവാദിത്വമാണ് നിറവേററുന്നത് എന്ന് തോന്നാറുണ്ട്. പാഠ്യവിഷയങ്ങളുടെ പരിമിതികളെ അതിലംഘിച്ചുകൊണ്ട് വിദ്യാർത്ഥികൾക്കും പൊതുസമൂഹത്തിനും ഉപയോഗപ്പെടുമാറ് ശാസ്ത്രലേഖനങ്ങൾ എഴുതുകയും ഗ്രന്ഥരചന നടത്തുകയും ചെയ്യേണ്ടത് ഗവേഷണ തല്പരരായ ഒരു അധ്യാപികയുടെ കടമയാണ് എന്ന് ഞാൻ കരുതുന്നു.



അധ്യാപനം എഴുത്ത് എന്നിവയുടെ ക്രിയാത്മകമായ നടപ്പിലാക്കലാണ് സംഘടനാപ്രവർത്തനത്തിലൂടെ നാം നിർവ്വഹിക്കുന്നത്. സാമൂഹ്യ പ്രതിബദ്ധതയുള്ള സ്വന്തം മനസ്സിനെ അതെ അർത്ഥത്തിലും കൂടുതൽ തീവ്രതയോടെയും സഹപ്രവർത്തകരുമായി പങ്കുവയ്ക്കുന്നതും സമൂഹത്തിന് അത് ഗുണപരമാക്കുന്നതും സംഘടനാപ്രവർത്തനത്തിൽ അത്യന്താപേക്ഷിതമാണ്.

## ടി.വി. സുനിത

മലയാളവിഭാഗം, ഗുരുവായൂരപ്പൻ കോളജ്, കോഴിക്കോട്



എഴുത്ത്, അധ്യാപനം കുടുംബം ഇവ ഒത്തുകൊണ്ടുപോകുന്നത് ക്ലേശകരം തന്നെയാണ്. പാൽപ്പായസത്തിന്റെ കയ്പ് ഇഷ്ടമാണെന്നതുപോലെ ആ ക്ലേശം എനിക്ക് ഇഷ്ടമാണ്. ഇതിലും എത്രയോ ഇരട്ടി കഷ്ടപ്പെട്ടാലും വെറുതെ വീട്ടിൽ ഇരിക്കുന്നത് എനിക്ക് ചിന്തിക്കാനാവില്ല. ഇത് ഞാൻ മാത്രം അനുഭവിക്കുന്ന പ്രശ്നമല്ലെന്നും ഇതുപോലുള്ള സ്ത്രീകൾ എല്ലാവരും പൊതുവിൽ അനുഭവിക്കുന്നതാണെന്നും ഇതുപോലെ പതിനായിരക്കണക്കിന് സ്ത്രീകൾ ഉൾപ്പെടുന്ന ആളുകളുടെ പോരാട്ടങ്ങളുടെ ഫലമാണെന്നും സ്ത്രീസമൂഹത്തിന്റെയും മററ് അധ്വാനിക്കുന്നവരുടേയും ഉന്നമനത്തിനുവേണ്ടി ആവുന്നത്ര പ്രവർത്തിക്കുക എന്റെ കടമയാണെന്നുമുള്ള രാഷ്ട്രീയബോധം എനിക്ക് തളരാതിരിക്കാൻ ഊർജ്ജം തരുന്നു
.

## എൻ. രേണുക

മലയാള വിഭാഗം, ചേർത്തല എൻ.എസ്.എസ്.കോളജ്



അധ്യാപനം ഒരർത്ഥത്തിൽ പാഠപുസ്തകത്തിന് പുറത്താണ് നടക്കുന്നത്. വിദ്യാർത്ഥികൾക്ക്, വായിക്കാൻ, പഠിക്കാൻ ചിന്തിക്കാൻ സ്വതന്ത്രആശയമുള്ള വ്യക്തികളായി തീരാൻ പ്രേരിപ്പിക്കുന്ന ഒരു മനസ്സാണ് അധ്യാപകർക്ക് വേണ്ടത്. പരീക്ഷയോ ജോലിയോ മാത്രമാണ് വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം എന്ന രീതിയിൽ ഞാൻ ഒരിക്കലും കുട്ടികളെ പഠിപ്പിച്ചിട്ടില്ല. സ്വന്തമായ അഭിരുചികളും ഉയർന്ന വ്യക്തിബോധവും ചുററുപാടുകളെക്കുറിച്ച് സമഗ്രമായ അവബോധവും ഇല്ലാത്ത ഒരാൾക്ക് ഒരു വിഷയത്തെക്കുറിച്ചും ധാരണയുണ്ടാവില്ല. ഇത് എന്നെ പഠിപ്പിച്ചത് എന്റെ എഴുത്ത് ജീവിതമാണ്. ശരീരത്തിനും ആത്മാവിനും മുകളിൽ അനിയന്ത്രിതമായ സ്വാതന്ത്ര്യം അനുഭവിക്കുന്നവർക്ക് മാത്രമേ ഉപാധികളില്ലാതെ എഴുതാൻ ഒക്കു. സംഘടനാ ജീവിതം ഇതിന്റെ തുടർച്ചയാണ്







# മലയാള വനിതാ പ്രസിദ്ധീകരണങ്ങളിലെ സ്ത്രീ ഒരു വിമർശാത്മക സമീപനം



**ഇ. ശ്രീലത**

*എസ് എൻ കോളജ്, കണ്ണൂർ*

വനിതാമാസികകൾ എന്ന് കേൾക്കുമ്പോൾ മനസ്സിൽ മിന്നിമറയുന്നത് വനിതയും ഗൃഹലക്ഷ്മിയും മഹിളാരത്നവും കന്യകയുമൊക്കെയാണ്. കണ്ണഞ്ചിപ്പിക്കുന്ന നിറപ്പകിട്ടോടെ കടകളിൽ തൂങ്ങിയാടുന്ന അവയോട് മലയാളി വനിതകൾക്കുള്ള അഭിനിവേശം ഒട്ടും കുറവല്ല. മാർദവമേറിയ കടലാസുകളിലെ വർണചിത്രങ്ങൾ ആരെയും കോരിത്തരിപ്പിക്കും കയ്യിൽ കിട്ടുന്നതൊക്കെ ഗുണദോഷ വിചിന്തനം നടത്താതെ വായിച്ചിരുന്ന കാലങ്ങളിൽ എന്റെ വായനയിൽ ഇത്തരം വനിതാ പ്രസിദ്ധീകരണങ്ങൾ ഇടം പിടിച്ചിരുന്നു. എന്നാൽ ഒരു സ്ത്രീയെന്ന നിലയിൽ വ്യക്തിത്വവികാസത്തിന് എന്ത് സംഭാവനയാണ് ഇവ നൽകുന്നത് എന്ന ചിന്ത ഉടലെടുത്തതോടെ അവയെ എന്റെ വായനാലോകത്തിനപ്പുറത്തേക്ക് മാററി നിർത്തുകയായിരുന്നു.

ഇന്നത്തെ വനിതാ പ്രസിദ്ധീകരണങ്ങളെക്കുറിച്ച് ചിന്തിക്കുന്നതിന് മുമ്പ് മലയാള വനിതാ പ്രസിദ്ധീകരണങ്ങളുടെ ചരിത്രം അല്പമെങ്കിലും മനസ്സിലാക്കുന്നത് നല്ലതാണെന്ന് തോന്നുന്നു. ആദ്യത്തെ വനിതാ പ്രസിദ്ധീകരണമായി അറിയപ്പെടുന്നത് കേരളീയ സുഗുണ ബോധിനിയാണ്. 1847 ൽ പ്രഥമ പത്രം (രാജ്യസമാചാരം) പുറത്തിറങ്ങി 38 വർഷമായപ്പോഴേക്കും തന്നെ വിധിച്ചിട്ടുള്ളത്, ബൗദ്ധികമായ എല്ലാ മേഖലകളെക്കുറിച്ചും അവൾ ബോധവതിയാകേണ്ടതുണ്ട് എന്ന് തന്നെയാണ് ഈ ആദ്യ ലക്ക പ്രഖ്യാപനം കൊണ്ട് ഉദ്ദേശിക്കുന്നത്

മറെറാരു ആദ്യകാല വനിതാമാസികയായ ലക്ഷ്മിഭായിയുടെ ഉള്ളടക്കം നോക്കുക

| | |
|---|---|
| ശ്രീകാശി | ആർ. ഈശ്വരപിള്ള |
| ശുചിത്വവും | |
| ആരോഗ്യവും | ഇ. കാർത്ത്യായനിയമ്മ |
| പ്രത്യക്ഷദൈവം | കെ. കുഞ്ഞുണ്ണിനായർ |
| രുഗ്മിണീസ്വയംവരം | കാത്തുള്ളിൽ അച്ചുതമേനോൻ |
| വിമലാ ദേവി | |
| സൂദവിദ്യ | എം. വേലുപിള്ള |
| സ്ത്രീകളുടെ | |
| അസ്വതന്ത്രത | പാട്ടത്തിൽ ബാലകൃഷ്ണമേനോൻ |
| പുസ്താദിപ്രായം | |

ഇവിടെയും വിഷയവൈവിധ്യം ദർശിക്കാം. സ്ത്രീകൾ അനുഭവിച്ചിരുന്ന അസ്വാതന്ത്ര്യത്തെക്കുറിച്ച് ചിന്തിക്കാനും അ

തെക്കുറിച്ച് ലേഖനമെഴുതാനും പുരുഷൻ തന്നെ തയ്യാറായിരിക്കുന്നു. ഉദ്യോഗസ്ഥകളാകാനും ഭരണം നടത്താനുമുള്ള കഴിവ് സ്ത്രീകൾക്കുണ്ടെന്നും അതിനുള്ള സാഹചര്യങ്ങളാണ് നിലവിലില്ലാത്തതെന്നും **സ്ത്രീകളുടെ അസ്വതന്ത്രത** എന്ന ലേഖനത്തിൽ ചൂണ്ടിക്കാണിക്കുന്നു. *എല്ലാ സ്ത്രീകളെയും അടിമകളായി ഗണിക്കുന്ന അന്യായവും പാപവുമല്ലയോ സ്ത്രീകൾക്ക് പുരുഷന്മാർക്കുള്ള അവകാശങ്ങളെല്ലാം കൊടുക്കുന്നതായാൽ അവരെല്ലാം സ്വാർഥത്തെ തീരെ ത്യജിച്ചു പ്രവർത്തിക്കുമെന്നു പറയാൻ ഞാൻ ഒരുങ്ങുന്നില്ല. എന്നാൽ പുരുഷന്മാരുടെ ഗർവവും സ്വാർത്ഥ തല്പരതയും കുറയുമെന്നും അവർക്ക് തങ്ങളുടെ ആഗ്രഹങ്ങളെയെല്ലാം ദൈവായത്തങ്ങളാണെന്ന് ഗണിക്കയില്ലെന്നും നമുക്ക് തീർച്ചയായും വിശ്വസിക്കാവുന്നതാകുന്നു. മുഠാളനും ബുദ്ധിയില്ലാത്തവനും ആയ ഒരു ബാലൻ താൻ ലോകത്തിലുള്ള സകല സ്ത്രീകളെക്കാളും യോഗ്യനാണെന്നു വിശ്വസിച്ചു കൊണ്ടാണല്ലോ വളർന്നു വരുന്നത്. തങ്ങളെക്കാൾ എത്രയോ മടങ്ങ് പ്രാപ്തിയും മഹത്വവുമുള്ള വനിതമാർ കൂടി തങ്ങളുടെ കീഴിലാണെന്നാകുന്നു. നികൃഷ്ടന്മാരായ പുരുഷന്മാർ കൂടി വിശ്വസിച്ചു ഗർവു നടിക്കുന്നത്. ഈ തെററായ ധാരണ പുരുഷന്മാരെ ഗർവിഷ്ഠന്മാരാക്കിത്തീർ ക്കുന്നുണ്ട്. ഭർത്താവും ഭാര്യയും തമ്മിലുള്ള ബന്ധം യജമാനനും ഭൃത്യനും തമ്മിലുള്ളതു പോലെയാണെന്നു വിചാരിക്കാത്ത പുരുഷന്മാർ അധികമുണ്ടാകുമോ എന്നു സംശയിക്കുന്നു. എന്നാൽ സ്ത്രീകൾക്കും പുരുഷന്മാർക്കും തുല്യവകാശങ്ങൾ ഉണ്ടായിരിക്കുന്നതായാൽ പുരുഷന്മാരുടെ സ്ഥിതി ഭേദപ്പെടുകയും തന്നിമിത്തം സമുദായത്തിന് ഉപര്യുപരി അഭിവൃദ്ധിയുണ്ടാവുകയും ചെയ്യാതിരിക്കില്ല. (ലക്ഷ്മിഭായി 1090 മിഥുനം)* ഈ ലേഖനത്തിൽ സ്ത്രീകളുടെ അന്നത്തെ സാമൂഹിക അവസ്ഥ എന്താണെന്ന് വിലയിരുത്തുകയും അത് ഇല്ലായ്മ ചെയ്യാനുള്ള മാർഗനിർദേശം ലേഖകൻ മുന്നോട്ടു വയ്ക്കുകയും ചെയ്യുന്നു. സ്ത്രീ പുരുഷ സമത്വത്തിലൂടെ പുരുഷന്മാർ നന്നാവുകയും തന്നിമിത്തം സമൂഹം പുരോഗതിയിലേക്ക് നീങ്ങുകയും ചെയ്യും എന്ന ചിന്താഗതി എത്ര ഉദാത്തമാണ്.

ലക്ഷ്മിഭായിയുടെ തന്നെ മറെറാരു ലക്കത്തിൽ **മലയാള സ്ത്രീകളുടെ തൽക്കാല സ്ഥിതി** എന്ന ലേഖനത്തിൽ വിദ്യാഭ്യാസത്തിനും മാന്യമായ വസ്ത്രധാരണത്തിനും അവകാശമില്ലാത്ത സ്ത്രീകളുടെ ദയനീയാവസ്ഥയെക്കുറിച്ച് ചിത്രീകരിച്ചിട്ടുണ്ട്. ഈ ദുരവസ്ഥയ്ക്കുള്ള പരിഹാരം സ്ത്രീകൾക്ക് വിദ്യഭ്യാസം നൽകുകയാണെന്ന നിർദ്ദേശവും ലേഖനത്തിൽ കാണാം. അന്നത്തെ സമൂഹത്തിന്റെ സ്പന്ദനം എന്താണെന്ന് തിരിച്ചറിയാനും അവ വായനക്കാരിലേക്കെത്തിക്കാനും ഈ മാസികയുടെ അണിയറ ശില്പികൾ ശ്രദ്ധിച്ചിരുന്നു എന്നാണ് ഇതിൽ നിന്നും മനസ്സിലാക്കുന്നത്.

സാഹിത്യ സംബന്ധമായ ലേഖനങ്ങളും ആദ്യകാല വനിതാ മാസികകളിൽ കാണാൻ കഴിയും. വിശ്വസാഹിത്യത്തിലെ പ്രശസ്ത കൃതികളുടെ വിലയിരുത്തൽ, അവയിൽ സ്ത്രീ കഥാപാത്രങ്ങളെ എങ്ങനെ അവതരിപ്പിച്ചിരിക്കുന്നു എന്ന അന്വേഷണം പ്രശസ്ത വനിതകളുടെ ജീവചരിത്രം ഇവയൊക്കെ സ്ഥാനമുള്ളതായിരുന്നു ആദ്യകാല വനിതാമാസികകൾ. മരുമക്കത്തായത്തിന്റെ തകർച്ച, നായർ തറവാടുകളുടെ അധഃപതനം, വിവാഹത്തിനും മററുമുണ്ടാകുന്ന അനാവശ്യച്ചെലവുകൾ, ചെലവുചുരുക്കന്നതിനാവശ്യമായ നടപടികൾ തുടങ്ങിയവയെല്ലാം ലേഖനങ്ങൾക്ക് വിഷയമായിരുന്നു. ചുരുക്കിപറഞ്ഞാൽ മററ് മാസികകളിൽ എന്നതു പോലെ വിഷയവൈവിധ്യം ഇവയ്ക്കുണ്ടായിരുന്നു. സമൂഹത്തിന്റെ എല്ലാ ചലനങ്ങളും അവ ഉൾക്കൊണ്ടിരുന്നു. എല്ലാററിലുമുപരി സ്ത്രീയെ ഉപഭോഗ വസ്തുവായല്ല ഒരു വ്യക്തിയായി തന്നെകണ്ടിരുന്നു.

ഇനി നവവനിതാ മാസികകളിലേക്ക് ഒന്നു കണ്ണോടിക്കാം. ആധുനിക കമ്പോള സമൂഹം എങ്ങനെ സ്ത്രീയെ കാണുന്നു എന്നതിന്റെ പ്രതിരൂപമാണവ **കാഴ്ചകളുടെ** ഒരു ആഘോഷമാണവയിൽ. മധ്യവർഗ സ്ത്രീകളെ ഉന്നം വെച്ചു കൊണ്ടുള്ള പംക്തികൾ. ഒരു ഭാഗത്ത് പാചകം പൊടിപൊടിക്കുന്നു. മറുഭാഗത്ത് പുതിയ ഫാഷൻ തരംഗം, മറെറാരിടത്ത് എങ്ങനെ നല്ല ഭാര്യ വീട്ടമ്മയാകാം എന്നതിന്റെ ഉപദേശ നിർദ്ദേശങ്ങൾ, ലൈംഗിക സംശയങ്ങളും ഉത്തരങ്ങളും ഇനിയൊരു ഭാഗത്ത് കൂടാതെ നടീനടന്മാരുടെ വിശേഷങ്ങൾ- അവരുടെ ഇഷ്ട ഭക്ഷണം, സ്വകാര്യതകൾ ഗോസിപ്പുകൾ- വലിയ പ്രാധാന്യത്തോടെ കൊടുത്തിരിക്കുന്നു. ഇനി വരുന്ന വലിയൊരു ഭാഗം പരസ്യത്തിന്റേതാണ്. അതിലാകട്ടെ സ്ത്രീയുടെ നഗ്നതാ പ്രദർശനത്തിനാണ് മുൻതൂക്കം. കാവ്യാമാധവന്റെ പാചകവിശേഷം അറിയാൻ മംമ്തയുടെ വിവാഹമോചന കഥയറിയാൻ ആർത്തിയോടെ ഇത്തരം പ്രസിദ്ധീകരണങ്ങൾ വാങ്ങുകയും വായിക്കുകയും ചെയ്യുന്നവരാണ് വലിയൊരു വിഭാഗം സ്ത്രീകൾ.

വനിതകളുടെ സുഹൃത്തും വഴികാട്ടിയും എന്ന് പ്രഖ്യാപിക്കുന്ന വനിതയിലൂടെ കടന്നു പോയപ്പോൾ കിട്ടിയ ചില കാഴ്ചകൾ കുറിച്ചിടട്ടെ. 2006 സെപ്തംബർ (1-14) വനിതയുടെ ഉള്ളടക്കം

*ആത്മീയ യാത്രകൾ സെററിലേക്ക്- മോഹൻലാൽ*

*ദാമ്പത്യ വിജയത്തിന് 20 മന്ത്രങ്ങൾ*

*കണ്ണൂർ കൈത്തറി വിശേഷങ്ങൾ*

*ഓണക്കറികൾ മലബാർ രീതിയിൽ*

*റോഡപകടങ്ങൾ ഒഴിവാക്കാൻ*

*വിവാഹ പ്രായമായി, പക്ഷേ.... ലക്ഷ്മി ഗോപാലസ്വാമി*

*ഒററ ദിവസ യാത്രയുടെ രസങ്ങൾ*

*അതേ ഒരു പ്രഹേളിക- സി വി ബാലകൃഷ്ണൻ*

*ഈ വർഷത്തെ പ്രധാന മുഹൂർത്തങ്ങൾ- കാണിപ്പയ്യൂർ നാരായണൻ നമ്പൂതിരിപ്പാട്*

*കാവ്യ അടുക്കളയിലും താരം.*

ഇതിലേതാണാവോ സ്ത്രീകൾക്ക് വഴികാട്ടിയായിരിക്കുന്നത്? പാചക വിശേഷമോ ദാമ്പത്യ വിജയമന്ത്രമോ ആത്മീയയാത്രയോ? നയിക്കുന്ന വഴി ഏതാണെന്നു കൂടി തെളിച്ചു പറഞ്ഞിരുന്നെങ്കിൽ! അതോ സിംബോളിക് കവിതയിലെന്ന പോലെ അവ വായനക്കാർ കണ്ടെത്തി വരുമോ? നൂറിലധികം പേജുള്ള ഈ പുസ്തകത്തിൽ ചില സ്ഥിരം പംക്തികൾ കൂടി കഴിഞ്ഞാൽ ബാക്കിഭാഗം പരസ്യമാണ്. ആഭരണങ്ങളുടെയും വസ്ത്രങ്ങളുടെയും സൗന്ദര്യവർധക വസ്തുക്കളുടെയും പരസ്യമഴ. പരസ്യത്തിലെ വസ്ത്രധാരിണികളാണോ നമുക്ക് വഴികാട്ടിയാവുക?

2013 ഫെബ്രുവരി 1-14 ലെ വനിതയുടെ ഉള്ളടക്കം നോക്കുക

*എത്ര സുന്ദരം ആ പ്രണയ നിമിഷം*

*മനമേ നീ... പ്രേമാർദ്രം*

*മുഹബത്ത് കൂട്ടി രണ്ട് സുലൈമാനി*

*സമരം അറിയും കാൻറീൻ*

*മഞ്ഞിൽ വിരിഞ്ഞ ഊട്ടി*

*വിളമ്പാം അറേബ്യൻ രുചികൾ*
*പാൽപ്പല്ല് കൊഴിയും വരെ*
*ജാതകം മാറിയ ദിവസം*
*പേരറിയാത്ത പെൺകുട്ടീ... നിന്റെ ഓർമ്മയ്ക്ക്*
*അപ്പോൾ ഭർത്താക്കന്മാരെയോ?*
*ഫിലിം അവാർഡ് കൂപ്പൺ*
*ഫാഷൻ സിംപിൾ ചോയ്സ്*

120ലധികം പേജുള്ള ഈ വനിതയിലും ഇന്നത്തെ സ്ത്രീകൾക്കോ പെൺകുട്ടികൾക്കോ ഉള്ള മാർഗ നിർദ്ദേശങ്ങൾ ഒന്നും തന്നെ കണ്ടെത്താൻ എനിക്ക് കഴിഞ്ഞിട്ടില്ല. വനിതയുടെ മുഖചിത്രമടങ്ങുന്ന പെൺകുട്ടിയെ എസ് എം എസിലൂടെ തെരഞ്ഞെടുക്കാനുള്ള അവസരം അതിന്റെ വായനക്കാർക്ക് നൽകിയിരിക്കുന്നു. സുന്ദരിയെ തെരഞ്ഞെടുക്കാനും പ്രത്യേക കഴിവു വേണമല്ലോ . പ്രണയത്തിന്റെ ചതിക്കുഴികളിൽ പെട്ട് പെൺകുട്ടികൾ പലതരം പീഡനങ്ങൾക്കിരയാകുന്ന കാലം അപ്പോഴാണ് വാലന്റൻ പതിപ്പ് വനിത ഇറക്കിയിരിക്കുന്നത്. പ്രണയിനികൾക്ക് നൽകേണ്ടുന്ന സമ്മാനങ്ങൾ തെരഞ്ഞെടുക്കാൻ വനിത തീർച്ചയായും സഹായിക്കാം.

വനിതാ പ്രസിദ്ധീകരണം എന്ന ലേബൽ ഇല്ലെങ്കിലും ഗൃഹലക്ഷ്മി, കന്യക, ഗൃഹശോഭ, മഹിളാരത്നം തുടങ്ങിയവയും സ്ത്രീമാസിക എന്ന രീതിയിലാണ് പുറത്തിറങ്ങുന്നത്. ഗൃഹലക്ഷ്മിയിലേക്ക് കടന്നപ്പോഴും കാഴ്ചകൾക്ക് വലിയ മാററമൊന്നും കണ്ടില്ല. ഡൽഹി സംഭവത്തിന്റെ പശ്ചാത്തലത്തിൽ പ്രമുഖരുടെ പ്രതികരണം (2013 ഫെബ്രുവരി) മാററി നിർത്തിയാൽ മററെല്ലാം മസാലകൾ തന്നെ. സിനിമാതാര വിശേഷം, സൗന്ദര്യ സംരക്ഷണം, പാചകം, പരസ്യം ഇവയ്ക്കു തന്നെ പ്രമുഖ സ്ഥാനം.

ആഭരണങ്ങൾ വാങ്ങുമ്പോൾ എന്തൊക്കെ കാര്യങ്ങൾ ശ്രദ്ധിക്കണമെന്ന് എത്രപേർക്കറിയാം? അറിയാൻ മഹിളാരത്നം വായിച്ചാൽ മതി. വസ്ത്രത്തിന്റെ നിറം, ശരീരത്തിന്റെ നിറം, മുഖം, ചെവി, മൂക്ക് തുടങ്ങിയവയുടെ ആകൃതി, കണ്ഠത്തിന്റെ പ്രത്യേകത, ധരിക്കുന്ന വസ്ത്രത്തിന്റെ കഴുത്തിന്റെ ഫാഷൻ, സൗകര്യം, സന്ദർഭം ഇതൊക്കെ നോക്കിയാണത്രെ ആഭരണം വാങ്ങേണ്ടത്. (മഹിളാരത്നം മെയ് 2005) എത്ര നന്നായാണ് സ്ത്രീകൾക്ക് മാർഗനിർദ്ദേശം നൽകുന്നത്. മററുള്ളവയിൽകൂടി കടന്നു പോകുമ്പോഴും കാഴ്ച വ്യത്യസ്തമല്ല.

സമൂഹത്തിന്റെ പിന്നാമ്പുറങ്ങളിൽ തളച്ചിടപ്പെട്ട അനേകം ജീവിതങ്ങൾ നമുക്ക് മുന്നിലുണ്ട്. അവരെയൊന്നും ഇത്തരം വനിതാ മാസികകളിൽ കാണാൻ കഴിയില്ല. ചുക്കിചുളിഞ്ഞ ശരീരവും നഖങ്ങൾക്കിടയിൽ ചെളിയുമുള്ള അവരെ എങ്ങനെയാണ് ഈ മാർദവ കടലാസുകളിൽ കയററുക? ഫെയർ ആൻഡ് ലവ്‌ലിയും പഴച്ചാറുകളും ഉപയോഗിച്ച് മുഖം വെളുപ്പിക്കാനോ നെയിൽ പോളിഷിട്ട് നഖങ്ങൾ സുന്ദരമാക്കാനോ അവർക്ക് സമയമില്ല. ജീവിതം എന്ന തോണി എങ്ങനെ തുഴഞ്ഞ് കരയ്ക്കടുപ്പിക്കും എന്ന ഒരൊററ ചിന്തയിൽ ജീവിക്കുന്ന അവരെ കാണാൻ അവരെ സഹായിക്കാൻ അവർക്ക് വഴികാണിക്കാൻ എന്താണ് ഈ വനിതാ മാസികകൾ ചെയ്യുന്നത്

ആഭരണങ്ങളുടെ തിളക്കം പോകാതെ എങ്ങനെ സൂക്ഷിക്കാം, പട്ടുസാരി പൊടിഞ്ഞു പോകാതെ എങ്ങനെ സംരക്ഷിക്കാം, നഖങ്ങൾ എങ്ങനെ സുന്ദരമാക്കാം, ചുണ്ടുകളിൽ ഏത് ലിപ്സ്റ്റിക് ഉപയോഗിക്കണം എന്നതിൽക്കവിഞ്ഞ് യാതൊരു പ്രശ്നവും നമ്മുടെ സ്ത്രീകൾ അനുഭവിക്കുന്നില്ലെന്നാണോ? ആവർത്തന വിരസങ്ങളായ ഇത്തരം പംക്തികൾ മലയാളി സ്ത്രീകളെ എങ്ങോട്ടാണ് നയിക്കുന്നത്? സാമൂഹിക തിന്മകൾക്കെതിരെ പ്രതികരിക്കുന്നവരെക്കുറിച്ച്, സമകാലിക സമൂഹത്തെക്കുറിച്ച്, സാഹിത്യത്തിലെ ചലനങ്ങളെക്കുറിച്ച് ഒക്കെ നമ്മുടെ വനിതകൾ അറിയണമെന്ന് ഇത്തരം പ്രസിദ്ധീകരണങ്ങൾ ആഗ്രഹിക്കുന്നില്ലേ? അവയിൽ പ്രസിദ്ധീകൃതമാകുന്ന നോവൽ, കഥ ഇവയൊക്കെ പലപ്പോഴും തനിപൈങ്കിളി നിലവാരത്തിൽ നിന്നും ഒട്ടും ഉയരുന്നില്ല. പുരുഷനു വേണ്ടി പാചകം ചെയ്യുന്നവളും അവന് ആസ്വദിക്കാനുള്ള ഒരു വസ്തുവും മാത്രമാക്കി മാററുന്നതിനുള്ള കുറുക്കുവിദ്യകളല്ലേ നമ്മുടെ നവവനിതാ മാസികകൾ നമുക്ക് മുന്നിൽ കാഴ്ചവയ്ക്കുന്നത്. കമ്പോള സംസ്കാരത്തിന്റെ പുതിയമുഖം സ്ത്രീ പുരുഷ സമത്വത്തെക്കുറിച്ച് ഏറെ ചിന്തിക്കേണ്ടിയിരിക്കുന്ന ഈ കാലഘട്ടത്തിൽ ഗൃഹാലങ്കാരവും പാചകവും സൗന്ദര്യ സംരക്ഷണവും കൊണ്ട് തൃപ്തിപ്പെടേണ്ടവളാണ് സ്ത്രീ എന്നല്ലേ ഇവ പറയാതെ പറയുന്നത്? പരസ്യ ലോകത്തിലൂടെയും അതിനനുസരിച്ച പംക്തികളിലൂടെയും നിന്റെ വ്യക്തിത്വം സൗന്ദര്യവർധക വസ്തുക്കളിലും ആഭരണങ്ങളിലുമാണ് കുടികൊള്ളുന്നത് എന്ന് ശക്തമായി ഇവർ വാദിക്കുന്നു. വണ്ടിക്കാളയെ പച്ചപ്പുല്ല് കാട്ടി മുന്നോട്ട് നടത്തുന്നതു പോലെ സ്ത്രീകളെ കമ്പോളത്തിന്റെ മായിക ലോകത്ത് എത്തിക്കുന്ന വിപണന തന്ത്രം വളരെ സമർഥമായി നടപ്പാക്കുകയാണ് ഇത്തരം നവവനിതാ മാസികകൾ ചെയ്യുന്നത്.

**ഇവയിൽ നിന്നൊക്കെ വേറിട്ട ശബ്ദം ഉയർത്തുന്ന സ്ത്രീ ശബ്ദം മാസിക സമൂഹത്തിന്റെ എല്ലാ ചലനങ്ങളെയും ഇത് ഒപ്പിയെടുക്കുന്നു. ഇതിൽ സാഹിത്യമുണ്ട്, വിലക്കയററത്തിനെതിരെ പ്രതികരിക്കുന്നുണ്ട്, ഭരണ കൂടത്തിന്റെ അനീതികൾക്കെതിരെ, നിഷ്ക്രിയത്വത്തിനെതിരെ ശബ്ദമുയർത്താൻ ധൈര്യം കാണിക്കുന്നു. സ്ത്രീകൾക്കെതിരായ ഏത് അനിയന്ത്രിത ശ്രമത്തിനെതിരെയും പ്രതികരിക്കാനും അവർക്ക് ശക്തിയും ധൈര്യവും പകർന്ന് മുന്നോട്ടു നയിക്കാനും പ്രചോദനമേകുന്ന ലേഖനങ്ങൾ ഉൾക്കൊള്ളുന്നു.** ടി കെ ആനന്ദിയുടെ തൊഴിലിടങ്ങളിൽ എരിഞ്ഞു തീരുന്നവർ എന്ന പരമ്പരയിലൂടെ സമൂഹത്തിന്റെ മുഖ്യധാരയിൽ നിന്നും മാററി നിർത്തപ്പെട്ടവർക്കും ഈ മാസികയിൽ ഇടം കിട്ടിയിരിക്കുന്നു. മധ്യവർഗസ്ത്രീകളുടെ പൊങ്ങച്ചത്തിന്റെ കളിയരങ്ങല്ല സ്ത്രീ ശബ്ദം. നീയൊരു വ്യക്തിയാണ്, അണിഞ്ഞൊരുങ്ങി പ്രദർശന വസ്തുവാവേണ്ടതല്ല, പുരുഷന്റെ അടിമയല്ല, വെറും പാചകക്കാരിയല്ല എന്ന് ഈ മാസിക നിരന്തരം ഓർമ്മിപ്പിക്കുന്നു. സ്വന്തം വ്യക്തിത്വം തിരിച്ചറിയാനും വികസിപ്പിക്കാനും ഇതിന്റെ വായനയിലൂടെ നമുക്ക് സാധിക്കുന്നു. ഇതിലെ ലേഖകർക്ക് കൃത്യമായ മേൽവിലാസമുണ്ട് എന്നതും മററ് സമകാലിക വനിതാ മാസികകളിൽ നിന്നും സ്ത്രീ ശബ്ദത്തെ വേർതിരിച്ചു നിർത്തുന്നു. ഭീകരതയെ ഉൾക്കരുത്തോടെ നേരിട്ട പെൺകുട്ടി എന്ന തലക്കെട്ടോടെ, മലാലയൂസഫ് സായിയെക്കുറിച്ചുള്ള ഷൈമി ഇ പി (സ്ത്രീ ശബ്ദം 2012 നവംബർ) യുടെ റിപ്പോർട്ടിലൂടെ അവളുടെ ഉൾക്കരുത്ത് വായനക്കാരിലേക്കും പകരുകയാണ്. ഇനിയും ഉദാഹരണങ്ങൾ എടുത്തു പറയേണ്ടതില്ല. ഓരോ ലക്കവും ഇതുപോലുള്ള ലേഖനങ്ങൾ കൊണ്ട് സമ്പന്നമാണ്. ഇതുതന്നെയല്ലേ ആധുനിക ഇന്ത്യൻ സ്ത്രീ ആഗ്രഹിക്കേണ്ടത്



# പെൺകുട്ടികളും കായിക വിദ്യാഭ്യാസവും



ഡോ.എസ്.ഗീത
എൻ.എസ്.എസ് വനിത കോളജ്, കരമന

ആരോഗ്യ സംരക്ഷണം നമ്മുടെ സമൂഹത്തിലെ സജീവ ചർച്ചാ വിഷയങ്ങളിൽ ഒന്നാണ്. ആരോഗ്യ സംരക്ഷണത്തിൽ ഏററവും പ്രധാനപ്പെട്ടത് ശരിയായ ആഹാര രീതിയും വ്യയാമവും ആണ്. രാഷ്ട്ര നിർമ്മാണത്തിനും വികസനത്തിനും ആരോഗ്യമുള്ള ഒരു സമൂഹത്തിൻെറ പങ്ക് വളരെ വലുതാണ്.

പെൺകുട്ടികൾ ഒരു പ്രായം കഴിഞ്ഞാൽ പൊതുവെ കായിക പ്രവർത്തനങ്ങളിൽ നിന്നും കളികളിൽ നിന്നുമൊക്കെ വിട്ടുനിൽക്കുന്നതായിട്ടാണ് കാണാൻ കഴിയുന്നത്. സ്കൂൾ വിദ്യാഭ്യാസത്തിൽ വളരെയധികം പ്രാധാന്യം കൊടുക്കേണ്ട ലഭിക്കേണ്ട കായിക വിദ്യാഭ്യാസത്തിന് അർഹിയ്ക്കുന്ന പ്രാധാന്യം ഇന്ന് ലഭിക്കുന്നില്ല. പ്രൈമറി തലം മുതൽക്കേ കായിക വിദ്യാഭ്യാസം കുട്ടികൾക്ക് ലഭിയ്ക്കേണ്ടതാണ്. എന്നാൽ പ്രൈമറി തലത്തിൽ കായികാദ്ധ്യാപകരെ നിയമിക്കാറില്ല. ഹൈസ്കൂൾ തലം വരെ കായിക അദ്ധ്യാപകരുടെ സേവനം കുട്ടികൾക്ക് ലഭിയ്ക്കുമെങ്കിലും കായിക പരിശീലനവും, കായിക വിദ്യാഭ്യാസവും, മാനസികമായ ബലവും ഏററവും അത്യാവശ്യമായ ഹയർസെക്കൻററി തലത്തിൽ കായികാദ്ധ്യാപകരുടെ തസ്തിക പോലും സൃഷ്ടിച്ചിട്ടില്ല. തൻമൂലം കായിക പ്രവർത്തനങ്ങളിൽ പങ്കെടുക്കാനുള്ള അവസരം പ്രത്യേകിച്ച് പെൺകുട്ടികൾക്ക് ലഭിയ്ക്കുന്നില്ല. ശാരീരികവും മാനസികവുമായ സംഘർഷങ്ങൾ ഏറ്റവും അനുഭവപ്പെടുന്ന ഒരു പ്രായമാണ് അത്.

പണ്ട് വിദ്യാലയങ്ങളിൽ നടത്തിയിരുന്ന സ്കൂൾ അസംബ്ളികൾ ഇന്ന് അപ്രത്യക്ഷമായതോടെ ഇന്ന് സൂര്യപ്രകാശം ശരീരത്തിൽ ഏൽക്കാതെ വളരുന്ന ഒരു സമൂഹം തന്നെ നമ്മുടെ കൂട്ടത്തിലുമുണ്ട്. ഇത് കുട്ടികളിൽ വിളർച്ച ഉൾപ്പെടെയുള്ള ശാരീരിക പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു.

പണ്ട് കാലത്ത് സ്ത്രീകൾ കായികാധ്വാനം ആവശ്യമായ വിവിധ ജോലികൾ ചെയ്തിരുന്നു. മുററം അടിക്കൽ, കിണററിൽ നിന്ന് വെള്ളം കോരുക, അരിയാട്ടൽ തുടങ്ങിയ ആയാസകരമായ ജോലികൾ അവരുടെ ശരീരത്തിന് ഉണർവ്വും കരുത്തും ആരോഗ്യ

വും നൽകിയിരുന്നു. വിവിധ അസുഖങ്ങളെ തങ്ങളിൽ നിന്ന് ദീർഘകാലം അകററി നിർത്താനും ആരോഗ്യത്തോടെ ജീവിയ്ക്കാനും അവർക്ക് സാധിച്ചു.

ആധുനിക ജീവിത ശൈലിയും ഫാസ്ററ് ഫുഡ് സംസ്കാരവും പുതുതലമുറയുടെ ആരോഗ്യത്തെ നശിപ്പിക്കുന്നുണ്ട്. പിസ, ബർഗർ, ഐസ്ക്രീം, ചോക്ലേററുകൾ, സോഫ്ററ് ഡ്രിംഗ്സ് തുടങ്ങിയ കലോറി കൂടിയ ആഹാരപദാർത്ഥങ്ങളും കംപ്യൂട്ടറിൻെറയും ഇൻെറർനെററിൻേറയും മൊബൈൽ ഫോണിൻെറയും അമിത ഉപയോഗവും കായികാധ്വാനം നന്നായി വേണ്ടിയിരുന്ന വീട്ടു ജോലികൾ ചെയ്യാൻ യന്ത്രങ്ങളും വന്നതോടെ പുതുതലമുറക്കാർ മടിയൻമാരും മടിച്ചികളുമായി.

അടുത്തിടെ നടത്തിയ വിവിധ ഗവേഷണങ്ങളിൽ ഐ. ററി. മേഖലയിൽ ജോലി ചെയ്യുന്ന യുവതീയുവാക്കളിൽ ഹൃദയസംബന്ധമായ അസുഖങ്ങളും ഹാർട്ട് അററാക്ക് വരാനുള്ള സാധ്യതകളും വളരെ കൂടുതലായി കാണപ്പെടുന്നു എന്ന് കണ്ടെത്തിയിട്ടുണ്ട്. എ.സി വണ്ടിയിലെ യാത്രകളും ദീർഘനേരം കംപ്യൂട്ടറിന് മുൻപിലെ ജോലി, സമയം നഷ്ടമാകാതിരിയ്ക്കാൻ വിവിധ കമ്പനികൾ കംപ്യൂട്ടറിനു മുൻപിൽ ഭക്ഷണം എത്തിക്കുന്ന രീതി, ജോലിസംബന്ധമായ മാനസിക പിരിമുറുക്കങ്ങൾ, കായികാധ്വാനത്തിൻെറ കുറവ്, മാനസികോല്ലാസത്തിന് ആവശ്യത്തിന് സമയം കിട്ടായ്ക, തുടങ്ങിയവ ഈ മേഖലയിലുള്ളവരെ വളരെ വേഗം അസുഖങ്ങൾക്ക് അടിമപ്പെടുത്തുന്നു.

എന്തെങ്കിലും അസുഖവുമായി ബന്ധപ്പെട്ട് ഡോക്ടറുടെ നിർദ്ദേശ പ്രകാരമോ, പൊണ്ണത്തടി മൂലമുള്ള പ്രശ്നങ്ങൾ വർദ്ധിക്കുമ്പോഴോ ആണ് കൂടുതൽ ആൾക്കാരും വ്യായാമത്തെക്കുറിച്ച് ചിന്തിയ്ക്കുന്നത്. അപ്പോഴേയ്ക്കും Colestrol, diabetic, hypertension തുടങ്ങിയ ജീവിത ശൈലി രോഗങ്ങൾ നമ്മെ കീഴ്പ്പെടുത്തിയിട്ടുണ്ടാകും. പെൺകുട്ടികളെ ഏററവും അധികം ബുദ്ധിമുട്ടിയ്ക്കുന്ന ഒരു അവസ്ഥയാണ് നടുവേദന. ആൺകുട്ടികളെ അപേക്ഷിച്ച് പെൺകുട്ടികളുടെ ശാരീരിക വളർച്ച വളരെ പെട്ടെന്നാണ് സംഭവിയ്ക്കുന്നത്. അതുകൊണ്ട് തന്നെ നടുവിലെ പേശികളുടെ ബലക്ഷയം നടുവേദനയ്ക്ക് കാരണമാകുന്നു. വിവിധ ആർത്തവ പ്രശ്നങ്ങൾ, നടുവേദന, പ്രസവശേഷമുള്ള ശാരീരിക പ്രശ്നങ്ങൾ, ഓസ്ററിയോ പോറോസിസ് പോലുള്ള വിവിധ അസുഖങ്ങൾക്ക് ചിട്ടയായും സ്ഥിരമായും ഉള്ള വ്യയാമവും ആഹാര ശീലവും ഒരു പരിധി വരെ പരിഹാരമാണ്.



പണ്ട് വിദ്യാലയങ്ങളിൽ നടത്തിയിരുന്ന സ്കൂൾ അസംബ്ളികൾ ഇന്ന് അപ്രത്യക്ഷമായതോടെ ഇന്ന് സൂര്യപ്രകാശം ശരീരത്തിൽ ഏൽക്കാതെ വളരുന്ന ഒരു സമൂഹം തന്നെ നമ്മുടെ കൂട്ടത്തിലുമുണ്ട്. ഇത് കുട്ടികളിൽ വിളർച്ച ഉൾപ്പെടെയുള്ള ശാരീരിക പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു.

കായിക പരിശീലനം പല്ല് തേയ്ക്കുന്നത് പോലെയും, കുളിയ്ക്കുന്നത് പോലെയും നമ്മുടെ ദൈനംദിന ജീവിതത്തിൻെറ ഭാഗമാക്കണം. ഒരു കായിക സംസ്കാരം നാം വളർത്തിയെടുക്കണം. സ്കൂൾ തലം മുതൽക്കേ കായിക വിദ്യാഭ്യാസവും കായിക പ്രവർത്തനങ്ങളും വിദ്യാഭ്യാസത്തോടൊപ്പം പരിശീലിക്കേണ്ടത് വളരെ അത്യാവശ്യമാണ്. ചെറുപ്പം മുതൽ കുട്ടികളിൽ കണ്ട് വരുന്ന അമിത വണ്ണം ഭാവിയിൽ അവർക്ക് വന്നേക്കാവുന്ന വിവിധ അസുഖങ്ങളുടെ ലക്ഷണമാണ്. നമ്മുടെ പെൺകുട്ടികളെ കായിക പ്രവർത്തനങ്ങളിൽ നിന്ന് അകററി നിർത്തുന്ന മററു ചില കാരണങ്ങൾ അവരുടെ ശരീര സൗന്ദര്യം നഷ്ടപ്പെടും, ശരീരത്തിൻെറ മൃദുലത കുറയും എന്നൊക്കെയുള്ള തെററിദ്ധാരണകളാണ്. എന്നാൽ ഇത് ശരിയല്ല. Aerobics, yoga, swimming തുടങ്ങിയ പ്രവർത്തനങ്ങളിൽ ഏർപ്പെടനത് ശരീരത്തിന് ബലം, flexibility ആകാരവടിവ് തുടങ്ങിയവ പ്രദാനം ചെയ്യുന്നു. സിക്സ്പാക്കും സീറോ സൈസും സ്വപ്നം കാണുന്ന ഇന്നത്തെ തലമുറയ്ക്ക് കൃത്യമായ വ്യായാമത്തിലൂടെയും ആരോഗ്യകരമായ ഭക്ഷണശീലങ്ങളിൽ കൂടെയും സ്വപ്നം സഫലീകരിയ്ക്കാവുന്നതാണ്.

45 മിനിററ് മുതൽ 1 മണിക്കൂർ വരെ നീണ്ടു നിൽക്കുന്ന വിവിധ കായിക പ്രവർത്തനങ്ങൾ ആഴ്ചയിൽ 4 മുതൽ 5 ദിവസം വരെയെങ്കിലും ചെയ്യുന്നത് ആരോഗ്യവും സന്തോഷവും നൽകുന്ന ഒരു ജീവിതത്തിന് നിങ്ങളെ നിശ്ചയമായും സഹായിക്കും. വേഗത വർദ്ധിച്ച് കൊണ്ടിരിയ്ക്കുന്ന നമ്മുടെ ജീവിതത്തിൽ വ്യായാമത്തിൻെറ പ്രാധാന്യം വളരെ വിലപ്പെട്ടതാണ്.



# മാൽകൗൻസ്: ഇരുട്ടിൽ പടർന്ന സംഗീതം



**എൻ. രേണുക**

*എൻ.എസ്.എസ് കോളജ്, ചേർത്തല*

"In all my lifetime I have never come across any musician who is so precise, melodious, and involved. Her sur pierces the heart".

*- Nityandnad Halipur*

രണ്ടായിരത്തിപ്പന്ത്രണ്ട് ഡിസംബർ പതിനൊന്ന് മെയ്ഹർഘരാനയുടെ ആത്മാവറിഞ്ഞ സിതാർവാദകൻ പണ്ഡിററ് രവിശങ്കറിന്റെ മരണദിവസം ഈ മരണം അൻപതിലേറെ വർഷങ്ങൾക്കു മുൻപ് ഉപേക്ഷിച്ചു കളഞ്ഞ ഓർമ്മകളെയും മത്സരങ്ങളെയും നഷ്ടസ്വപ്നങ്ങളെയും പ്രണയത്തെയും വീണ്ടെടുത്തു. മധ്യപ്രദേശിലെ മെയ്ഹർഗ്രാമവും ബാബ അലാവുദീൻഖാനും ഉസ്താദ് അലി അക്ബർ ഖാനും റോഷനാരാഖാൻ എന്ന അന്നപൂർണ്ണ ദേവിയും നൊസ്റ്റാൾജിയ ഉണർത്തുന്ന ബ്ലാക് ആൻറ് വൈററ് ആൽബമെന്ന പോലെ വീണ്ടും മാധ്യമങ്ങളിൽ നിറഞ്ഞു. അവയിലേറെയും അലാവുദ്ദീൻഖാന്റെ പുത്രിയും അലി അക്ബർഖാന്റെ സഹോദരിയും പണ്ഡിററ് രവിശങ്കറിന്റെ ആദ്യഭാര്യയുമായിരുന്ന അന്നപൂർണ്ണദേവിയെ കേന്ദ്രീകരിച്ചുള്ളവയായിരുന്നു. മുംബെയിലെ വാർധൻ റോഡിലെ ആകാശ്ഗംഗ അപ്പാർട്ട്മെൻറിൽ കഴിയുന്ന അന്നപൂർണ്ണ തന്റെ ശിഷ്യനും രണ്ടാം ഭർത്താവുമായ ഋഷികുമാർ പാണ്ഡ്യയിൽ നിന്നുമാണ് രവിശങ്കറിന്റെ മരണ വാർത്ത അറിയുന്നത്. പ്രതികരണമറിയുവാൻ കാത്തിനിന്ന ലോകത്തിനു മുൻപിൽ India has lost one of the greatest musicians എന്ന് വളരെ നിർമ്മമമായാണ് അവർ പ്രതികരിച്ചത്. ജീവിതത്തിലെ അസഹനീയമായ അനുഭവങ്ങളോടെന്ന പോലെ അവർ ഇപ്പോഴും വിമുഖയാണ്. അന്നപൂർണ്ണദേവിയുടെ ജീവിതം നിരന്തരമായ മാനസിക യുദ്ധങ്ങൾ നിറഞ്ഞതാണ്. സ്വകാര്യതകൾ കാത്തു സൂക്ഷിക്കുവാൻ സാധിക്കാത്തതാണ് ഒരു വ്യക്തിയുടെ ദുരന്തം. സ്വന്തം ഏകാന്തതയെ, സ്വാതന്ത്ര്യത്തെ ഭഞ്ജിക്കാനെത്തുന്ന ലോകത്തിനു മുൻപിലാണ് അവർ പൊരുതുന്നത്.

സംഗീതത്തിന്റെയും നൃത്തത്തിന്റെയും ലോകത്തുള്ളവർ തമ്മിൽ പ്രണയിക്കുന്നതും വിവാഹിതരാകുന്നതും വേർപിരിയുന്നതും അപൂർവ്വ സംഭവങ്ങളല്ല.

എന്നിട്ടും അരനൂററാണ്ടു മുൻപ് നടന്ന ഒരു വിയോഗ കഥയിലെ ദുരന്തനായികയായി അന്നപൂർണദേവി ഇന്നും അറിയപ്പെടുന്നതെന്തു കൊണ്ട്? നിർഭാഗ്യകരമെന്നു പറയട്ടെ അന്നപൂർണ്ണയെ സ്വാതന്ത്ര്യയായ സംഗീതജ്ഞയായി തിരിച്ചറിഞ്ഞ എഴുത്തുകളും പഠനങ്ങളും കുറവാണ്. വന്മരത്തിന്റെ നിഴലിൽ, തഴുതിട്ട വാതിലിനു പുറകിൽ, കേൾക്കാത്ത സംഗീതം, തുടങ്ങിയ പരിവേഷങ്ങളാണ് ഭൂരിഭാഗം ഫീച്ചറുകളിലുമുള്ളത്. രഹസ്യാന്വേഷണത്തിന്റെ പ്രേരണകളോടെ അന്നപൂർണയുടെയും രവിശങ്കറിന്റെയും തകർന്ന ദാമ്പത്യ ജീവിതത്തിലേക്ക് ഒളിഞ്ഞു നോട്ടം നടത്തുകയാണ് സമൂഹം. വാസ്തവത്തിൽ ഇതാണ് അന്നപൂർണ്ണാ ദേവി എന്ന കലാകാരി നേരിടുന്ന ദുരന്തം. ഒരു വ്യക്തിയുടെ ജീവിതത്തിലെ ജയപരാജയങ്ങൾ ആപേക്ഷികമാണെന്ന തിരിച്ചറിവു പോലുമില്ലാതെയാണ് ഇത്തരം വിലയിരുത്തലുകൾ നടക്കുന്നത്. അതും അന്നപൂർണ്ണയെ ഒരു സാധാരണ സ്ത്രീയായി ചിത്രീകരിച്ചുകൊണ്ടുള്ള തീർപ്പുകൾ.



സേനിയ മെയ്ഹർഘരാനയുടെ പിതാവെന്നു വിശേഷിപ്പിക്കപ്പെടുന്ന ബാബ അലാവുദീൻഖാന്റെ പുത്രിയായ റോഷനാരാ ബീഗം മെയ്ഹറിലെ രാജാവിന്റെ പ്രേരണ കൊണ്ടാണ് അന്നപൂർണ്ണദേവിയായി മാറിയത്. മതേതര ജീവിതം നയിച്ചിരുന്ന അലാവുദ്ദീൻഖാൻ കർക്കശ്ശക്കാരനായ ഗുരുവായിരുന്നു. സംഗീത ശൈലികളുടെ തനിമനിലനിർത്തുന്നതിൽ ബാബ സൂക്ഷിച്ചിരുന്ന ആത്മഹത്യാപരമായ നിർബന്ധബുദ്ധി വിസ്മയകരമായിരുന്നു. രവിശങ്കർ സിതാറും അലി അക്ബർ ഖാൻ സരോദും പരിശീലിച്ചപ്പോൾ അന്നപൂർണ്ണയ്ക്കു വേണ്ടി അലാവുദ്ദീൻഖാൻ തെരഞ്ഞെടുത്തത് അപൂർവ്വമായ സുർബഹാർ എന്ന തന്ത്രീവാദ്യമായിരുന്നു. മെലഡിയുടെ ഭാവ സാന്ദ്രതകളെ തന്മയത്വത്തോടെ ഉൾക്കൊള്ളുന്ന ഒരു ഉപകരണം. സിതാറിന്റെ ധ്യാനാത്മക രൂപം. റോഷനാരാബീഗം അന്നപൂർണ്ണയായി മാറിയത് കേവലം പേരിൽ മാത്രമല്ല. ഗാഢവും ഏകാന്തവുമായ സംഗീതബോധം, അനുഭവങ്ങൾ, പിതാവിന്റെയും ഗുരുവിന്റെയും ഗ്രാമത്തിന്റെയും ആത്മബോധങ്ങളും ശൈലികളും എല്ലാം അവരെ കർക്കശ്ശക്കാരിയായ ഗുരുവും മെയ്ഹർഘരാനയുടെ വിട്ടുവീഴ്ചയില്ലാത്ത കാവൽക്കാരിയുമാക്കിത്തീർത്തു. കച്ചേരികളിലും പൊതുപരിപാടികളിലും പ്രത്യക്ഷപ്പെട്ടില്ലെങ്കിലും പദ്മഭൂഷൺ ഡോ. അന്നപൂർണ്ണദേവി പരാജയപ്പെട്ട കലാകാരിയോ വ്യക്തിത്വമോ ഒന്നുമല്ല. പബ്ലിക് പെർഫോർമർ ആയി ലോകം അറിയുന്ന സംഗീതജ്ഞയാകണോ അതോ മെയ്ഹർ ഘരാനയെ പരിരക്ഷിക്കുന്ന ഗുരു ആകണോ എന്നുള്ളത് കല നൽകുന്ന സ്വാതന്ത്ര്യമാണ്. കാരണങ്ങളെന്തുമാകട്ടെ, ഗുരു എന്ന പദവിയാണ് അന്നപൂർണ്ണ സ്വീകരിച്ചത്. ഈ തിരഞ്ഞെടുപ്പ് തികച്ചും വ്യക്തിപരമാണ്. ഒരു കലാകാരിയുടെ ഏകാന്തതയും വിഷാദവും സ്വാതന്ത്ര്യവുമെല്ലാം ഗോഥിക്ശൈലിയിലെന്ന പോലെ വിഭ്രമിപ്പിക്കുന്ന ഒന്നായതുകൊണ്ടാകാം മാധ്യമങ്ങൾ ഇപ്പോഴും അന്നപൂർണ്ണയെത്തേടിയെത്തുന്നത്. ഏറെക്കുറെ ആധികാരികമെന്ന് കരുതപ്പെടുന്ന Unheard melody Annapurna Devi എന്ന ജീവചരിത്ര ഗ്രന്ഥത്തിൽ സപൻകുമാർ ബന്ദോപാധ്യായ ദുരൂഹതയുടെ അകത്തളങ്ങളിൽ ജീവിക്കുന്ന ഒരു മിത്തിക്കൾ ക്യാരക്ററർ ആയാണ് അന്നപൂർണ്ണയെ ചിത്രീകരിക്കുന്നത്. പണ്ഡിററ് ഹരിപ്രസാദ് ചൗർസ്യയെപ്പോലെ പണ്ഡിററ് നിഖിൽ ബാനർജിയെപ്പോലെ വിശ്വപ്രസിദ്ധരായ സംഗീതജ്ഞരുടെ ഗുരുവാകുവാൻ ശക്തിയുള്ള അന്നപൂർണ്ണ ദുരന്തനായികയല്ല. തകർന്ന കിളിക്കൂടുകൾ അവരുടെ ജീവിതത്തിന് യോജിച്ച രൂപകമേയല്ല. ആകാശത്തിലേക്ക് ഉയർന്ന് വശങ്ങളിലേക്ക് പടർന്ന ശിഖരങ്ങളിൽ നിറയെ തളിർപ്പുകളാണ്. ഇനിയുമൊരു വസന്ത കാലത്തിനു വേണ്ടി കാത്തിരിക്കുന്ന അജ്ഞതരായ കിളികൾ. മനസ്സിന്റെ പ്രണയവും യൗവ്വനവുമാണ് സംഗീതത്തിലെ രാഗച്ഛായകൾ. മനസ്സിൽ പ്രണയമില്ലാത്ത ഒരാൾക്ക് എങ്ങനെ പാടാനാകും? ലോഹസംസ്കൃതിയുടെ അനേകം അടരുകളെ ഓർമ്മിപ്പിക്കും വിധം എങ്ങനെ സുർബഹാറിലൂടെ സ്വപ്നം കാണാനാകും? മോഹങ്ങളും മോഹഭംഗങ്ങളും ഓർമ്മകളും മധ്യപ്രദേശിലെ ഗ്രാമാന്തരങ്ങളുടെ ചാരുതകളുമുള്ള സംഗീതം, അന്നപൂർണ്ണയെ വാർദ്ധക്യത്തിലും യൗവ്വനയുക്തയാക്കുന്നു. അനിയന്ത്രിതമായ സ്വാതന്ത്ര്യം ആത്മാവിൽ അനുഭവിക്കുന്നതു കൊണ്ടാണ് അന്നപൂർണ്ണാദേവി സ്വകാര്യതകൾ കൂടുതൽ സൂക്ഷിക്കുന്നത്. രാത്രിയുടെ രാഗഭാവങ്ങൾ അവരുടെ സംഗീതത്തിൽ നിറയുന്നത്. മെയ്ഹർഘരാനയിലെ നിശാചാരിയാണ് അന്നപൂർണ്ണ. മാൽകൗൻസ് ഹിന്ദോളം രാത്രി ഭാഷയാണ്. രാത്രികളിലാണ് അഭൗമിക ശക്തികൾ ഉണരുന്നതും അലയുന്നതും, വശ്യചാരുതകളുമായി പ്രലോഭിപ്പിക്കുന്നതും മായക്കൊട്ടാരങ്ങൾ നിർമ്മിക്കുന്നതും. ഇരുട്ടിന്റെ വന്യതകളും ഗൂഢാനന്ദങ്ങളും ലയിച്ചു ചേർന്ന മാൽകൗൻസ് എന്ന ഹിന്ദുസ്ഥാനി രാഗം അന്നപൂർണ്ണാദേവി കൂടുതൽ ഉപയോഗിച്ചിട്ടുണ്ടോ എന്നറിയില്ല. പക്ഷേ അവരുടെ സാധകം ആരംഭിക്കുന്നത് അർദ്ധരാത്രിയിലാണ്. ഒരുതരം ആഭിചാരം പോലെ I play the instrument, I experience a feeling of surrender, compassion and peace എന്ന് അന്നപൂർണ്ണാദേവി പറയുന്നുണ്ട്. പ്രഗത്ഭയായ ഗുരു, ഒന്നിലധികം തന്ത്രിവാദ്യങ്ങളിൽ വിദഗ്ദ.. അന്നപൂർണ്ണയുടെ സംഗീതത്തിന് സമാനതകളില്ല. എന്നിട്ടും രവിശങ്കറിന്റെ ഈഗോയ്ക്കു മുൻപിൽ തകർന്നടിഞ്ഞു പോയ ഒരു സാധാരണ സ്ത്രീ... എന്ന മുദ്രയിൽ നിന്ന് മോചിതയാകുന്നില്ല. ചില മുദ്രകൾ അങ്ങനെയാണ്.






# കുഞ്ഞപ്പ പട്ടാന്നൂരിൻെറ സ്ത്രീപക്ഷ കവിതകൾ



**ഡോ.സുമിത നായർ**
*പി.ആർ. എൻ.എസ്.എസ് കോളജ്, മട്ടന്നൂർ*

സമൂഹത്തിൻേറയും സംസ്കാരത്തിൻേറയും ഒളിഞ്ഞും തെളിഞ്ഞുമുള്ള പ്രതിഫലനങ്ങളോ പ്രതികരണങ്ങളോ ആണ് കവിത. അതുകൊണ്ട് തന്നെ സമൂഹത്തിലെ സ്ത്രീ തന്നെയാണ് കവിതയിലേയും സ്ത്രീ. പക്ഷെ ആദർശവല്ക്കരിക്കപ്പെട്ട പുരോഗമന പ്രത്യയ ശാസ്ത്രബോധത്തോടു കൂടി കവിതകൾ എത്രമാത്രം ഈ വിഷയം കൈകാര്യം ചെയ്യുന്നുണ്ട് എന്നത് പരിശോധിക്കപ്പെടേണ്ട പ്രശ്നമാണ്. പീഡനങ്ങളുടേയും, പരാക്രമങ്ങളുടേയും, കീഴ്പ്പെടുത്തലുകളുടേയും ചക്രവ്യൂഹങ്ങളിൽ നിന്ന് തിളച്ചുയരുന്ന വ്യക്തിത്വമായി അപൂർവ്വമായി മാത്രമേ കവിതകളിൽ സ്ത്രീക്ക് ഇടം കിട്ടാറുള്ളൂ. അത്തരമൊരു സ്ത്രീപക്ഷ ചിന്തയുടെ ജ്വലനവേഗമാർന്ന ലിംഗനീതിയുടെ ദർശന സൗന്ദര്യമാണ് കുഞ്ഞപ്പ പട്ടാന്നൂരിൻെറ സ്ത്രീപക്ഷ കവിതകളിൽ തെളിയുന്നത്. സ്ത്രീയുടെ ബഹുഭാവതലങ്ങളിലൂടെ കവി സ്ത്രീത്വത്തിൻെറ അർത്ഥ നാനാർത്ഥങ്ങൾ തേടുകയാണിവിടെ. അത് കണ്ണീർ തടാകങ്ങളിൽ മുങ്ങിയമരുന്ന നിശബ്ദ സങ്കടങ്ങളല്ല മറിച്ച് ഭൂമി പിളർക്കുന്ന അമർഷത്തിൻെറ ലാവാ പ്രവാഹം കൂടിയാവണം.

പ്രകൃതിയിലെ ഭാവാനുഭാവങ്ങളിൽ അമ്മയെന്ന മഹത്തായ ആശയത്തിൻെറ വർണ്ണശബളിമ്യം ഒളിവെടുന്നത് പട്ടാന്നൂർ കവിതകളെ ശ്രദ്ധേയമാക്കുന്നു. അമ്മയെന്നത് ദുരിതവർത്തമാനത്തിൻെറ പ്രതീകമാണ്. അത് സ്വതന്ത്രമാക്കപ്പെടുക എന്നതത്രെ മകൻെറ യാത്രയുടെ അത്യന്തിക ലക്ഷ്യം. അമ്മ മകനോട് ആവശ്യപ്പെടുന്നതും മറെറാന്നല്ല. പടയൊരുക്കി വർത്തമാന യാഥാർത്ഥ്യങ്ങൾക്കെതിരെ, ആ ദുരിത യാ ഥാർത്ഥ്യങ്ങൾക്കെതിരെ പടവെട്ടാൻ അമ്മ ആഹ്വാനം ചെയ്യുന്നു. ജയിച്ചു വരുമെന്ന പ്രജ്ഞയും പ്രതിജ്ഞയും ഹിംസാത്മകമായ പ്രതികാരവും മകനിലുണ്ട്. നിലാവുകൾ, പൂവുകൾ, പക്ഷികൾ- എല്ലാം കറുത്തും കരിഞ്ഞും ചിറകു കൊഴിഞ്ഞും കിടക്കുന്നു. വിഹ്വല വർത്തമാനത്തിൽ നിന്ന്, ഫിനിക്സ് പക്ഷിയെപ്പോലെ മാനവികതയെ ഉയിർപ്പിച്ചെടുക്കുകയാണ് മകൻെറ ലക്ഷ്യം. യാഥാസ്ഥിതിക മനസ്സുകളിൽ ആവർത്തനം കൊണ്ട് വടുകെട്ടിപ്പോയ ഒരു മാതൃപുത്ര ഭാഷണമല്ല ഇവിടെ അനുഭവപ്പെടുക.

*നീയാണിവിടെ ചുരമാന്തിയ ചുടല-*
*പ്പോതിക്കൊരു പ്രതികാരം-*
*ദുരിതങ്ങളമ്മേ മുടിയഴിച്ചീടുവാൻ നേരമായി*

കൗളമാർഗ്ഗത്തിൻെറയും സമയമാർഗ്ഗത്തിൻെറയും വിരുദ്ധ ബിംബങ്ങൾ അമ്മയിൽ കാണാം. ഈ വൈരുദ്ധ്യത്തിൻെറ സന്തതിയാണ് മകൻ.

പങ്കക്കു കീഴിലെ ശൃംഗാരനിദ്രയിൽ പുലരുന്ന വർത്തമാനകാല പ്രണയത്തെ തകർത്തെറിയുകയാണ് പ്രണയം കവിതകളിൽ. സ്ത്രീ രതിനിർവേദത്തിന് ഊഷ്മളത പകരാനല്ല, സമൂഹത്തിൻെറ ആത്യന്തിക നന്മയ്ക്കും സ്വാതന്ത്ര്യത്തിനും വേണ്ടിയായിരിക്കണം. പാരമ്പര്യത്തിൻെറ മേൽവിലാസത്തിൽ നിലനില്ക്കുന്ന പ്രണയമെന്ന മിഥ്യാലോകത്തിൻെറ അടിക്കല്ലിളക്കുകയാണ് പ്രണയം കവിതകളിൽ.

*ഇന്നലെ വന്നു ചിരിച്ച നിലാവുകളേവിട*
*നിഴലുകളേ വിട*
*ഇന്നിന്നിടവഴിതോറും കുരുതിക്കളമെഴുതും വെയിലുകളേ വരൂ.*
*എൻെറ ചുവന്ന കിനാവിൽ സമതലഭൂമികയിൽ*
*തേരുതെളിക്കും സാരഥിയാവാൻ വരുമോ സഖീ?*

ഫ്യൂഡൽ പ്രണയ ബിംബങ്ങളുടെ അയഥാർത്ഥ ലോകത്തെ ശിഥിലമാക്കിക്കൊണ്ട് രചിക്കപ്പെട്ട അനേകം വരികൾ പട്ടാന്നൂർ കവിതകളിൽ കണ്ടെത്താൻ കഴിയും. തടവറ താലോലിക്കുന്ന കൊടും പീഢകളെ ശക്തമായി തരണം ചെയ്യാൻ കഴിവുണ്ടെങ്കിൽ കാലത്തോടൊപ്പം താനും പ്രണയിനിയെ കാത്തുനില്ക്കുമെന്ന ഉറപ്പും, ദൂരത്തെങ്ങോ കാത്തു നില്ക്കുന്നവരുടെ അടുത്തെത്താൻ തന്നോടൊപ്പം തയ്യാറായിക്കൊള്ളുകയെന്ന ആഹ്വാനവും, പ്രണയത്തിൻെറ നവഗീതത്തെ ശക്തമാക്കാൻ ഉപകരിക്കുന്നു. ചീഞ്ഞുനാറിയ സങ്കല്പങ്ങളെ അതി ശക്തമായി തടുത്തു നിർത്തുക തന്നെ വേണം അതുകൊണ്ട് തന്നെ നൈർമ്മല്യത്തിൻെറ പൊയ്മുഖമണിഞ്ഞ പ്രണയ ഭാവങ്ങളെ പുഴയോരത്തു തന്നെ ഉപേക്ഷിച്ച് ഉരുകുന്ന താർമണമുള്ള തെരുവിലേക്ക് പുതിയ പ്രണയ ബന്ധങ്ങൾ വഴിമാറി നടന്നിരിക്കുന്നു.

പ്രണയത്തിൻെറ ഗന്ധമാദന രഥ്യയിലൂടെയും ഒരു വിപരീത സഞ്ചാരമാണിത്. ഇന്നലത്തെ നിഴലിനും നീലനിലാവിനും വിടനല്കുന്ന കവി, പൂമണമുലാവുന്ന പൂന്തോപ്പിലേക്കല്ല, താറുരുകും തെരുവിലേക്കാണ് പ്രണയത്തെ ക്ഷണിക്കുന്നത്. അവിടെ മൃദുഗീതമല്ല, രണഭേരിയാണ് മുഴങ്ങുന്നത്. പ്രണയത്തിന് കടുംനിറം പകരാൻ കാലം ആവശ്യപ്പെടുന്നു. ചൈത്ര രഥ വീഥികളിൽ ശിശിരം വിറപ്പിക്കുന്നൊരു ഒററമുലച്ചിയായി നമ്മെ കാത്തിരിക്കുന്നു, പ്രലോഭിപ്പിക്കുവാൻ ഇവിടെ പ്രണയം കമ്രശോക സ്ഫടിക വളയാണ് ഒന്നു പൊട്ടിയാൽ മറെറാന്ന് അത്ര തന്നെ.

ഐതിഹാസികമായ പ്രണയത്തിൻെറ ഏകാന്ത നിഗൂഢതയല്ല സംഘമഹാബോധമാണിന്നാവശ്യം അക്കാദമി ഹാളിൽ ഫെമിനിസ്ററു ചിന്തകൾ ഇടിമുഴക്കം സൃഷ്ടിക്കുമ്പോഴും കവികണ്ഠങ്ങളിൽ രാധയെവിടെ എന്ന ചോദ്യം ഉണ്ടായിരുന്നു. ഇന്ന് രാസകേളിയേക്കാൾ ജാഗരണ ബോധമാണാവശ്യം. അതിന് സ്വയം പാകപ്പെടാൻ കവി ആഹ്വാനം ചെയ്യുന്നു. *എൻെറ വധു* എന്ന രചനയിൽ അന്യം നിന്ന് പോവാറായ പുരാവൃത്ത വധുസങ്കല്പത്തിൻെറ ദൗർബല്യമെന്ന സൗന്ദര്യമല്ല അനാവരണം ചെയ്യപ്പെടുന്നത്. പൊങ്ങച്ച സഞ്ചിയിൽ കൊണ്ടു നടക്കുന്ന നവോഢത്വവുമല്ല സാന്ത്വനത്തിൻേറയും സ്വാതന്ത്ര്യത്തിൻേറയും കരുത്താർന്ന ഉന്മിഷത്ഭാവവും ഉയർച്ചയുമാണ്. അപ്പൊഴും മിഥുനത്തിനപ്പുറം കർക്കടകമുണ്ടെന്ന് മറക്കാനുള്ള വ്യാമൂഢത കവിക്കില്ല. നല്ല വെണ്മയിൽ കരിതേക്കുന്ന കാലമാണല്ലോ അത്. പ്രതിജ്ഞയിൽ സൂര്യോർജ്ജം ആവാഹിച്ച് കവി പാടുന്നു.

*അപ്പൊഴും പ്രാണസ്പന്ദനകോടി കൊ-*
*ണ്ടെൻെറയോർമ്മയിൽ നിന്നെ ഞാൻ*
*സ്വന്തമാക്കും നിതാന്ത നിരാശയിൽ*
*കെട്ടു പോകാതിരിക്കുവാൻ*
*അപ്പൊഴും സ്നേഹ ദാരുണ രശ്മി കൊ-*
*ണ്ടെൻെറ യുണ്മയിൽ നിന്നെ ഞാൻ*
*വീണ്ടെടുക്കും, വിനാശക്കയങ്ങളിൽ*
*വീണടിയാതിരിക്കുവാൻ......*

ഹിംസ, പട്ടാന്നൂർ കവിതയിൽ ഒരു രാക്ഷസി ശക്തിയായി സാന്നിദ്ധ്യം തെളിയിക്കുന്നു. സ്ത്രീയുടെ സമസ്ത സ്വാതന്ത്ര്യങ്ങൾക്കും അതു കൂച്ചുവിലങ്ങിടുന്നു. പട്ടാന്നൂരിൻെറ സ്ത്രീപക്ഷ രചനകൾ രക്തത്തിൻേറയും അഗ്നിയുടേയും അക്ഷരങ്ങൾ കൊണ്ട് അടയാളപ്പെടുവാൻ ഇതാണ് കാരണം. ഹിംസയുടെ അമ്പരപ്പിക്കുന്ന ബിംബാവലികൾ ഇത്തരം കവിതകളിൽ പല ഭാവരൂപങ്ങളിൽ പ്രത്യക്ഷപ്പെടുന്നത് കാണാം. *സുകന്യയുടെ ഈ നേരങ്ങൾ* എന്ന രചന മാത്രം ശ്രദ്ധിച്ചാൽ ഇക്കാര്യം മനസ്സിലാവും. *ഒററച്ചിലമ്പിൽ ഇനിയുമൊരു പ്രതികാര വേഗം* എന്ന പരാമർശത്തിലൂടെ കണ്ണകിയുടെ പുരാവൃത്തത്തിലെ പ്രതിഷേധ കൊടുങ്കാററിൻെറ ആവേശം സൃഷ്ടിക്കാൻ കവിക്ക് അനായാസം കഴിയും.

മലയാള കാവ്യമേഖലയ്ക്ക് ഏറെ പരിചയമില്ലാത്ത വിഷയവും രചനാപദ്ധതിയുമാണ് പട്ടാന്നൂർ സ്വീകരിക്കുന്നത്. അതുകൊണ്ട് തന്നെ അദ്ദേഹത്തിൻെറ രചനകൾ ഇനിയും ഏറെ വിലയിരുത്തപ്പെടേതുണ്ട്. കാലം ആ ബാധ്യത ഏറെറടുക്കുമെന്നും കരുതട്ടെ. പ്രസ്തുത ദൗത്യം സാർത്ഥകമാക്കുവാൻ പഴയ വ്യാഖ്യാനങ്ങളിൽ നിന്ന് ഏറെ വ്യതിചലിച്ചേ മതിയാവൂ. പുത്രവിധേയ ദുഃഖത്തിൻെറ കല്ലുകണ്ണാടിയിൽ നിഴലിച്ചു വരുന്ന പുത്രനെ വീണ്ടും വില്ലുകൊടുക്കാനുഴറിയ വീര്യം എന്നു വിശേഷിപ്പിക്കുമ്പോൾ അമ്പു തൊടുക്കാനെന്ന് കേട്ട് ശീലിച്ച കാതിന് അമ്പരപ്പുണ്ടാകാം . പ്രതികാര ജ്യാനാദമുണർത്താനുള്ള ഈ പ്രയോഗത്തിൻെറ സമാർത്ഥ്യം കവി തിരിച്ചറിഞ്ഞിരിക്കുന്നു.

ഓർമ്മതൻ തൊട്ടിലിൽ ഉയിരീണം കൊണ്ട് താരാട്ടുന്ന അമ്മ പടകഴിഞ്ഞെത്തുന്ന മകനു നേരെ പടിവാതിൽ കൊട്ടിയടക്കുമോ? കുപുത്രോ ജായേത ക്വചിദപി കുമാതാന ഭവതി എന്ന മാതൃപരമായ ദർശനത്തെ കവി പ്രതിക്കൂട്ടിൽ കയററുകയാണോ അല്ല പ്രതിക്കൂട്ടിൽ കയറുന്നത് അപ്രതിരോധ്യമായ മോചനത്തിനാണ്. ഒടുവിൽ തടവറ തകരും സ്വപ്നവുമായി മകൻെറ തിരിച്ചു വരവായി, കൽത്തറയിൽ കാത്തിരിക്കുന്നവളുടെ മുന്നിൽ ബാഷ്പാജ്ഞലിയർപ്പിക്കാൻ.

**സ്ത്രീയുടെ സ്വത്വ സംരക്ഷണത്തിൽ ഇതിഹാസങ്ങൾ നിഷ്കർഷിച്ച നിയമങ്ങൾ ഇന്നു തീർത്തും അപ്രസക്തമായിരിക്കുന്നു- പിതാവും , ഭർത്താവും, പുത്രനും സ്ത്രീക്കിന്ന് തുറന്ന ജയിൽ സൃഷ്ടിക്കുകയാണ്. അല്ലെങ്കിൽ നിയുക്ത കൃത്യങ്ങൾ മാത്രം ചെയ്യാൻ ശാസിക്കപ്പെട്ടിരിക്കുന്നു. കുതിരക്കണ്ണടവെച്ച ജീവിതങ്ങൾ, ശിലയാവാൻ തലവിധിയുള്ള ശീലാവതികൾ, എല്ലാ പണികളും ചെയ്യാൻ വിധിക്കപ്പെട്ട അബലകൾ, തീരമില്ലാ തടാകബന്ധത്തിലെ ചീങ്കണ്ണികൾ. ജാതിമതങ്ങളും ലിംഗഭേദങ്ങളും അവർക്കു ചുററും മതിൽ തീർത്തിരിക്കുന്നു.** അപ്പോഴും തടവറ്.ക്കു പുറത്തെ ഇളംപിറ വെളിച്ചം അവർ പ്രതീക്ഷയോടെ കാണുന്നു. എന്നാൽ അവളുടെ നടവഴിയിൽ അവൻ തടസ്സം നില്ക്കുന്ന. മറുവഴിയിലും കുറുവഴിയിലും ഇവിടെ സ്വയം രക്ഷ കരുതിയിരിക്കാൻ കവിയുടെ ആഹ്വാനം കേൾക്കാം.

*പെൺപിറന്നവളേ നിനക്കുനീയേ തുണ*
*തുണയായാലും തണലായാലും അപരന്മാരെന്തോറില്ലെന്നറിക*

ഉദ്ധരേദാത്മനാത്മാനം എന്ന് ഗൈർവാണി. എന്തെന്നാൽ പട്ടാനൂർ തന്നെ പറഞ്ഞു വെക്കുന്നപോലെ *നാളെയിൽ പൂക്കുവാനാകുന്നു മോളേ* ഈ ജീവിതം - മൂലധനത്തിൻെറ കുത്തൊഴുക്കിൽ മൂല്യവും പ്രതിരോധവും ഒഴുകിപ്പോവുന്ന കാലത്ത് നിരാശയുടെ ഒററത്തുരുത്തിൽ ഇരിക്കേണ്ടതല്ല പെൺജീവിതം. സമതയുടെ മാനവിക സംഗീതമുണരുമ്പോൾ മാത്രമേ സ്വാതന്ത്ര്യത്തിൻെറ പെണ്ണവകാശവും സാധ്യമാവുകയുള്ളൂ. അവൾ തിളയ്ക്കുന്ന കടലാണ്; മരുഭൂമിയെ തളിർപ്പിക്കും സ്നേഹമാണ്. സ്വയം കെട്ടിയിട്ട കൊടുങ്കാററാണ്. സ്വപ്നങ്ങളുടെ പർവ്വതമാണ്. ഈ യാഥാർത്ഥ്യങ്ങളെ തിരിച്ചറിയുന്ന പ്രതീക്ഷാനിർഭരമായ കവിതകളാണ് കുഞ്ഞപ്പ പട്ടാനൂരിൻേറത്.



# കീഴാള സാമൂഹ്യ നവോത്ഥാന പ്രസ്ഥാനങ്ങൾ കേരളീയ പരിസരത്തിൽ



**ഷീജ നരോത്ത്**
*മഹാത്മാഗാന്ധി കോളജ്,ഇരിട്ടി*

കേരളത്തിലെ ജാതിവിരുദ്ധ സമരങ്ങളുടെ സാമാന്യമായ സ്വഭാവത്തെ നിരീക്ഷിച്ചാൽ അവയേറെയും സമുദായ പരിഷ്കരണത്തെ കേന്ദ്രീകരിച്ചാണ് നടന്നിട്ടുള്ളതെന്ന് കാണാം. എന്നാൽ ബ്രാഹ്മണാധിപത്യത്തിന്റെ വേരറുക്കുന്ന ബദൽ പ്രത്യയശാസ്ത്രങ്ങൾ മുന്നോട്ടുവെക്കാൻ അന്നത്തെ സാമൂഹ്യപരിഷ്കർത്താക്കൾക്ക് ഏറെയൊന്നും കഴിഞ്ഞില്ല. നാട്ടറിവിന്റെ വൈവിധ്യവും സമൃദ്ധിയും കൊണ്ട് ബ്രാഹ്മണാധികാരത്തെയും അതിന്റെ സംസ്കാരത്തെയും നേരിടാൻ കഴിയാതെ പോയത് നമ്മുടെ നവോത്ഥാന പ്രവർത്തനങ്ങളിലെ ഏറ്റവും വലിയ പോരായ്മയാണ്

'നവോത്ഥാനം' എന്ന പദം സാമൂഹികമായ തിരിച്ചറിവിന്റെ പ്രയോഗത്തെയാണ് സൂചിപ്പിക്കുന്നത്. ചെറുത്തുനില്പിന്റെയും വിമോചനത്തിന്റെയും ആയുധമാണത്. ജനകീയവും ജാതിരഹിതവും മതനിരപേക്ഷവുമായ ഒരു ആധുനിക സമൂഹം സൃഷ്ടിക്കുക എന്നതാണ് നവോത്ഥാനത്തിന്റെ ലക്ഷ്യം. ആ കാലഘട്ടത്തിൽ നടന്ന നിരവധി സമരങ്ങൾ നവോത്ഥാനത്തിന് ശക്തിപകരുകയുണ്ടായി. അസ്പൃശ്യരുടെ ആത്മാഭിമാനം തകർക്കപ്പെടുന്ന സാമൂഹ്യ സാഹചര്യമാണ് മുമ്പുണ്ടായിരുന്നത്. കീഴാള നവോത്ഥാനത്തിന്റെ ലക്ഷ്യം ആത്മാഭിമാനം, സമത്വം, സ്വാതന്ത്ര്യം എന്നിവ നേടിയെടുക്കുകയാണ്.

നാടുവാഴിത്ത സാമ്പത്തിക സാമൂഹ്യഘടനയിലെ വിച്ഛേദനം കേരളത്തിലുണ്ടായത് നവോത്ഥാന കാലഘട്ടത്തിലാണ്. ജാതി-മത അകലങ്ങൾക്കപ്പുറമുള്ള അടുപ്പവും ഈ കാലഘട്ടത്തിൽ നിലവിൽ വന്നു. കൊളോണിയലിസത്തിന്റെ വൈജ്ഞാനിക യുക്തിയാണ് നവോത്ഥാനം. മതാത്മകവും വൈദികവുമായ അവസ്ഥയിൽ നിന്ന് മനുഷ്യകേന്ദ്രിതമായ ഒരവസ്ഥയിലേക്ക് അത് സമൂഹത്തെ മാറ്റിയെടുത്തു. മാനവവാദമാണ് നവോത്ഥാനത്തിന്റെ സവിശേഷത. മാനവികതയിലേക്ക് എത്തിപ്പെടാതിരിക്കുമ്പോഴാണ് കീഴാളനും അധകൃതനും ദളിതനുമായി മനുഷ്യൻ അകറ്റിനിർത്തപ്പെടുന്നത്. പൂർവ്വനിർമ്മിതമായ ഈ സാമൂഹിക ക്രമത്തിന് നവോത്ഥാനത്തിനുശേഷം മാറ്റം വന്നു. ഉല്പാദന ഉപകരണങ്ങളിൽ വന്ന മാറ്റമാണ് അതിനു കാരണം.

കീഴാളരുടെ ആഭ്യന്തര ഉണർവ്വുകളിൽ നിന്നാണ് കേരളീയ നവോത്ഥാനം ഉയർന്നുവന്നത്. കീഴാളരുടെ നിയമസഭാ പ്രാതിനിധ്യവും വിജ്ഞാനപരമായ മുന്നേറ്റവും ഇതിന് തെളിവാണ്. നവോത്ഥാനത്തിന്റെ അലയടികൾ കേരളീയ സമൂഹത്തെ ഇളക്കിമറിച്ചുകൊണ്ടിരുന്ന ഒരു കാലഘട്ടത്തിലാണ് ശിവയോഗി മതാതീതമായ ആത്മീയതയിൽ ഉറച്ചുനിന്നുകൊണ്ട് ആനന്ദമതമെന്ന പുതിയ പ്രസ്ഥാനത്തിന് രൂപം നൽകിയത്. മതവും മതസിദ്ധാന്തവും ആചാരാനുഷ്ഠാനങ്ങളിൽ കുരുക്കി ജനമനസ്സുകളെ വിരൂപമാക്കിയപ്പോൾ അതിന്റെ പിടിയിൽ നിന്ന് ജനതതിയെ മോചിപ്പിക്കുക എന്നതായിരുന്നു ആനന്ദമതത്തിന്റെ ലക്ഷ്യം.

ജാതി-മത നാടുവാഴിത്ത വ്യവസ്ഥയ്ക്കും അതിന്റെ ഈശ്വരകേന്ദ്രിതമായ മുഴുവൻ പ്രത്യയശാസ്ത്രചിന്തയ്ക്കുമെതിരെ മനുഷ്യകേന്ദ്രിതവും മതാതീതവുമായ ഉണർവ്വുകളെ സമൂഹത്തിൽ ഉയർത്തുക എന്നതാണ് ശിവയോഗിയുടെ വിചാരവിപ്ലവം ഏറ്റെടുത്ത ചരിത്രദൗത്യം. അത് കേരള നവോത്ഥാനത്തിന്റെ ആശയാടിത്തറയായി പരിണമിച്ചിരുന്നു.

മനുഷ്യവിരുദ്ധവും നിഷേധാത്മകവുമായ ആശയങ്ങളോട് വിട്ടുവീഴ്ചയില്ലാതെ ക

ലഹിക്കുക എന്നതാണ് സാമൂഹിക പരിവർത്തനത്തിനുവേണ്ടി വാദിക്കുന്ന വ്യക്തികളുടെയും ദർശനങ്ങളുടെയും മുഖമുദ്രയെന്ന് നവോത്ഥാന നവീകരണ പ്രസ്ഥാനങ്ങളുടെ ചരിത്രം പരിശോധിച്ചാൽ ബോധ്യപ്പെടും. കേരളത്തിലെ അധഃസ്ഥിത വർഗങ്ങളുടെ നവോത്ഥാന പ്രസ്ഥാനങ്ങൾ അയ്യങ്കാളിയുടെ കാലത്തോടുകൂടിയാണ് ആരംഭിക്കുന്നത്. മാർക്സിയൻ ചിന്താഗതിയും ട്രേഡ്യൂണിയൻ പ്രസ്ഥാനങ്ങളും അപരിചിതമായിരുന്ന കാലത്താണ് അയ്യങ്കാളി പണിമുടക്ക് സമരത്തിന് കീഴാളർക്ക് ആഹ്വാനം നൽകിയത്.

വില്ലുവണ്ടി സമരവും കാർഷിക പണിമുടക്കും തൊണ്ണൂറാമാണ്ട് ലഹളയുമൊക്കെ മേലാള നിലപാടുകൾക്കെതിരെയുള്ള ശക്തമായ പ്രതിഷേധങ്ങളായിരുന്നു. 1907ൽ അയ്യങ്കാളിയുടെ നേതൃത്വത്തിൽ എല്ലാ അയിത്തവർഗക്കാരെയും പ്രതിനിധീകരിക്കുന്ന 'സാധുജനപരിപാലനസംഘം' രൂപീകൃതമായി.

അയ്യങ്കാളിയെപ്പോലെ കെ.പി. കറുപ്പൻ, പൊയ്കയിൽ യോഹന്നാൻ, പാമ്പാടി ജോൺ ജോസഫ്, ആനന്ദതീർത്ഥൻ, വാഗ്ഭടാനന്ദഗുരു എന്നിവരൊക്കെ ആ കാലഘട്ടത്തെ ചലനാത്മകമാക്കി. ശ്രീനാരായണ ധർമ്മ പരിപാലനസംഘം ചേരമർ കരയോഗ പ്രസ്ഥാനം തുടങ്ങിയ സംഘടനകളും കീഴാളർക്ക് വേണ്ടിയുള്ള ചെറുത്തുനില്പുകളെ ആവേശഭരിതമാക്കിയിരുന്നു.

1913-ൽ കൊച്ചിയിൽ പുലയർ മഹാസഭ രൂപീകരിച്ച് പ്രവർത്തനം ശക്തിപ്പെട്ടതോടെയാണ് സാമൂഹ്യസാമ്പത്തിക രംഗങ്ങളിൽ കാര്യമായ പുരോഗതിയുണ്ടായത്. 1924-ലെ വൈക്കം സത്യാഗ്രഹവും 1913-ലെ ഗുരുവായൂർ സത്യാഗ്രഹവും സവർണ്ണരുടെയും അവർണ്ണരുടെയും ഇടയ്ക്കുള്ള സാങ്കല്പിക മതിൽകെട്ടുകളുടെ അടിത്തറയിളക്കാൻ പര്യാപ്തമായിരുന്നു.

ജാതിവിരുദ്ധ പ്രക്ഷോഭങ്ങളിലെ സവർണ്ണ പങ്കാളിത്തം ഏറെ ശ്രദ്ധേയമാണ്. ഇ.എം.എസ്. 1944ൽ നടത്തിയ ഓമല്ലൂർ പ്രസംഗത്തിൽ മനുഷ്യരാവണമെങ്കിൽ നിങ്ങൾ സ്വയം ദളിത് വൽക്കരണത്തിന് വിധേയരാവണമെന്ന് നമ്പൂതിരിമാരോട് ആഹ്വാനം ചെയ്യുകയുണ്ടായി. മിശ്രഭോജനവും മിശ്രവിവാഹവും നടത്തി സഹോദരൻ അയ്യപ്പനും വാഗ്ഭടാനന്ദനും ജാതിചിന്തകൾക്കെതിരെ പ്രതികരിച്ചു.

'ജാതിക്കുമ്മി'യും 'ബാലകലേശ നാടകവും' അയിത്തവർഗക്കാർക്ക് അറിവും ആവേശവും പകർന്നിരിക്കു



ന്നു. ജാതിമതഭേദ ചിന്തകൾക്കതീതമായൊരു മനുഷ്യസങ്കല്പത്തിലൂന്നുകയും ജനാധിപത്യപരമായൊരു സാമൂഹ്യനിർമ്മിതിയിലേക്ക് കേരളത്തെ ചലിപ്പിക്കുകയും ചെയ്ത നാരായണ ഗുരു ഏതെങ്കിലും പ്രത്യേകമതത്തിന്റെ വക്താവായിരുന്നില്ല.

കേരളീയ സമൂഹത്തിന്റെ ജാത്യാധിഷ്ഠിതമായ പുനർരൂപീകരണപ്രക്രിയ തുറന്നുകാണിച്ചും ബ്രാഹ്മണിസത്തെ നിശിതമായി വിമർശിച്ചും 1989-ൽ 'അധസ്ഥിത നവോത്ഥാനമുന്നണി' മനുസ്മൃതി ചുട്ടെരിച്ചുകൊണ്ട് പ്രത്യയശാസ്ത്രപരവും പ്രായോഗികവുമായി നടത്തിയ ഇടപെടൽ ശ്രദ്ധേയമാണ്. ഇതോടെ വംശത്തിന്റെയും ദേശത്തിന്റെയും സ്ഥാനത്ത് ജാതി മുഖ്യപ്രശ്നമായി സൃഷ്ടിക്കപ്പെടുകയും ജാതിവിരുദ്ധമായൊരു ദലിത് പ്രവർത്തനമണ്ഡലം രൂപപ്പെടുകയും ചെയ്തു. ജാതിവിവേചനങ്ങൾക്കും ഉച്ചനീചത്വത്തിനുമെതിരെ നടന്ന എണ്ണമറ്റ പ്രക്ഷോഭങ്ങളിലൂടെയും അവകാശ സമരങ്ങളിലൂടെയുമാണ് കേരളത്തിലെ ദലിതർ തനതായൊരു അസ്തിത്വം നേടിയെടുത്തത്.

'സരസ്വതിക്ക് തീണ്ടലില്ല' എന്നു പറഞ്ഞ് എല്ലാ വിഭാഗങ്ങളെയും ഒന്നിച്ചിരുത്തി പുന്നശ്ശേരി നമ്പി സംസ്കൃതം പഠിപ്പിച്ചു. വിദ്യയെ വ്യക്ത്യധിഷ്ഠിതമാക്കിയിരുന്ന സവർണ്ണ വരേണ്യകാഴ്ചപ്പാടാണ് ഇവിടെ തിരസ്കരിക്കപ്പെട്ടത്. വിദ്യയുടെ നിഗൂഢവൽക്കരണത്തെ ഇതിലൂടെ തകർക്കാൻ സാധിച്ചു. ദലിതന്റെ ഭാഷയും സാഹിത്യവും മനുഷ്യകുലത്തിൽ നിന്നും അകറ്റി നിർത്തപ്പെട്ട സാംസ്കാരികതയെയാണ് പ്രതിനിധീകരിക്കുന്നത്. 1970-ൽ രൂപീകരിച്ച 'ദലിത് പാന്തേഴ്സ്' എന്ന സംഘടന ദലിത് എന്ന പ്രയോഗത്തെ ജനകീയമാക്കി. മുഖ്യധാര പാർശ്വവൽക്കരിച്ച ദലിത് ജീവിതാനുഭവത്തെ രാഷ്ട്രീയ വ്യവഹാരമാക്കാൻ അതോടെ സാധിച്ചു. രാഷ്ട്രീയമായി ജഡപൂർണ്ണമായ മറ്റു വ്യവഹാരങ്ങളെ നിഷേധിച്ച് ആധികാരികവും ചലനക്ഷമവുമായ സംവർഗ്ഗമായി ദലിത് എന്ന സംജ്ഞ മാറി.

നവോത്ഥാനദിശയിൽ മനുഷ്യപദവികൾക്കുവേണ്ടിയുള്ള യഥാർത്ഥ സംഘർഷങ്ങൾ രൂപപ്പെടുത്തിയത് കീഴാള ജനതയുടെ മുന്നേറ്റങ്ങളായിരുന്നു. 19-ാം നൂറ്റാണ്ടിലും 20-ാം നൂറ്റാണ്ടിലും അവർണ്ണ ന്യൂനപക്ഷ വിഭാഗങ്ങളിൽ നിന്നാരംഭിച്ച ചെറുപ്രസിദ്ധീകരണങ്ങളും പ്രചാരണങ്ങളും ദേശീയ പ്രസ്ഥാനത്തിന്റെ സവർണ്ണ മേൽക്കോയ്മയെ പ്രശ്നവൽക്കരിച്ചു. 1914-ൽ അയ്യങ്കാളിയുടെ സാധുജനപരിപാലനസംഘം 'സാധുജനപരിപാലിനി' എന്ന ചെറുപ്രസിദ്ധീകരണം ആരംഭിച്ചു. പുലയരുടെ സാമൂഹ്യമായ അവശതകൾ പരിഹരിക്കുന്നതിന് മധ്യതിരുവിതാംകൂറിൽ 1911 കാലഘട്ടത്തിൽ വെള്ളിക്കര ചോതിയുടെ പ്രവർത്തനം വളരെയേറെ സഹായിച്ചിട്ടുണ്ട്. സാധുജനപരിപാലന സംഘത്തിന്റെ ചുവടുപിടിച്ചാണ് കൊച്ചിയിലെ പുലയർ 'കൊച്ചി പുലയജനസഭ' എന്നൊരു സംഘടന 1913-ൽ സ്ഥാപിച്ചത്. കണ്ണൂരിലെ സുമുഖൻ കൊയിലേരിയൻ എന്ന പുലയ നേതാവ് നടത്തിയ നിയമപോരാട്ടങ്ങളും കേരളത്തിൽ അയിത്തജാതിക്കാരുടെ ഉന്നമനത്തിനായുള്ള പ്രവർത്തനങ്ങളിൽ ശ്രദ്ധേയമാണ്. മിഷണറിമാരുടെ പ്രവർത്തനങ്ങളും ഹരിജനോദ്ധാരണത്തിനുള്ള പശ്ചാത്തലം സൃഷ്ടിക്കുകയുണ്ടായി.

കേരളത്തെ മൊത്തം ബാധിച്ചിരുന്ന അധീശത്വഘടനയെ പ്രതിരോധിച്ചത് 1960കളിൽ രൂപപ്പെട്ട ദലിത് പ്രസ്ഥാനങ്ങളും പ്രസിദ്ധീകരണങ്ങളുമാണ്. പാമ്പാടി ജോൺ ജോസഫ് 'ചേരമർദൂത്' എന്ന പ്രസിദ്ധീകരണമാരംഭിച്ചു. പൊയ്കയിൽ അപ്പച്ചനും പാമ്പാടി ജോൺ ജോസഫും അക്കാലത്ത് 'മനോരമ പോലുള്ള സ്ഥാപനങ്ങളോട് അടുപ്പം പുലർത്തി തങ്ങളുടെ സമുദായത്തിന്റെ പ്രശ്നങ്ങൾ ഉന്നയിച്ചിരുന്നു. നവോത്ഥാനത്തിനു ശേഷം ശൂദ്രാധിഷ്ഠിത സമുദായങ്ങൾക്ക് പ്രാമാണ്യമുള്ള സാമൂഹ്യ വ്യവസ്ഥിതിയാണ് നിലവിൽ വന്നത്. കേരളത്തിലെ അധികാര രാഷ്ട്രീയ ഘടനയിൽ നിന്നും സമുദായമെന്ന നിലയിൽ തങ്ങൾ അപ്രത്യക്ഷരായെന്ന് തിരിച്ചറിഞ്ഞ ദളിതരുടെ ചെറു പ്രസ്ഥാനങ്ങൾ നിരന്തരം സമരങ്ങളും സംശയങ്ങളുമായി പൊതുരംഗത്ത് കടന്നുവന്നു.

ദലിത് സംഘടനകൾ ഉന്നയിച്ച ആശങ്കകളെ മുഖ്യധാരാ മാധ്യമങ്ങളും പുരോഗമന പ്രസിദ്ധീകരണങ്ങളും

അപ്പാടെ നിരാകരിക്കുകയായിരുന്നു. ഈ പശ്ചാത്തലത്തിലാണ് ദലിതർ സ്വന്തമായി പ്രസിദ്ധീകരണങ്ങൾ ആരംഭിച്ചത്. 1963ൽ പ്രത്യക്ഷ രക്ഷാ ദൈവസഭ 'ആദിയാർ ദീപം' എന്ന പ്രസിദ്ധീകരണമാരംഭിച്ചു. 1970-കളിൽ കല്ലറ സുകുമാരന്റെ നേതൃത്വത്തിലുണ്ടായ പ്രവർത്തനങ്ങളിലൂടെ ദലിതരെ ബോധവൽക്കരിക്കുകയുണ്ടായി. അയ്യങ്കാളിക്കും പൊയ്കയിൽ അപ്പച്ചനും പാമ്പാടി ജോൺ ജോസഫിനും ശേഷം ദലിതരുടെ അന്യവൽക്കരണത്തെ പ്രവാചകതുല്യം തിരിച്ചറിഞ്ഞ വ്യക്തിയാണ് കല്ലറ സുകുമാരൻ.

1975ൽ പ്രസിദ്ധീകരിച്ച സീഡിയൻ മാസികയെ പുതിയ ദലിത് അവബോധത്തിന്റെ ഏറ്റവും ഉയർന്ന പ്രതിനിധാനമായി കാണാവുന്നതാണ്. തുടർന്ന് ഫോർസ്, അധസ്ഥിത നവോത്ഥാനമുന്നണി ബുള്ളറ്റിൻ, സൂചകം, ഗോത്രഭൂമി, ദലിത്‌വോയ്സ്, ബഹുജൻ വാർത്ത, സ്വാതന്ത്ര്യ നാട്ടുവിശേഷം എന്നിങ്ങനെ നിരവധി ചെറുപ്രസിദ്ധീകരണങ്ങൾ കീഴാളർക്ക് പ്രതിഷേധിക്കാനും പ്രതികരിക്കാനുമുള്ള അവസരമൊരുക്കി. എല്ലാതരം പാർശ്വവൽകൃതർക്കും മാനുഷിക പരിഗണന കിട്ടുന്ന പുത്തൻ സംവാദമണ്ഡലം കേരളത്തിൽ ഉദയം കൊണ്ടു. കീഴാളരുടെ പ്രതിനിധാനങ്ങൾ സവിശേഷമായ സമ്പ്രതീകാവിഷ്കാരങ്ങളിലൂടെ ജാതിവ്യവസ്ഥയുടെ മൂല്യങ്ങളെ അട്ടിമറിക്കുകയുണ്ടായി. ഈഴവശിവ പ്രതിഷ്ഠ (നാരായണഗുരു), ജാതിരക്ഷാ ദഹനം (സഹോദരൻ അയ്യപ്പൻ), വില്ലുവണ്ടിയാത്ര (അയ്യങ്കാളി), പ്രത്യക്ഷരക്ഷാദൈവ പ്രഖ്യാപനം (പൊയ്കയിൽ അപ്പച്ചൻ) എന്നിവയിലൂടെ ചാതുർവർണ്യവ്യവസ്ഥയുടെ സനാതനത്വമാണ് നിരസിക്കപ്പെട്ടത്. അയിത്തജാതിക്കാർ സഞ്ചാരസ്വാതന്ത്ര്യത്തിനും ആചാരപരിഷ്കരണങ്ങൾക്കും ഭൂമിക്കും വിദ്യാഭ്യാസത്തിനും വേണ്ടി മുറവിളി കൂട്ടിയിരുന്നു. മനുഷ്യസഹനത്തെക്കുറിച്ചുള്ള ഏറ്റവും ദുരന്തപൂർണ്ണമായ ഓർമകളെ പുനരാവിഷ്കരിച്ചുകൊണ്ടാണ് പൊയ്കയിൽ അപ്പച്ചൻ കടന്നുവന്നത്. സവർണ്ണക്രൈസ്തവ സഭയുടെ ധാർമ്മികമായ അവകാശവാദങ്ങളെ അദ്ദേഹം വെല്ലുവിളിച്ചു. അതിന്റെ പേരിൽ കോടതി വിചാരണകളെ നേരിടേണ്ടിവന്നു. ഈ വിചാരണവേളയിൽ താൻ പ്രത്യക്ഷരക്ഷാദൈവമാണെന്നും തന്റെ കൂട്ടർ പ്രത്യക്ഷരക്ഷാദൈവസഭക്കാരാണെന്നും അദ്ദേഹം പ്രഖ്യാപിച്ചു.



പൊയ്കയിൽ അപ്പച്ചന്റെ കൃതികൾ വാമൊഴി സാഹിത്യമായിരുന്നില്ല. എന്നിട്ടും അവ പ്രസിദ്ധീകരിക്കപ്പെട്ടില്ല. പിന്നീട് വിശ്വാസികളുടെ പാട്ടുകളിലൂടെയും പറച്ചിലുകളിലൂടെയുമാണ് അവ ലഭ്യമായത്. അദ്ദേഹം അവതരിപ്പിച്ചത് സവർണ്ണഹിന്ദു ക്രൈസ്തവ മധ്യാധിഷ്ഠിത വ്യവഹാരത്തിൽ നിന്നും ഭിന്നമായ ജ്ഞാനദർശനമാണ്. അപ്പച്ചൻ ഉന്നയിച്ച ജ്ഞാനവിഷയങ്ങൾ 'പ്രത്യക്ഷരക്ഷാദൈവസഭ'യെന്ന വാഹകരിലൂടെയാണ് അപ്രത്യക്ഷതയെ മറികടന്നത്. അദ്ദേഹം ഉന്നയിച്ച 'അനാഥത്വം' എന്ന അനുഭവവും 'അടിമാനുഭവം' എന്ന ഓർമ്മയും മേലാള ആധിപത്യവ്യവസ്ഥയിൽ മനുഷ്യരായി ഇടംകിട്ടാത്തവരുടെ ദുരിതങ്ങളെയാണ് അടയാളപ്പെടുത്തിയത്.

70 കൾ മുതലാണ് കേരളത്തിൽ ദലിത് സമരങ്ങളും ശബ്ദങ്ങളും സ്വതന്ത്രമായി ഉയരാൻ തുടങ്ങിയത്. 80 കളിൽ ഉയർന്നുവന്ന ദലിത് പ്രസ്ഥാനം ബഹുജന പ്രക്ഷോഭങ്ങൾക്ക് നേതൃത്വം നൽകിയിരുന്നു. എഴുത്തിലും വായനയിലും തനതായ ഒരു മുന്നേറ്റമുണ്ടാക്കാൻ അവർ ശ്രമിച്ചു. അപരവല്ക്കരിക്കപ്പെട്ടവരുടെ അനുഭവങ്ങൾ അതോടെ ചരിത്രവസ്തുതയായി മാറി. നവോത്ഥാനാനന്തര കാലഘട്ടത്തിലാണ് സംഘടിത പ്രസ്ഥാനങ്ങൾ സാമൂഹിക വിപ്ലവാശയങ്ങളെ ഉദ്ഗ്രഥനം ചെയ്യുമെന്ന കാഴ്ചപ്പാട് പ്രബലമായിത്തീർന്നത്. ആധുനിക കേരളത്തിൽ നടന്ന മിക്കവാറും എല്ലാ രാഷ്ട്രീയ മുന്നേറ്റങ്ങളിലും കീഴാളജനതയുടെ പ്രാതിനിധ്യമുണ്ടായിരുന്നില്ലെങ്കിലും കേരളീയ പൊതുമണ്ഡലം ദലിത് സ്വത്വത്തെ നിരാകരിക്കുകയാണുണ്ടായത്. രണ്ടായിരത്തിനുശേഷമാണ് ദലിത് മുന്നേറ്റങ്ങളിൽ പൊതുസമൂഹത്തിന്റെ ശ്രദ്ധപതിഞ്ഞത്

*സഹായകഗ്രന്ഥങ്ങൾ*


1. ഡോ. ധർമ്മരാജ് അടാട്ട്, നവോത്ഥാനത്തിന്റെ സുവർണ്ണരേഖകൾ, ചിന്താ പബ്ലിഷേഴ്സ്, തിരുവനന്തപുരം.
2. ടി.എച്ച്.പി. ചെന്താരശ്ശേരി, അയ്യങ്കാളി, പ്രഭാത്ബുക്ക് ഹൗസ് തിരുവനന്തപുരം.
3. എൻ.കെ. ജോസ്, പുലയ ലഹള, ബഹുജൻ വാർത്താപ്രസിദ്ധീകരണം.
4. പ്രൊഫ. എൻ.കെ.സാനു, നാരായണ ഗുരുസ്വാമി, നാഷണൽ ബുക്ക് സ്റ്റാൾ, കോട്ടയം, 1986.
5. കെ.കെ. ബാബുരാജ്, മറ്റൊരു ജീവിതം സാധ്യമാണ്. സബ്ജക്ട് & ലാംഗ്വേജ് പ്രസ്സ്, കോട്ടയം, 2008.



## ബ്രാഞ്ച് സെക്രട്ടറിമാരുടെ ശ്രദ്ധയ്ക്ക്

2013 -14 വർഷത്തെ മെമ്പർഷിപ്പ് തുക
2013 ആഗസ്റ്റ് 31 നു മുമ്പ് സംസ്ഥാന ട്രഷററെ നേരിട്ടോ
തിരുവനന്തപുരത്ത് മാറാവുന്ന ഡി.ഡി ആയോ
എത്തിക്കേണ്ടതാണ്.

ട്രഷററുടെ മേൽവിലാസം
**പ്രൊഫ. ആർ.മോഹനകൃഷ്ണൻ**
ടി.സി.10/1967 (2), കെ.ആർ.ഡബ്ല്യു.എ -70
ശിവാരം, വട്ടിയൂർക്കാവ്, തിരുവനന്തപുരം -695013
